2003 July

Vol. L XXI Vol . 7
Price Rs. 10/-

**സേവന പാതയിൽ ഒന്നിച്ചു മുന്നേറാം**

## മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ
## മജ്‌ലിസ് അത്‌ഫാലുൽ അഹ്‌മദിയ്യാ

# സംസ്ഥാന ഇജ്തിമാഅ് 2003

**സെപ്റ്റംബർ 7, 8, 9 (ഞായർ, തിങ്കൾ, ചൊവ്വ)**

# കണ്ണൂർ ടൗൺ പള്ളി അങ്കണത്തിൽ

തർബിയ്യത്ത്, തഅ്‌ലിം ക്ലാസുകൾ

വൈജ്ഞാനിക ക്ലാസ്സുകൾ,

മത്സരങ്ങൾ

لا إله إلا الله محمد رسول الله

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**



പുസ്തകം 71
ലക്കം 7
ജൂലായ് 2003
വഫാ 1382
ജ:അവ്വൽ ജ. ആഖിർ 1424



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്

**സെക്രട്ടറി പീരിയോഡിക്കൽസ്**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


## ഉള്ളടക്കം


**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

ലേഖനം

**6** ***ശ്രീകൃഷ്ണനും ദിവ്യ വെളിപാടുകളും***
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**9** ***ശ്രീകൃഷ്ണൻ നമ്മുടെ നബി***
മദാർ അബ്ദുശ്ശക്കൂർ

**14** ***ദൈവത്തിന്റെ സത്ത***
ഹസ്റത്ത് മിർസാഗുലാം അഹ്മദ് (അ)

**17** ***മാനവസമത***
സർ സഫറുല്ലാഹ്ഖാൻ

**19** ***ചരിത്രപുരുഷനായ കൃഷ്ണനെത്തേടി***
എ. എം. മുഹമ്മദ് സലിം

**22** ***ഹസ്റത്ത് ഉസ്മാ (റ) നെതിരെയുള്ള ഗൂഢാലോചന***
മൗലാനാ ശൈഖ് മുബാറക് അഹ്മദ്

**27** ***ദാനിയേൽ പ്രവാചകനും പ്രവചനങ്ങളും***
യൂസഫ് തൃക്കടേരി

**33** ***ദജ്ജാൽ***
ഏ. പി. കുഞ്ഞാമു

**38** ***യേശുവിന്റെ ശരീരത്തിന് എന്ത് സംഭവിച്ചു?***
ഖലീഫത്തുൽ മസീഹ് IV

**41** കുറിപ്പുകൾ, അനുസ്മരണം, വാർത്തകൾ


മുഖചിത്രം : ***ദ്വാരകയിലെ അറബിക്കടലിന് അഭിമുഖമായി നിൽക്കുന്ന ശ്രീകൃഷ്ണക്ഷേത്രം - ആയിരം വർഷങ്ങൾക്ക് മുമ്പ് വജ്രനാഭ രാജാവ് പണി കഴിപ്പിച്ചത്.***


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut


## ഖുർആനിൽ നിന്ന്

"ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല" (35:25) "തീർച്ചയായും നിനക്ക് മുമ്പേ പല ദൂതന്മാരെയും നാം അയച്ചിട്ടുണ്ട്. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിരിക്കുന്നു. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിട്ടില്ല." (40:79).

## നബിവചനം

ഇന്ത്യയിൽ കാർവർണ്ണനായ ഒരു പ്രവാചകനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നാമം 'കാഹിന' (കണ്ണൻ) എന്നായിരുന്നു' (ദയ്‌ലമി).

# ഞാൻ കൃഷ്ണാവതാരം



**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

"ആര്യജനതയിൽ കൃഷ്ണൻ എന്ന പേരിൽ കഴിഞ്ഞു കടന്ന വ്യക്തി, അല്ലാഹുവിന്റെ വരിഷ്ഠദാസന്മാരിൽപ്പെട്ട ആ കാലത്തെ ഒരു നബിയായിരുന്നുവെന്ന് എനിക്ക് കശ്ഫിൽ (ആത്മീയ ദർശനത്തിൽ) പല തവണ അല്ലാഹുവിൽ നിന്നു അറിവു ലഭിച്ചിരിക്കുന്നു. ............ ഞാൻ മർയമിന്റെ മകൻ മസീഹിന്റെ രൂപത്തിലെന്നപോലെ രാജാകൃഷ്ണന്റെ രൂപത്തിലുമാണ് വന്നിരിക്കുന്നത്. അദ്ദേഹം ഹിന്ദുമതത്തിലെ എല്ലാ അവതാരപുരുഷന്മാരിലും വെച്ച് വലിയ അവതാരമായിരുന്നു. ആധ്യാത്മികമായി ഞാൻ അദ്ദേഹം തന്നെയാണ്. ഞാനിപ്പറയുന്നത് എന്റെ വെറും സങ്കല്പങ്ങളും അഭിപ്രായങ്ങളും അല്ല. ആകാശഭൂമികളുടെയും സർവ്വചരാചരങ്ങളുടെയും രക്ഷിതാവായ അല്ലാഹു എന്നോട് പറഞ്ഞിട്ടുള്ള വസ്തുതയാകുന്നു."

- റൂഹാനിഖസായിൻ

മുഖക്കുറിപ്പ്

# മതം മലിനമാക്കപ്പെടുന്നത് എവിടെ?

കേവലം നശ്വരമായ മനുഷ്യജീവിതമെന്ന മഹാപ്രഹേളികക്ക് മുമ്പിൽ ഭ്രമിച്ചു പോകുകയും ജീവിതത്തിന്റെ ആത്യന്തിക പൊരുളിനെ പറ്റി ആശങ്കപ്പെടുകയും ചെയ്യുന്ന മനുഷ്യനെ സാന്ത്വനിപ്പിക്കുകയും അവന് ഉത്തരവും യഥാർത്ഥ മാർഗ്ഗദർശനവും നൽകുകയുമാണ് മതങ്ങൾ ചെയ്യുന്നത്. ജീവിതവും മരണവും മരണാനന്തര ജീവിതവുമാണ് മതത്തിന്റെ വിഷയങ്ങൾ. അതുകൊണ്ട് തന്നെ ലൗകികാതീതവും അതിജീവനത്വമുള്ളതും, ആത്മീയവുമായ ഒരു മൂല്യ നിർദ്ധാരണ പദ്ധതിയാണ് മതം നിർദ്ദേശിക്കുന്നത്. അങ്ങനെയുള്ള മതം ലക്ഷ്യം മറന്നുകൊണ്ട് ലോകഭോഗങ്ങളിൽ രമിക്കുകയും അധികാരം പിടിച്ചെടുക്കാനുള്ള ഉപകരണമായി വർത്തിക്കുകയും ചെയ്യുമ്പോഴാണ് മതസംഘർഷങ്ങളും സ്പർദ്ധയും ഉടലെടുക്കുന്നത്. അല്ലാതെ മനുഷ്യന് മനസ്സമാധാനവും ആത്മീയാനുഭൂതിയും നൽകേണ്ട അവസാനത്തെ അഭയകേന്ദ്രങ്ങളായ മതങ്ങൾ തന്നെ സംഘർഷങ്ങളും സ്പർദ്ധയും ഉണ്ടാക്കുന്നു എന്നത് വിരോധാഭാസമല്ലേ? മതത്തിന്റെ ലക്ഷ്യവും മാർഗ്ഗവും അതല്ല.

അത്യന്തം വികാരവത്താണ് മതങ്ങൾ. വികാരം എന്ന മാനവ ഭാവത്തിന്റെ സ്വച്ഛഗുണം പാവനവും ദൈവികവുമാണ്. യുക്തിക്ക് വിധേയമല്ലാത്തതാണ് വികാരം. സത്യത്തിലേക്കുള്ള ചാലകശക്തിയാണ്. ആ വികാരങ്ങളെ ലോകബദ്ധമായ ഭൗതിക ബിംബങ്ങളുടെ പൂജകരാക്കി മാറ്റുമ്പോൾ അതൊരു വിനാശ ശക്തിയായി പരിണമിക്കുന്നു. അതാണ് ഖുർആൻ പറഞ്ഞത്. “ഏതൊരുവൻ തന്റെ ആത്മാവിനെ വിഷയേച്ഛകളിൽ നിന്ന് ശുദ്ധീകരിച്ചുവോ അവൻ വിജയിച്ചു. അവൻ നശിക്കുകയില്ല. ഏതൊരുവൻ അതിനെ അനിയന്ത്രിതമായ ഇന്ദ്രിയേച്ഛകളിൽ നിമഗ്നമാക്കിയോ അവൻ പരാജയമടഞ്ഞു. അവൻ ജീവിതത്തെക്കുറിച്ചു നിരാശനായി.” (9:9-10). ഗീതയിൽ കൃഷ്ണ (അ) ന്റെ ഉപദേശവുമതാണ്. “മാനം , ദംഭം, ഹിംസ ഇവയെല്ലാം ഉപേക്ഷിക്കുക . ക്ഷമ, ആർജവം, ആചാര്യസേവനം, ശൗച്യം, സ്ഥിരത, മനോവാക് കായങ്ങളുടെ ഒതുക്കം, ശബ്ദാദി വിഷയങ്ങളിലുള്ള വൈരാഗ്യം, താൻ കർത്താവാണെന്ന ഭാവമില്ലായ്മ, ജന്മം, മൃത്യു, ജരാ, രോഗം, ദു:ഖം എന്നിവയിലുള്ള ദോഷങ്ങളെ കണ്ടുകൊണ്ടിരിക്കുക. പുത്ര ഭാര്യ ഗൃഹാദികളിൽ എന്റേത് , ഞാൻ എന്ന വിചാരമില്ലായ്മ, ഇഷ്ടവും അനിഷ്ടവും വന്നു ചേരുമ്പോൾ വികാരപ്പെടായ്ക, മനഃസംയമനം കൊണ്ട് മറ്റെങ്ങും ചാടാതെ എന്നിൽ തന്നെ ഉറച്ചു നിൽക്കുന്ന ഭക്തി, നിരുപദ്രവമായ ദേശത്തെ മാത്രം ആശ്രയിക്കുക, പ്രാകൃത ജനങ്ങളുള്ളേടത്ത് മടുപ്പ്, അദ്ധ്യാത്മിക ജ്ഞാനം സമ്പാദിക്കാൻ പ്രയത്നം, തത്ത്വജ്ഞാനം കൊണ്ടേ സംസാര നിവൃത്തിയുണ്ടാകുയുള്ളൂവെന്ന നിശ്ചയം എന്നിവ യഥാക്രമമനുഷ്ഠിച്ച് ഉണ്ടാവേണ്ടതാണ് തത്ത്വജ്ഞാനം. (ഭഗവത് ഗീത 13:7-11)

എല്ലാ മതങ്ങളും ദൈവത്തിൽ നിന്ന് ഉദ്ഭവിച്ചതാണ് മനുഷ്യന് സന്മാർഗ്ഗ ജീവിതം നയിക്കാനുള്ള ചില അദ്ധ്യാപനങ്ങൾ എല്ലാ മതങ്ങളിലുമുണ്ട്. ആ പാവനമായ മത മൂല്യങ്ങളിൽ ക്ഷണികമായ ലൗകിക നേട്ടങ്ങൾ കലർത്തി മലിനമാക്കാതിരിക്കുക. ഇസ്‌ലാമും ഹിന്ദുമതവും, ഭരണകൂടങ്ങളും അധികാര സോപാനങ്ങളും സൃഷ്ടിച്ച് ചിലരെ വാഴിക്കാനുള്ളതല്ല. ഭരണകൂടങ്ങൾക്ക് തടഞ്ഞു നിർത്താൻ സാധിക്കാത്തതാണല്ലോ മരണം, ഈ ലോകവും പരലോകവുമുൾപ്പെട്ട മറ്റൊരു ലോകത്തിലെ ആത്മീയ പൗരന്മാരാണ് നാം. ഈ അലൗകിക പൗരത്വത്തിന്റെ കടമകളെപ്പറ്റിയും പ്രതിഫലങ്ങളെപ്പറ്റിയും ബോധമുള്ളവരാണ് യഥാർത്ഥ മതവിശ്വാസികൾ. അവരുടെ ലോകത്ത് സ്പർദ്ധയും വിദ്വേഷവുമില്ല. എല്ലാവരോടും സ്നേഹം മാത്രം. ദൈവം നമ്മെ എല്ലാ മതങ്ങളേയും ബഹുമാനിക്കാനും ദൈവം അയച്ച എല്ലാ മതപുരുഷന്മാരെയും വിശ്വസിച്ച് സന്മാർഗ്ഗ ജീവിതം നയിക്കാനും അനുഗ്രഹിക്കട്ടെ. ●

ലേഖനം

# ശ്രീകൃഷ്ണനും ദിവ്യ വെളിപാടുകളും

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

## അല്ലാഹുവിൽ നിന്നുള്ള വെളിപാടുകൾ കൊണ്ട് അനുഗൃഹീതനായ ദിവ്യാത്മാവും മഹാനായ ഒരു പ്രവാചകനുമായിരുന്നു ഹസ്റത്ത് ശ്രീകൃഷ്ണൻ.

ഹിന്ദുത്വം എന്നത് ഒരു ജനസമൂഹത്തിന്റെ മതപരമായ കൂട്ടായ്മയാണ്. പാരമ്പര്യ ദൈവിക മതങ്ങളിലുള്ളത് പോലെ ഹിന്ദുമത സാഹിത്യങ്ങളിൽ നിന്നും വെളിപാടുകളെ തിരിച്ചറിയാനുള്ള തെളിവുകൾ ലഭിക്കുക വളരെ ശ്രമകരമാണ്. ഇതിനുള്ള ഒരു മുഖ്യകാരണം വെളിപാടുകൾ വേദങ്ങളുമായി മാത്രം ബന്ധപ്പെട്ടതാണെന്ന സങ്കല്പമാണ്. മറ്റൊന്ന് മാനവരാശിയെ പഠിപ്പിക്കാൻ ദൈവം തന്നെ മനുഷ്യാവതാരമെടുത്ത് പ്രത്യക്ഷനാവുന്നു എന്ന പ്രതിപാദനവുമാണ്.

സാമ്യത എത്രതന്നെ ഉപരിപ്ലവമായിരുന്നാലും ക്രിസ്തുമതത്തിൽ ക്രിസ്തുവിനെ പ്രതിപാദിച്ച രീതിയിൽ തന്നെയാണ് ഒരർത്ഥത്തിൽ കൃഷ്ണനേയും പ്രതിപാദിച്ചിട്ടുള്ളത്. ദൈവത്തിന്റെ മൂർത്തിയായ യേശുവിൽ പ്രപഞ്ചത്തിന്റെ നിയന്ത്രകനായ പിതാവായ ദൈവം കുടികൊള്ളുകയും യേശുവിന്റെ മനുഷ്യരൂപത്തിൽ ദൈവത്തിന്റെ പുത്രത്വം പ്രകടിതമാവുകയും ചെയ്യുന്നു. ക്രിസ്തുമതത്തിൽ ക്രിസ്തുവോ പിതാവായ ദൈവമോ അല്ലാത്ത പരിശുദ്ധാത്മാവ് എന്ന് പേരുള്ള ഒരു വ്യക്തിത്വംകൂടി ത്രിത്വത്തിന്റെ അവിഭാജ്യ ഘടകമായി നിലകൊള്ളുന്നുണ്ട്.

ഹിന്ദുമതം ഏതായാലും ബ്രഹ്മാവിന്റെ വ്യക്തമായ ഒരു അവതാരമായി ശ്രീകൃഷ്ണനെ കാണുന്നില്ല. കൃഷ്ണൻ ഭൂമിയിൽ ആയിരിക്കുമ്പോൾ പോലും ആകാശ സിംഹാസനത്തിലിരുന്ന് ആകാശവും ഭൂമിയും ബ്രഹ്മാവ് അടക്കി ഭരിച്ചിട്ടുണ്ടായിരുന്നിട്ടില്ലേ? അതല്ല കൃഷ്ണൻ ദൈവമായി അവതാരമെടുത്തപ്പോൾ പ്രപഞ്ചം പരിപാലിച്ചിരുന്നത് മനുഷ്യരൂപമുള്ള കൃഷ്ണനായിരുന്നുവോ? അതുമല്ലെങ്കിൽ ദൈവം ആകാശത്തിലിരുന്ന് എല്ലാ കാലത്തും ചെയ്തിരുന്നത് പോലെ പ്രപഞ്ചം പരിപാലിച്ചുകൊണ്ടിരിക്കേ കൃഷ്ണൻ ദൈവത്തിന്റെ വെറും ഒരു പ്രതിഛായയോ അതല്ല പ്രതിബിംബമോ ആയിത്തീരുകയാണോ ചെയ്തത്? ഇത്തരത്തിലുള്ള ചോദ്യങ്ങൾ ഉത്തരമില്ലാതെ അവശേഷിക്കുന്നു.

മറ്റൊന്ന് വെളിപാടുകളെപ്പറ്റി പറയുമ്പോൾ പാരമ്പര്യ മതങ്ങൾ വെളിപാടുകളെ സംബന്ധിച്ച് വെച്ചു പുലർത്തുന്ന വിശ്വാസങ്ങൾ തന്നെയാണ് ക്രിസ്തുമതത്തിന്നുമുള്ളത്. അതായത് ഒരു ഉന്നതസ്ഥാനത്ത് നിന്നും ലഭിക്കുന്നതാണ് വെളിപാടുകൾ. ഹിന്ദുമതത്തിലാവട്ടെ പാരമ്പര്യ മതങ്ങളുടെ വെളിപാട് രീതികളുമായി പൊതു സാമ്യതയൊന്നുമില്ല. ഒരു മാതൃകാപുരുഷന്റെ ആവശ്യകത ഉണ്ടാവുമ്പോൾ ദൈവം സ്വയം തന്നെ മനുഷ്യരൂപമെടുത്ത് പ്രത്യക്ഷനാവുന്നു. ഈ പ്രവൃത്തി ചെയ്യാൻ ദൈവം ഒരു മനുഷ്യനെ നിയോഗിക്കുന്നില്ല.

വേദങ്ങളുടെ സ്വീകർത്താക്കളായ ഋഷിമാരുടെ കാര്യം മറ്റൊന്നാണ്. എല്ലാ ലൗകിക ബന്ധങ്ങളും പരിത്യജിച്ച് സമ്പൂർണമായും ദൈവത്തിന്റെ അഭീഷ്ടത്തിന് സമർപ്പിക്കപ്പെട്ട ദിവ്യാത്മാക്കളായ മത പുരുഷന്മാരെയാണ് 'ഋഷി' എന്ന ഹിന്ദുസംജ്ഞകൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ വേദങ്ങൾ ദൈവികാദ്ധ്യാപനങ്ങളാണെന്ന് വിശ്വസിക്കപ്പെടുന്നു. പക്ഷേ ശാബ്ദികമായ സന്ദേശങ്ങളെന്ന് അസന്നിഗ്ദ്ധമായി നിർവ്വചിക്കപ്പെട്ട വെളിപാടുകൾ ഋഷിമാർക്ക് ലഭിച്ചതായി വ്യക്തമായ രേഖകളില്ല. ഋഷിമാർക്കുണ്ടായ

**ഹിന്ദുമതത്തിന്റെ പ്രാഥമിക സ്രോതസ്സുകളെക്കുറിച്ച് സൂക്ഷ്മ പഠനം നടത്തുകയാണെങ്കിൽ ദിവ്യവെളിപാടു മതങ്ങളും ഹിന്ദുമതവും അടിസ്ഥാനപരമായി യാതൊരു വ്യത്യാസവുമില്ല എന്ന് കാണാം.**

പ്രചോദനങ്ങൾ യഥാർത്ഥത്തിലുള്ള വെളിപാടുകളാണെന്ന് കണക്കാക്കാമെന്നത് ഒരു പക്ഷേ അവസാനിക്കാത്ത വിവാദ വിഷയമായേക്കാം. ഹിന്ദുമത സ്രോതസ്സുകളിൽ നിന്നും നമുക്കറിയാവുന്നതെല്ലാം അവരുടെ വിശ്വാസത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. പല ഹിന്ദുപണ്ഡിതന്മാരും പല കാലഘട്ടങ്ങളെ സംബന്ധിച്ചും പറഞ്ഞിട്ടുണ്ട്. എന്നാൽ മനുഷ്യവംശത്തിന്റെ ഏറ്റവും പുരാതനമായ ആചാര്യന്മാരാണ് ഋഷികൾ എന്ന കാര്യത്തിൽ അവരെല്ലാം ഏകാഭിപ്രായക്കാരാണ്.

ഹിന്ദുമതത്തെ സംബന്ധിച്ചുള്ള പല വർണ്ണനകളും മനുഷ്യഭാവനയിൽ നിന്നും ഉണ്ടായതാണെന്ന് വരാൻ സാധ്യതയുണ്ട്. എല്ലായ്പ്പോഴും പ്രവാചകന്മാർ കൊണ്ടുവരുന്ന ദിവ്യാദ്ധ്യാപനങ്ങളിൽ പ്രക്ഷിപ്തങ്ങളും, കൃതിപ്പുകളും അപഹരണങ്ങളും ഉണ്ടാവാറുണ്ട്. ഹിന്ദു പ്രവാചകന്മാർ കൊണ്ടുവന്ന അദ്ധ്യാപനങ്ങൾ പിന്നീടു വന്ന തലമുറകൾ വികൃതമാക്കിയതിൽ അത്ഭുതപ്പെടാനില്ല. വേദങ്ങളിൽ മനുഷ്യകരങ്ങളാൽ കൂട്ടിച്ചേർക്കലുകൾ ഉണ്ടായിട്ടുണ്ടെന്ന് നാം അഭിപ്രായപ്പെടുമ്പോൾ എല്ലാ വേദാദ്ധ്യാപനങ്ങളും മനുഷ്യകൃതങ്ങളാണെന്ന് അർത്ഥമാക്കുന്നില്ല. ദൈവികമായ ഒരു ഗ്രന്ഥത്തിന് ഇങ്ങിനെയൊരിക്കലും സംഭവിക്കില്ല. അതിൽ എല്ലാ കാലത്തും സനാതന സത്യങ്ങളുടെ തിരുശേഷിപ്പുകൾ നിലനിൽക്കും. മനുഷ്യകരങ്ങൾ സ്പർശിക്കാത്തതും നിർമ്മലവുമായ അദ്ധ്യാപനങ്ങൾ അതിൽ എക്കാലവും ഉണ്ടായിരിക്കും. ഇത്തരം സ്വച്ഛമായ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ അതാത് മതങ്ങളുടെ സ്രോതസ്സുകളിലേക്ക് അന്വേഷണം നടത്തുന്നത് ഏറ്റവും ചാരിതാർത്ഥ്യജനകമാണ്. ഹിന്ദുമതത്തിന്റെ പ്രാഥമിക സ്രോതസ്സുകളെക്കുറിച്ച് സൂക്ഷ്മ പഠനം നടത്തുകയാണെങ്കിൽ ദിവ്യവെളിപാടു മതങ്ങളും ഹിന്ദുമതവും അടിസ്ഥാനപരമായി യാതൊരു വ്യത്യാസവുമില്ല എന്ന് കാണാം.

നമ്മുടെ കാഴ്ചപ്പാടിൽ അല്പമൊരു വ്യതിയാനം വരുത്തിയാൽ നമ്മുടെ സംവേദനങ്ങളിൽ നാടകീയമായ ചില മാറ്റങ്ങൾ സംജാതമാവും. മഹാഭാരതത്തിൽ നിന്നും പ്രത്യേകിച്ച് ഭഗവത്ഗീതയിൽ നിന്നും അതിനുള്ള തെളിവുകൾ ലഭിക്കും. കൃഷ്ണൻ ഒരിക്കലും ദൈവമാണ് താൻ എന്ന് സ്വയം വാദിച്ചിട്ടില്ല. അദ്ദേഹം ഒരിക്കലും അമരത്വം അവകാശപ്പെട്ടിട്ടില്ല. രേഖപ്പെടുത്ത ചരിത്രത്തിലുടനീളം കൃഷ്ണന് മുമ്പും പിമ്പുമായി പ്രത്യക്ഷപ്പെട്ട പ്രവാചകന്മാരുമായി യാതൊരു വ്യത്യാസവുമില്ലാത്ത മറ്റൊരു ദൈവിക പ്രവാചകനാണ് കൃഷ്ണൻ എന്നത് വളരെ വേഗത്തിൽ തിരിച്ചറിയാവുന്നതാണ്.

അദ്ദേഹത്തിന്റെ ചരിത്രത്തിൽ വിവരിക്കപ്പെട്ടത് പ്രകാരം അദ്ദേഹം ജനിക്കുന്നത് ഏകദേശം ബി. സി. 1458 ലാണ് വസുദേവരുടെയും ദേവകിയുടെയും പുത്രനായി മറ്റേതൊരു മനുഷ്യശിശുവും ജനിക്കുന്നത് പോലെ അദ്ദേഹവും ജനിച്ചു. സാധാരണ എല്ലാ കുഞ്ഞുങ്ങളും വളരുന്നത് പോലെ ചില പ്രകൃത്യാതീതമായ കഴിവുകളോടെ കൃഷ്ണൻ വളർന്നു എന്നാണ് പറയപ്പെടുന്നത്. മനുഷ്യനെപോലെ അദ്ദേഹം ജീവിച്ചു. മനുഷ്യനെപ്പോലെ അദ്ദേഹം പെരുമാറി. പ്രകൃതിയുടെ വിളികൾക്ക് മനുഷ്യനെപ്പോലെ അദ്ദേഹം ഉത്തരം നൽകി. ശ്രീകൃഷ്ണന്റെ ശൈശവകാലത്ത് ശിശുസഹജമായ ചാപല്യത്തോടെ വെണ്ണ കട്ടെടുക്കുകയുണ്ടായി എന്ന് ഹിന്ദു പണ്ഡിതന്മാർ തന്നെ വിവരിക്കുന്നു. ഞങ്ങൾ വിശ്വസിക്കുന്നത് ഒരു ശിശു എന്ന നിലക്ക് ശ്രീകൃഷ്ണന്റെ മേൽ അതിൽ യാതൊരു കുറ്റവും ചാർത്താനാവില്ല എന്നാണ്. കനിവുള്ള ബാലകന്മാർ അവരുടെ പാവപ്പെട്ട കൂട്ടുകാർക്ക് തങ്ങൾക്ക് ലഭിച്ചത് പോലെ തന്നെ ലഭ്യമാക്കണം എന്ന സദുദ്ദേശത്തോടുകൂടി ഇത്തരത്തിലുള്ള ബാല ലീലകളിൽ ഏർപ്പെടുന്നത് സ്വാഭാവികമാണ്. ഇത്തരം സാഹചര്യത്തിൽ ഈ രീതിയിൽ പ്രവർത്തിക്കുന്ന കുട്ടികളോട് വെറുപ്പിനേക്കാൾ നമുക്ക് സ്നേഹമാണ് തോന്നുക. ഇതെല്ലാം തന്നെ തികച്ചും മാനുഷികമാണ്. മറ്റു പ്രവാചകന്മാരുടെ ശൈശവ ജീവിതവും ശൈലിയുമായി ഇതിന് യാതൊരു വ്യത്യാസവുമില്ല. അവർ നിറഞ്ഞ യൗവനത്തിലേക്ക് വളർന്നുവരുകയും അസാധാരണമായ നേതൃത്വ ഗുണം ആർജിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു. യുദ്ധക്കളത്തിൽ ശ്രീകൃഷ്ണൻ സൈന്യത്തെ നയിക്കുകയും ഐതിഹാസികമായ വിജയങ്ങൾ നേടുകയും ചെയ്തു. ഇന്ത്യയിൽ ഇടക്കിടെ ഉദയം ചെയ്യുന്നത് പോലെ സാധാരണ ജീവിതത്തിൽ മാതൃകാ യോഗ്യനായ ഒരു ആദർശ പുരുഷനായി അദ്ദേഹം ഉയരുകയും ഒരു പരിഷ്ക്കർത്താവ് എന്ന നിലയിൽ കർമ്മ ജീവിതം നയിക്കുകയും ചെയ്തു. ജനങ്ങളോട് സന്മാർഗ്ഗത്തിലേക്ക് വരുവാനും തിന്മ വർജിക്കാനും അദ്ദേഹം ഉപദേശിച്ചു. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം മതനിരാസകരും നിരീശ്വരവാദികളുമായ ദുഷ്ട മനസ്കരെ വിപാടനം ചെയ്യൽ പ്രധാന ധർമ്മമായിരുന്നു.

അദ്ദേഹത്തിന്റെ ദേഹവർണ്ണനകൾ വിവരിക്കുമ്പോൾ ചില വിചിത്രമായ വിവരണങ്ങൾ കാണാം. ഭഗവാൻ ശ്രീകൃഷ്ണന്റെ ബിംബവർണ്ണന നട

ത്തിയ ഹിന്ദുകലാകാരന്മാർ ഇരുകര ങ്ങൾക്ക് പകരം ചതുർബാഹുവായിട്ടാണ് അദ്ദേഹത്തെ ചിത്രീകരിച്ചിട്ടുള്ളത്. അതുപോലെ അദ്ദേഹത്തിന് ചിറകുകൾ ചാർത്തുകയും ചെയ്തിരിക്കുന്നു. ഒരു മുരളിക തന്റെ അധരത്തിൽ ചേർത്തു വെച്ച് നിൽക്കുന്ന രീതിയിലും ശ്രീകൃഷ്ണനെ ചിത്രീകരിച്ചിട്ടുണ്ട്. ഹൃദയ ഹാരിയായ വർണ്ണ വസ്ത്രങ്ങൾ ധരിച്ച സുന്ദരികളായ അംഗനമാർ ശ്രീകൃഷ്ണന്റെ ചുറ്റും നിൽക്കുന്നതായും കാണാം. ഇവർ ഗോപികമാരാണ്. പശുവിനെ പരിപാലിക്കുന്ന സ്ത്രീകളാണ് ഗോപികമാർ. ഇടയനില്ലാത്ത ആട്ടിൻ പറ്റത്തെ പറ്റിയും ഗോപ ശബ്ദം അർത്ഥമാക്കുന്നു. കൃഷ്ണന് ഗോപാലൻ എന്ന മറ്റൊരു വിശേഷണമുണ്ടെന്ന് നാം ഓർക്കണം. ഗോക്കളെ അഥവാ പശുക്കളെ പരിപാലിക്കുന്നവൻ എന്നാണർത്ഥം. ഇസ്രായേലീ പ്രവാചകന്മാരെ കുറിച്ചുള്ള ബൈബിൾ വിശേഷണങ്ങളും ഇസ്റയേൽ ഗൃഹത്തിലെ ആടുകളെ നയിക്കുന്ന ആട്ടിടയന്മാർ എന്നാണ്. ഇത് രണ്ടും തമ്മിലുള്ള സാമ്യത വളരെയധികം സ്പഷ്ടമാണ്. ആടുകൾക്ക് പകരം ഇന്ത്യയിൽ അധികവും കാണപ്പെടുന്നത് പശുക്കളെയാണ്. അതുകൊണ്ടാണ് പശുപരിപാലകൻ എന്ന അർത്ഥത്തിൽ 'ഗോപാലൻ' ഇവിടെ പ്രയുക്തമായിട്ടുള്ളതെന്ന് മനസ്സിലാക്കാവുന്നതാണ്. അതുപോലെ അദ്ദേഹത്തിന്റെ അനുയായികളെ ഗോപികമാർ എന്നു വിശേഷിപ്പിക്കുന്നതിൽ യാതൊരു അസാംഗത്യവുമില്ല.

ശ്രീകൃഷ്ണനെ കേന്ദ്രമാക്കി നെയ്തെടുത്ത മറ്റു കഥകളെല്ലാം വസ്തുതാ കഥനങ്ങളേക്കാൾ ഉപമകളും അലങ്കാരോക്തികളുമാണ്. നാലു കൈകളും ഒരു ചിറകും ചിത്രീകരിച്ചിട്ടുള്ള ശ്രീകൃഷ്ണ വിഗ്രഹം അത്യുന്നത നിലയിലുള്ള ഒരു ദൈവ ദാസന്റെ പ്രതീകാത്മകമായ ആവിഷ്ക്കാരമാണ്. വിശുദ്ധഖുർആനും പ്രവാചക തിരുമേനി(സ)യെ ചിറകുകളുമായി ബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. 'ദൈവാനുഗ്രഹത്താൽ വിശ്വാസികളുടെ മീതെ കാരുണ്യത്തിന്റെ ചിറകുകൾ അദ്ദേഹം വിടർത്തി' എന്നും അതുപോലെ മാലാഖമാരെ പറ്റി പറയുമ്പോൾ അവർക്ക് വിവിധ തരത്തിലുള്ള ചിറകുകൾ ഉള്ളതായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ചിറകുകൾ അവയുടെ ഗുണങ്ങളാണ്! അല്ലാതെ സ്ഥൂലാകാരമുള്ള ചിറകുകളല്ല.

എന്നാൽ മതപരമായ അലങ്കാരോക്തികളും ഉപമകളും മതവിശ്വാസികൾ ചിലപ്പോൾ അക്ഷരാർത്ഥത്തിലെടുക്കുന്നു. ആ അലങ്കാരോക്തികളുടെ യഥാർത്ഥ അർത്ഥധ്വനി ഒട്ടാകെ വിനഷ്ടമാവുകയും ചെയ്യുന്നു. കൃഷ്ണ വിഗ്രഹത്തെ സംബന്ധിച്ചും ആ മഹാത്മാവിനപ്പറ്റി നെയ്തെടുത്തതുമെല്ലാം ഇത്തരത്തിൽപ്പെട്ട കഥകളാണ്.

ശ്രീകൃഷ്ണൻ മുരളീധരൻ എന്ന് വിളിക്കപ്പെടുന്നു. മുരളി എന്ന സംഗീതോപകരണവാദകൻ എന്നാണതിനർത്ഥം. ഇവിടെ മുരളി വെളിപാടിന്റെ പ്രതീകമാണ്. മുരളികയിൽ നിന്നും പൊഴിക്കുന്ന സംഗീതം ആ സംഗീതോപകരണത്തിൽ നിന്നും സ്വയം വരുന്നതല്ല. അതിന്റെ സുഷിരങ്ങളിൽ ഏല്പിക്കുന്ന വായുമർദ്ദമനുസരിച്ചാണ് മുരളിക സംഗീതം പ്രസരണം ചെയ്യുന്നത്. വാസ്തവത്തിൽ ദൈവമാണ് മുരളീവാദകൻ. അതുകൊണ്ടാണ് കൃഷ്ണൻ തന്നെ സ്വയം ദൈവ മുരളികയായി ചിത്രീകരിക്കപ്പെട്ടത്. ദൈവം ആ മഹാത്മാവിലൂടെ ഏത് വിധത്തിലുള്ള ശ്രുതികൾ മീട്ടുന്നുവോ അത് അതീവ വിശ്വാസ്യതയോടെ അദ്ദേഹം ലോകത്ത് സംപ്രേഷണം ചെയ്തു. ദിവ്യവെളിപാടുകളുടെ വിശ്വസ്തത സൂക്ഷിപ്പുകാരായ പ്രവാചകന്മാർ അവർക്ക് ലഭിക്കുന്ന വെളിപാടുകൾ ഏറ്റകുറച്ചിലില്ലാതെ ലോകത്തിലേക്ക് പ്രേഷണം ചെയ്യുന്നു. ശ്രീകൃഷ്ണനും ഈ പ്രവാചകന്മാരുമായി യാതൊരു വ്യത്യാസവുമില്ല എന്ന യാഥാർത്ഥ്യം നമുക്ക് കാണാം. മുരളികയെന്നത് പ്രവാചകന്മാരുടെ സത്യസന്ധതയുടെ ഏറ്റവും ധ്വന്യാത്മകമായ പ്രതീകമാണ്. അത്യുന്നതങ്ങളിൽ നിന്നും അവർക്ക് ലഭിച്ച വെളിപാടല്ലാതെ മറ്റൊന്നും തന്നെ അവർ പ്രേഷണം ചെയ്യുന്നില്ല എന്ന് ലോകത്തിന് ഉറപ്പ് നൽകുന്ന പ്രതീകം!

**മുരളികയെന്നത് പ്രവാചകന്മാരുടെ സത്യസന്ധതയുടെ ഏറ്റവും ധ്വന്യാത്മകമായ പ്രതീകമാണ്. അത്യുന്നതങ്ങളിൽ നിന്നും അവർക്ക് ലഭിച്ച വെളിപാടല്ലാതെ മറ്റൊന്നും തന്നെ അവർ പ്രേഷണം ചെയ്യുന്നില്ല**

## ആപത്ത് നേരിടുമ്പോൾ

തങ്ങൾക്ക് വല്ല ആപത്തും നേരിടുമ്പോൾ 'നിശ്ചയമായും ഞങ്ങൾ അല്ലാഹുവിൽ നിന്നുള്ളവരും അവനിലേക്ക് മടങ്ങുന്നവരുമാണ് എന്ന് പറയുന്ന സഹന ശീലർക്ക് നീ സന്തോഷവാർത്ത അറിയിക്കുക. അവർക്ക് തങ്ങളുടെ രക്ഷിതാവിൽ നിന്ന് അനുഗ്രഹങ്ങളും കാരുണ്യങ്ങളും ഉണ്ടാവുന്നതാണ്. അവരാകുന്നു നേർമാർഗ്ഗം പ്രാപിച്ചവർ.'

*വി. ഖുർആൻ. (2:155-156)*

# ശ്രീകൃഷ്ണൻ നമ്മുടെ നബി

മദാർ അബ്ദുശ്ശുക്കൂർ

ഹസ്റത്ത് ശ്രീകൃഷ്ണൻ (അ) ഭാരതത്തിൽ അവതരിച്ച മഹാനായ ഒരു പ്രവാചകനായിരുന്നു എന്ന് ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) പറഞ്ഞിരിക്കുന്നു.

ആർഷഭാരതത്തിന്റെ ആധ്യാത്മിക സംസ്കൃതിക്ക് അടിത്തറ പാകിയ മാതാചാര്യന്മാരിൽ സർവോന്നതനാണ് മഹാത്മാ ശ്രീകൃഷ്ണൻ. അഹ്മദീ മുസ്‌ലിംകൾ ശ്രീകൃഷ്ണനെ ഒരു പ്രവാചകനായിട്ടാണ് വിശ്വസിച്ചുവരുന്നത്. ഈ വിശ്വാസം ഭൂരിപക്ഷമുസ്‌ലിംകൾ അംഗീകരിക്കുന്നില്ലെങ്കിലും ഉദ്ബുദ്ധരായ ചില മുസ്‌ലിംപണ്ഡിതന്മാരും നേതാക്കളും ശ്രീകൃഷ്ണൻ പ്രവാചകനായിരിക്കാമെന്ന അഭിപ്രായം തുറന്നുപറയാൻ തുടങ്ങിയിട്ടുണ്ട്.

എല്ലാ ദേശക്കാരിലും ഭാഷക്കാരിലും പ്രവാചകാവതാരത്തിന്റെ അനുഗ്രഹം വർഷിക്കപ്പെട്ടതായി ഖുർആൻ സാക്ഷ്യം വഹിക്കുന്നു. ഒരു നബിവചനപ്രകാരം അവരുടെ സംഖ്യ ഒരു ലക്ഷത്തിഇരുപത്തിനാലായിരമാണ്. അവരിൽ ചിലരുടെ വൃത്താന്തങ്ങൾ വിശുദ്ധഖുർആൻ വിവരിക്കുകയും ബാക്കിയുള്ളവരെക്കുറിച്ച് സൂചനകൾമാത്രം നൽകുകയുമാണ് ചെയ്തിരിക്കുന്നത്. എങ്കിൽപോലും, പരിശുദ്ധ ഖുർആനിൽ പേരുപറയപ്പെടാത്ത പല മഹാത്മാക്കളേയും മുസ്‌ലിംകൾ പ്രവാചകന്മാരായി അംഗീകരിച്ചുവന്നിട്ടുണ്ട്. അവരിൽ ശീസ്നബി, യൂശഅ് നബി, സാമുവേൽനബി, യർമിയാ നബി, ദാനിയേൽനബി, മലാക്കീനബി തുടങ്ങിയവർ പ്രസിദ്ധരാണ്. വേറെയും ചില നബിമാരുടെ പേരുകൾ തഫ്സീർ ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുകിടക്കുന്നുണ്ടെങ്കിലും അവരുടേയും നാമങ്ങൾ ഖുർആനിൽ എഴുതപ്പെട്ടതായി കാണുന്നില്ല.

## നബിമാരുടെ ആഗമനം ഇന്ത്യയിലും

ഭൂമുഖത്തുള്ള ജനപഥങ്ങളിലെല്ലാം പ്രവാചകാവതാരം ഉണ്ടായിട്ടുണ്ടെന്നും മുഴുവൻ പ്രവാചകന്മാരിലും വിശ്വാസമർപ്പിക്കേണ്ടതാണെന്നും ഖുർആൻ അനുശാസിക്കുന്നു. ഖുർആന്റെ ഈ അധ്യാപനമനുസരിച്ച് ഇന്ത്യയിലും നബിമാർ ആവിർഭവിച്ചിരുന്നതായി ഇസ്‌ലാമിലെ ചില പുണ്യപുരുഷന്മാർ വ്യക്തമാക്കിയിട്ടുണ്ട്. ആ കൂട്ടത്തിൽ 400 വർഷം മുമ്പ് ജീവിച്ച പുണ്യപുരുഷനും എല്ലാ മുസ്‌ലിംകളും കക്ഷിഭേദമെന്യേ ബഹുമാനിച്ചാദരിക്കുന്ന മഹാത്മാവുമായ മുജദ്ദിദ് അൽഫെസാനി ഹസ്റത്ത് ശൈഖ് അഹ്മദ് സർഹിന്ദി (റഹ്) ചെയ്തിട്ടുള്ള പ്രസ്താവന ഏറെ ഹൃദയാവർജ്ജകവും ശ്രദ്ധേയവുമാണ്. അദ്ദേഹം പറഞ്ഞു:

**"ഇന്ത്യയിലുള്ള ചില കബറുകൾ; അവ നബിമാരുടേതാണെന്ന് ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്"[1]**

ചരിത്ര ഗവേഷകർക്ക് എത്രയും പ്രയോജനപ്രദമായ ഒരടിസ്ഥാനശില യാണ് അദ്ദേഹം ഇവിടെ സ്ഥാപിച്ചത്. ആ ദിവ്യജ്ഞാനിയുടെ വിപ്ലവാത്മക മായ ഗവേഷണവും ഈ വിഷയത്തിൽ അല്ലാഹു അദ്ദേഹത്തിന് കനിഞ്ഞേ കിയ പ്രത്യേകമായ ജ്ഞാനവും, ഇന്ത്യ യിൽ നബിമാരുണ്ടായിരുന്നുവെന്ന വാദത്തിലേക്കുള്ള ഒരനർഘസാക്ഷ്യ മാണ്.

## ആദരണീയനായ ശ്രീകൃഷ്ണൻ

അതിപുരാതനമായ ഒരു സാംസ് കാരിക പൈതൃകം അവകാശപ്പെടുന്ന രാജ്യമാണ് ഇന്ത്യ. ഇന്ത്യയിൽ അവ തീർണ്ണരായ മതാചാര്യന്മാരെസംബ ന്ധിച്ച് ഗവേഷണം നടത്തുമ്പോൾ സർവാദരണീയനായി അറിയപ്പെടുന്ന മഹാത്മാവ് ശ്രീകൃഷ്ണനാണെന്നു കാണാം. അദ്ദേഹത്തിന്റെ ഉപദേശ ങ്ങളും ജനഹൃദയങ്ങളിൽ അദ്ദേഹത്തി നുള്ള ബഹുമാനാദരങ്ങളും അദ്ദേ ഹത്തെ ഒരു പ്രവാചകനാണെന്നു വിശ്വസിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. കൂടാതെ, ഇന്ത്യയിൽതന്നെയുണ്ടായ അനേകം മുസ്‌ലിം പണ്ഡിതന്മാർ ശ്രീകൃഷ്ണൻ ഒരു വരിഷ്ഠവ്യക്തിയാ ണെന്നും പ്രവാചകനാണെന്നും വിശ്വ സിച്ചു വന്നിട്ടുമുണ്ട്. അവരിൽ ഒരാളാ യിരുന്നു ഹിജ്റ പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ച ഹസ്റത്ത് മിർസാ മസ്ഹർ ജാനെ ജാനാൻസാഹിബ് (റഹ്). ശ്രീകൃ ഷ്ണമഹാരാജ് അല്ലാഹുവിന്റെ സാമീപ്യം ലഭിച്ച ഒരു പരിപൂർണ്ണ വ്യക്തിയായിരുന്നുവെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. തന്റെ ആത്മീയഗുരുവും പുണ്യാത്മാവുമായ ഹസ്റത്ത് ഖ്വാജാ ബാക്കീബില്ലാഹ് (റ ഹ്) യുടെ സന്നിധിയിൽ ഒരിക്കൽ ശ്രീകൃഷ്ണനെപ്പറ്റിയുള്ള ചർച്ചയുണ്ടാ യപ്പോഴാണ് ഹസ്റത്ത് ജാനെ ജാനാൻ സാഹിബ് ഇക്കാര്യം വെളിപ്പെടുത്തി യത്.[2]

മഹാരാജ് കൃഷ്ണൻ ഒരു പ്രവാ ചകനായിരുന്നുവെന്ന് വ്യക്തമായിപ റഞ്ഞ മഹദ് വ്യക്തികളും ഇന്ത്യയിലു ണ്ടായിരുന്നു. ഉദാഹരണമായി ഹിജ്റ: 13-ാം നൂറ്റാണ്ടിൽ ജീവിച്ച മൗലാനാ ഗൗസ് അലീശാഹ് എന്ന മഹാൻ തന്റെ 'തദ്കിറത്തുൽ ഗൗസിയ്യ' എന്ന ഗ്രന്ഥ ത്തിലും, സുപ്രസിദ്ധ മതനേതാവും ദയൂബന്ദ് അറബികോളേജിന്റെ സ്ഥാപ കനുമായ ഹസ്റത്ത് മൗലാനാ മുഹ മ്മദ്ഖാസിം നാനൂത്തവിസാഹിബ് തന്റെ 'ധർമ്മപ്രചാർ' എന്ന ഗ്രന്ഥ ത്തിലും ശ്രീകൃഷ്ണൻ നബിയാ ണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്.[3]

## നബി(സ) തിരുമേനിയുടെ സാക്ഷ്യം

ശ്രീകൃഷ്ണമഹാരാജ് ഒരു പ്രവാ ചകനായിരുന്നുവെന്ന യാഥാർത്ഥ്യം പ്രവാചകപ്രഭുവായ ഹസ്റത്ത് മുഹമ്മ ദ്മുസ്തഫാ (സ) തിരുമേനിയും വെളി പ്പെടുത്തിയതായി ഹദീസ് ഗ്രന്ഥങ്ങ ളിൽ നിന്നു മനസ്സിലാകുന്നു.

ഹിജ്റാബ്ദം അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ദയ്‌ലമി എന്ന പ്രസിദ്ധ ഹദീസ്പണ്ഡിതൻ തന്റെ ഫിർദൗ സുൽ അഖ്ബാർ, താരീഖുൽഹമദാൻ എന്നീ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയ ഒരു നബിവചനമാണ് ഇതിലേക്ക് സാക്ഷ്യമായി നിൽക്കുന്നത്.[4] അതാ യത്,

"കാന ഫിൽ ഹിന്ദി നബിയ്യുൻ അസ്‌വദുല്ലൗനി ഇസ്മുഹൂ കാഹിന

ഇന്ത്യയിൽ ശ്യാമളവർണ്ണനായ ഒരു നബിയുണ്ടായിരുന്നു. കാഹിന എന്നാണ് അദ്ദേഹത്തിന്റെ പേര് "

ഹിജ്റാബ്ദം ഏഴാം നൂറ്റാണ്ടിൽ ജീവിച്ച ലോകപ്രസിദ്ധനായ ആധ്യാ ത്മിക സദ്ഗുരു ശൈഖുൽ അക്ബർ ഹസ്റത്ത് മുഹ്‌യിദ്ദിനുബ്നു അറബി (റ)തന്റെ ഗ്രന്ഥത്തിൽ എടുത്തുദ്ധരിച്ചു കൊണ്ട് ഈ ഹദീസിന്റെ ആധികാരി കത തെളിയിക്കുകയുണ്ടായി.[5]

ഇമാംദയ്‌ലിമിയും ഹസ്റത്ത്ശൈ ഖുൽ അക്ബറും ഉദ്ധരിച്ച നബിവചന ത്തിലെ 'കാഹിന' എന്ന നബി ശ്രീകൃ ഷ്ണനാണെന്ന് അഹ്‌മദിയ്യത്തിന്റെ ദിവ്യസ്ഥാപകർ ഹസ്റത്ത് മിർസാ ഗു ലാം അഹ്‌മദ് (അ) പ്രസ്താവിച്ചു. കൃഷ്ണനുള്ള കന്നയ്യാ എന്ന നാമധേ യമാണ് മേലുദ്ധരിച്ച നബി വചനത്തിൽ കാഹിന എന്നു വിശേഷിപ്പിക്കപ്പെട്ടിട്ടു ള്ളത്.[6]

ഇനി ദയ്‌ലമിയുടെ ഹദീസിലുള്ള വിശ്വാസ്യത ആരെങ്കിലും ചോദ്യം ചെയ്താൽ തന്നെയും ഇന്ത്യയിൽ കാഹിന എന്നുപേരുള്ള ഒരു നബി ജീവിച്ചിരുന്നുവെന്ന വാർത്തക്ക് ആയി രംകൊല്ലം മുമ്പുണ്ടായിരുന്ന മുസ്‌ലിം കൾക്കിടയിൽ പ്രചാരം ലഭിച്ചിരുന്നു വെന്ന വസ്തുത നിഷേധിക്കാനാവുക യില്ല. മാത്രമല്ല, ഹസ്റത്ത് ശൈഖുൽ അക്ബറിന്റെ കാലഘട്ടത്തിലും ഈ നിവേദനത്തിന് പ്രചുരപ്രചാരം സിദ്ധി ച്ചതായി വ്യക്തമാകുന്നു.

❑

**'കാഹിന' എന്ന നബി ശ്രീകൃഷ്ണനാണെന്ന് അഹ്‌മദിയ്യത്തിന്റെ ദിവ്യസ്ഥാപകർ ഹസ്റത്ത് മിർസാ ഗുലാം അഹ്‌മദ് (അ) പ്രസ്താവിച്ചു. കൃഷ്ണനുള്ള കന്നയ്യാ എന്ന നാമധേയമാണ് മേലുദ്ധരിച്ച നബി വചനത്തിൽ കാഹിന എന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളത്.**

❑

## പിൽക്കാല പണ്ഡിതന്മാരുടെ നിഗമനം

ഇങ്ങനെ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർക്കു മുൻപുതന്നെ അനേകം മുസ്‌ലിംജ്ഞാനികൾ ശ്രീകൃഷ്ണനെ മഹാത്മാവാണെന്നും പ്രവാചകനാണെന്നും അഭിപ്രായപ്പെട്ടുവെന്നുമാത്രമല്ല, ഹസ്‌റത്ത് അഹ്മദുൽമസീഹിന്റെ വിയോഗത്തിനുശേഷവും അഹ്മദികളല്ലാത്ത ഒട്ടേറെ മുസ്‌ലിം പണ്ഡിതൻമാർ ശ്രീകൃഷ്ണന്റെ മഹത്ത്വം ഏറ്റുപറയുകയുമുണ്ടായി. അവരിൽ ചിലർ ശ്രീകൃഷ്ണൻ ഒരു നബിയായിരുന്നുവെന്നു സമ്മതിക്കുകയും ചെയ്തു. മൗലാനാഅബ്ദുൽബാരി, ഖാജാഹസ്സൻ നിസാമി, മൗലാനാമുഹമ്മദ് അജ്മൽഖാൻ, മൗലാനാസഫറലീഖാൻ, മൗലാനാ ഹസ്‌റത്ത് മോഹാനി തുടങ്ങിയവർ ഈ അഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ളവരിൽ പ്രമുഖരാണ്. ആ കൂട്ടത്തിൽ ഖാജാഹസ്സൻ നിസാമി എന്ന സുപ്രസിദ്ധ മതപണ്ഡിതൻ തന്റെ 'കൃഷ്ണൻബീതി' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തി.

"ഇന്ത്യയിൽ വന്നുകഴിഞ്ഞ അവതാരപുരുഷൻമാരിലും ധർമ്മമാർഗ്ഗദർശകന്മാരിലും വിവിധ വൈശിഷ്ട്യങ്ങളാൽ അഗ്രഗണ്യനായിരുന്നു ശ്രീകൃഷ്ണൻ 7"

ശ്രീകൃഷ്ണനെ സംബന്ധിച്ച് ഇങ്ങനെയുള്ള പല അഭിപ്രായങ്ങളും മുസ്‌ലിം പണ്ഡിതന്മാർ പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും അതൊന്നും തന്നെ ഒരു സമൂഹത്തിന്റെ വിശ്വാസമായി മാറിയിരുന്നില്ല. എന്നാൽ, അഹ്മദുൽ മസീഹാണ് തനിക്ക് അല്ലാഹുവിൽനിന്നും ലഭിച്ച വെളിപാടുകൾ പ്രകാരം ശ്രീകൃഷ്ണൻ നബിയാണെന്ന് ഉച്ചൈസ്തരം പ്രഖ്യാപിച്ചതും അതു വിശ്വാസത്തിന്റെ ഭാഗമാക്കി മാറ്റിയതും!

## അവതാരശബ്ദത്തിന്റെ നിർവചനം

ഹിന്ദുമതഗ്രന്ഥങ്ങളിൽ അനേകം അവതാരപുരുഷന്മാരുടെ വൃത്താന്തങ്ങൾ വിവരിക്കുന്നുണ്ട്. ഈ അവതാരപുരുഷന്മാരെല്ലാം നബിമാരായിരുന്നുവെന്നാണ് അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരുടെ നിർവചനം. അറബി ഭാഷയിൽ 'നബി' എന്ന പദത്തിന് ഉപയോഗിക്കുന്ന അതേ അർത്ഥംതന്നെയാണ് അവതാരശബ്ദത്തിന് ഹിന്ദുക്കൾ കല്പിക്കുന്നത് എന്നു ആ മഹാത്മാവ് തന്റെ 'തുഹ്ഫയെ ഗോൾഡവിയ്യ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.8 ഹസ്‌റത്ത് അഹ്മദുൽ മസീഹിന്റെ ഈ സിദ്ധാന്തത്തിൽനിന്ന് അവതാരം എന്ന പദംകൊണ്ടുദ്ദേശിക്കുന്നത് ദൈവംതന്നെ മനുഷ്യനായി അവതരിക്കുകയല്ലെന്നും മറിച്ച് ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രവാചകാവതാരമാണ് അതിന്റെ വിവക്ഷയെന്നും വ്യക്തമാവുന്നു.

## കൃഷ്ണാവതാരം

ശ്രീകൃഷ്ണന്റെ ആധ്യാത്മികപ്രാതിനിധ്യം വഹിച്ചുവന്ന ആളാണു താനെന്ന് ഹസ്‌റത്ത് അഹ്മദ് (അ) വാദിച്ചിട്ടുണ്ട്. അക്കാരണത്താൽ ആ മഹാത്മാവിനെ 'കൃഷ്ണാവതാരം' എന്നു പറയുന്നു. ശ്രീകൃഷ്ണനെ വിഷ്ണുവിന്റെ അവതാരം എന്നു വിശേഷിപ്പിക്കുന്നതുപോലെയാണിത്. തന്റെ മുൻഗാമികളായ അനേകം യുഗപ്രഭാവൻമാരുടെ പരിപൂർണ്ണപ്രാതിനിധ്യം ലഭിച്ച മഹാത്മാവായിരുന്നു ശ്രീകൃഷ്ണൻ. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് അവരുടെയെല്ലാം പേരുകൾ സിദ്ധിക്കുകയും അവരുടെ അവതാരമെന്ന് അദ്ദേഹം പ്രകീർത്തിക്കപ്പെടുകയും ചെയ്തു. ആ മഹാത്മാവിന് ലഭിച്ച സമുന്നതമായ ആത്മീയസ്ഥാനവും സർവാതിശായിയായ ജനസ്വാധീനവുമാണ് അവിടുത്തെ പൂർവ്വീകരായ അവതാരപുരുഷന്മാർക്കും പ്രസിദ്ധി നേടിക്കൊടുത്തത്. ചുരുക്കത്തിൽ, ആര്യാവർത്തത്തിലെ അവതാരപുരുഷൻ മാർക്കും ഋഷിപുംഗവൻമാർക്കും അനുഗ്രഹമായി ആവിർഭവിച്ച ഒരു ആത്മീയജ്യോതിസ്സായിരുന്നു രാജാകൃഷ്ണൻ (അ)

## ശ്രീകൃഷ്ണന്റെ അധ്യാപനങ്ങൾ

ശ്രീകൃഷ്ണന്റെ സിദ്ധാന്തപ്രകാരം മനുഷ്യാത്മാവിന് തമസ്സ്, രജസ്സ്, സത്ത്വം എന്നീ മൂന്നവസ്ഥകളുണ്ട്. അവയിൽ തമസ്സ് നിന്ദാർഹവും, സത്ത്വം പ്രശംസാർഹവുമാണ്. രജസ്സാകട്ടെ നിന്ദിക്കുകയോ സ്തുതിക്കുകയോ ചെയ്യപ്പെടാത്തതുമാണ്. ഈ മൂന്നു അവസ്ഥാന്തരങ്ങളെക്കുറിച്ചുള്ള ശ്രീകൃഷ്ണന്റെ വിശദീകരണം, വിശുദ്ധഖുർആനിലെ അമ്മാറ, ലവ്വാമ, മുത്മയിന്ന എന്നീ ആത്മീയ പരിണാമഘട്ടങ്ങളുമായി ഏറെ സാദൃശ്യമുള്ളതായി കാണാം. തമസ്സിനേയും രജസ്സിനേയും ഹനിച്ച് സത്ത്വഗുണം സമ്പാദിക്കാനാണ് അദ്ദേഹം നിർദ്ദേശിക്കുന്നത്. ആ മഹാത്മാവ് പറയുന്നതു കാണുക.

"സത്ത്വഗുണത്തിൽ നിന്ന് ദിവ്യജ്ഞാനവും, രജസ്സിൽനിന്ന് ലോഭവും, തമസ്സിൽനിന്ന് തെറ്റ്, ഭ്രമം, വിവരക്കേട് എന്നിവയുമുണ്ടാകുന്നു.

സൽകർമ്മത്തിന്റെ ഫലം പരിശുദ്ധിയും സ്വാത്തികതയുമാണ്.

രജസ്സിന്റെ ഫലം ദുഃഖവും,

തമസ്സിന്റെ ഫലം അവിവേകവുമാകുന്നു."9

## ഏകദൈവതത്ത്വം

ദൈവത്തെക്കുറിച്ച് ശ്രീകൃഷ്ണമഹാരാജ് ഇപ്രകാരം പറയുന്നു:

"സർവാന്തര്യാമിയായ ദൈവം എല്ലാ വസ്തുക്കളേയും യന്ത്രത്തിൽ കയറ്റിവച്ചതുപോലെ മായകൊണ്ടു ചലിപ്പിച്ച് സ്ഥിതിചെയ്യുന്നു. അല്ലയോ അർജ്ജുനാ! നീ എല്ലാവിധേനയും ആ ദൈവത്തെമാത്രം ശരണം പ്രാപിക്കുക. അവന്റെ അനുഗ്രഹത്താൽ പരമമായ ശാന്തിയും, പുനരാവർത്തിരഹിതമായ പദവിയും നീ പ്രാപിക്കും."10

## ദിവ്യജ്ഞാനം

മഹാത്മാ ശ്രീകൃഷ്ണന്റെ മറ്റുചില സിദ്ധാന്തങ്ങൾകൂടി താഴെ ചേർക്കുന്നു.

സത്യം കണ്ടറിഞ്ഞ ജ്ഞാനികൾ (ഏതൊരു ജ്ഞാനത്തെ) നിനക്കുപദേശിച്ചു തരുമോ ആ ജ്ഞാനത്തെതന്നെ നമസ്ക്കാരത്തിലൂടെയും പ്രാർത്ഥനയിലൂടെയും ഉപാസനയിലൂടെയും നിനക്ക്

നേടാം.

എല്ലാ പാപികളിലും വച്ച് വലിയ പാപിയായിത്തീരുകയാണെങ്കിലും ദൈവികജ്ഞാനമാകുന്ന കപ്പൽ കൊണ്ട് പാപസമുദ്രം നിനക്ക് കടക്കാം.[11]

## സ്വയം ശുദ്ധീകരണം

"ആർ സ്വയം തന്നെ ജയിച്ചടക്കിയിരിക്കുന്നുവോ അവനു താൻതന്നെ ബന്ധുവാണ്. തന്റെമേൽ നിയന്ത്രണമില്ലാത്തവന് താൻതന്നെയാണ് ശത്രു.

ആത്മജയം ലഭിച്ചവനും ശാന്തി പ്രാപിച്ചവനുമായിട്ടുള്ളവൻ ശീതോഷ്ണങ്ങളിലും സുഖദുഃഖങ്ങളിലും മാനാപമാനങ്ങളിലും സമഭാവന പുലർത്തുന്നു" [12]

## മിതവർത്തിത്വം

''അല്ലയോ അർജ്ജുനാ! അധികം ആഹാരം കഴിക്കുന്നവനും ഒട്ടും ആഹാരം കഴിക്കാത്തവനും യോഗമില്ല. അധികം ഉറങ്ങുന്നവനുമില്ല; എപ്പോഴും ഉണർന്നിരിക്കുന്നവനുമില്ല.

മിതമായ ആഹാരവും വിഹാരവും നിർവഹിക്കുന്നവനും പ്രവൃത്തികളിൽ ഔചിത്യദീക്ഷപാലിക്കുന്നവനും ഉറക്കവും ഉണർന്നിരിക്കലും വേണ്ടയളവിൽ നിർവഹിക്കുന്നവനും ദുഃഖനാശകമായ യോഗം കരഗതമാവുന്നു."[13]

## സമഭാവന

"ശത്രുവിലും മിത്രത്തിലും സമഭാവനയുള്ളവനും, മാനത്തിലും അപമാനത്തിലും ശീതോഷ്ണങ്ങളിലും സുഖദുഃഖങ്ങളിലും വികാരപ്പെടാത്ത സമചിത്തനും, സ്തുതിയും നിന്ദയും തുല്യമായി ഗണിക്കുന്നവനും, മൗനം പാലിക്കുന്നവനും (ആധ്യാത്മിക മാർഗ്ഗത്തിൽ) വീടുപേക്ഷിച്ചവനും, സ്ഥിരനിഷ്ഠനും, ഭക്തിയോടെ ജീവിക്കുന്നവനും എനിക്ക് പ്രിയപ്പെട്ടവനാണ്."14

ഇപ്രകാരം ഏകദൈവദർശനം, ദിവ്യജ്ഞാനമാർഗ്ഗം, സ്വഭാവസംസ്ക്കരണം തുടങ്ങി വിവിധ പ്രശ്നങ്ങളെപ്പറ്റിയുള്ള ശ്രീകൃഷ്ണന്റെ ഉദാത്ത പാഠങ്ങൾ അദ്ദേഹത്തിന്റെ സത്യതക്ക് തെളിവായി നിലനിൽക്കുന്നു. അദ്ദേഹം വരിച്ച ത്യാഗങ്ങളും അദ്ദേഹം വരുത്തിയ മാറ്റങ്ങളും മുഖേന അല്ലാഹു അദ്ദേഹത്തിന് മഹത്തായ സ്ഥാനമാനങ്ങൾ നൽകുകയുണ്ടായി.

## കൃഷ്ണൻ വാഴ്ത്തപ്പെടുന്നു.

ശ്രീകൃഷ്ണൻ നബിയായിരുന്നുവെന്ന വാർത്തക്ക് സാർവലൗകിക പ്രചാരണം നേടിക്കൊടുത്തത് യുഗ പുരുഷനായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) മുഖേന സംഭവിച്ച ആത്മീയ വിപ്ലവങ്ങളിൽ ഒന്നാണ്. തന്റെ ദിവ്യമായ തൂലികയിലൂടെ ആ മഹാത്മാവ് ശ്രീകൃഷ്ണന്റെ മഹിമകൾ രേഖപ്പെടുത്തി. അവിടുന്ന് കൃഷ്ണനെ വാഴ്ത്തിപ്പറഞ്ഞ വാക്കുകളിൽ ചിലത് താഴെ ചേർക്കട്ടെ.

''ആര്യജനതയിൽ കൃഷ്ണൻ എന്ന പേരിൽ കഴിഞ്ഞു കടന്ന വ്യക്തി, അല്ലാഹുവിന്റെ വരിഷ്ഠദാസന്മാരിൽപ്പെട്ട ആ കാലത്തെ ഒരു നബിയായിരുന്നുവെന്ന് എനിക്ക് കശ്ഫിൽ (ആത്മീയ ദർശനത്തിൽ) പല തവണ അല്ലാഹുവിൽ നിന്നു അറിവു ലഭിച്ചിരിക്കുന്നു. " 15

" ഈ രാജ്യത്തിൽ പൊതുവേയും ബംഗാളിൽ പ്രത്യേകമായും അത്യാദരവോടെ സ്മരിക്കപ്പെടുന്ന മഹാത്മാവും അവതാര പുരുഷനുമാണ് ശ്രീകൃഷ്ണൻ. അദ്ദേഹം തനിക്ക് ദൈവഭാഷണം സിദ്ധിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തെ ദൈവനിയോഗിതൻ എന്നു മാത്രമല്ല ദൈവം തന്നെയാണെന്നു വിശ്വസിക്കുന്നുണ്ടെങ്കിലും അദ്ദേഹം തന്റെ കാലത്തെ ഒരു നബിയും അല്ലാഹുവിന്റെ വചനാമൃതം കൊണ്ട് അനുഗൃഹീതനായ അവതാര പുരുഷനുമായിരുന്നുവെന്നത് സംശയരഹിതമാണ്." 16.

തന്റെ ആഗമനത്തെ വിവരിച്ചു കൊണ്ട് പുണ്യാത്മാവായ ഹസ്റത്ത് അഹ്മദ് (അ) പറയുകയാണ്.

" ഈ കാലഘട്ടത്തിൽ അല്ലാഹുവിൽ നിന്നും ഞാൻ നിയുക്തനായിരിക്കുന്നത് മുസ്ലിംകളുടെ സമുദ്ധാരണത്തിനുവേണ്ടി മാത്രമല്ല, മുസ്ലിം, ഹിന്ദു, ക്രിസ്ത്യൻ എന്നീ മൂന്നു സമുദായങ്ങളുടേയും സംസ്കരണത്തിനായിട്ടാകുന്നു. അല്ലാഹു എന്നെ മുസ്ലിംകൾക്കും ക്രിസ്ത്യാനികൾക്കും മസീഹ് മൗഊദ് ആക്കി അയച്ചതുപോലെ ഞാൻ ഹിന്ദുക്കൾക്ക് ഒരു അവതാരം എന്ന നിലയിലും ആകുന്നു.

"ലോകത്ത് നിറഞ്ഞുകിടക്കുന്ന പാപങ്ങളെ ദൂരീകരിക്കുന്നതിനായിട്ടാണ് ഞാൻ വന്നിട്ടുള്ളത് എന്ന വസ്തുത കഴിഞ്ഞ ഇരുപതിലേറെ വർഷമായി ഞാൻ പരസ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഞാൻ മർയമിന്റെ മകൻ മസീഹിന്റെ രൂപത്തിലെന്ന പോലെ രാജാകൃഷ്ണന്റെ രൂപത്തിലുമാണ് വന്നിരിക്കുന്നത്. അദ്ദേഹം ഹിന്ദുമതത്തിലെ എല്ലാ അവതാരപുരുഷന്മാരിലും വെച്ച് വലിയ അവതാരമായിരുന്നു. ആധ്യാത്മികമായി ഞാൻ അദ്ദേഹം തന്നെയാണ്. ഞാനിപ്പറയുന്നത് എന്റെ വെറും സങ്കല്പങ്ങളും അഭിപ്രായങ്ങളും അല്ല. ആകാശഭൂമികളുടെയും സർവ്വചരാചരങ്ങളുടെയും രക്ഷിതാവായ അല്ലാഹു എന്നോട് പറഞ്ഞിട്ടുള്ള വസ്തുതയാകുന്നു. ഒരു പ്രാവശ്യമല്ല; എത്രയോ പ്രാവശ്യം അല്ലാഹു എന്നോട് നീ ഹിന്ദുക്കൾക്ക് കൃഷ്ണനും, മുസ്ലിംകൾക്കും ക്രിസ്ത്യാനികൾക്കും വാഗ്ദത്തമസീഹുമാണ് എന്നു പറഞ്ഞിട്ടുണ്ട്.

"അജ്ഞനായ ഒരു മുസ്ലിം ഇതു കേട്ട് ഇതാ ഇവൻ ഒരു കാഫിറിന്റെ പേർ തന്റെ മേൽചേർത്തുകൊണ്ട് വ്യക്തമായും കുഫ്റിനെ അംഗീകരിച്ചിരിക്കുന്നുവെന്നു പറഞ്ഞേക്കാം. എന്നാൽ, ഇത് അല്ലാഹുവിന്റെ വെളിപാടാകുന്നു. ഇതു തുറന്നു പറയാതിരിക്കാൻ എനിക്ക് നിർവാഹമില്ല. ഇത്തരം ഒരു മഹാസദസ്സിൽ ഞാനിക്കാര്യം തുറന്നു പ്രസ്താവിക്കുന്നത് ഇതാദ്യമാണ്. അല്ലാഹുവിൽനിന്നു വെളിപ്പെടുന്ന ആളുകളാരോ അവർ ദുർഭാഷകരുടെ ആക്ഷേപശരങ്ങളൊന്നും ഭയപ്പെടുന്നവരല്ല.

"ഹിന്ദുക്കളിലെ ഋഷിമാരിലും അവതാരപുരുഷന്മാരിലും വച്ച് തുല്യത

കാണാത്ത ഒരു പരിപൂർണ്ണവ്യക്തിയാണ് രാജാകൃഷ്ണൻ എന്നു അല്ലാഹു എനിക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു. തന്റെ കാലത്തെ അവതാരം അഥവാ നബി ആയിരുന്നു അദ്ദേഹം. റൂഹുൽഖുദുസ് അദ്ദേഹത്തിൽ ഇറങ്ങിയിരുന്നു. അല്ലാഹു അദ്ദേഹത്തെ വിജയശ്രീലാളിതനും പ്രതാപവാനുമാക്കി. ആര്യാവർത്തത്തിൽ പടർന്നു പിടിച്ച തിന്മകളെ അദ്ദേഹം തുടച്ചു നീക്കി. യഥാർത്ഥത്തിൽ അദ്ദേഹം ആ കാലത്തെ നബിയായിരുന്നു. പക്ഷേ, പിൽക്കാലത്ത് അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ പലതരത്തിലും വികൃതമാക്കപ്പെട്ടു. ആ പുണ്യഹൃദയം ദൈവപ്രേമഭരിതമായിരുന്നു. അദ്ദേഹം സദ്‌വൃത്തിയെ അങ്ങേയറ്റം സ്നേഹിക്കുകയും തിന്മയോട് അടങ്ങാത്ത ശത്രുത പുലർത്തുകയും ചെയ്തിരുന്നു.

"അവസാന കാലത്ത് അദ്ദേഹത്തിന്റെ ഒരു പ്രതിരൂപം അഥവാ അവതാരം പ്രത്യക്ഷപ്പെടുമെന്നുള്ളത് അല്ലാഹുവിന്റെ വാഗ്ദാനമായിരുന്നു. ആ വാഗ്ദാനം എന്റെ ആഗമനത്തോടെ പൂർത്തിയായി. മറ്റു ദിവ്യവെളിപാടുകളോടൊപ്പം എന്നെ സംബന്ധിച്ച് എനിക്കുണ്ടായ ദിവ്യഅരുളപ്പാടുകളിൽ ഒന്ന്, "ഹേ കൃഷ്ണൻ! രുദ്രഗോപാൽ! നിന്റെ മഹത്ത്വം ഗീതയിൽ എഴുതപ്പെട്ടിരിക്കുന്നു" എന്നാകുന്നു. ഞാൻ കൃഷ്ണനെ സ്നേഹിക്കുന്നു. കാരണം ഞാൻ അദ്ദേഹത്തിന്റെ പ്രതിംബിബമാണ്." 17

"കൃഷ്ണന് രണ്ടു ഭാവവിശേഷണങ്ങളുണ്ടായിരുന്നു. ഒന്ന്, രുദ്രൻ അഥവാ ക്രൂരജന്തുക്കളേയും കാട്ടുപന്നികളേയും ഹനിക്കുന്നവൻ; അവയെ അദ്ദേഹം പ്രമാണയുക്തികൾ കൊണ്ടും ന്യായവാദങ്ങൾകൊണ്ടും നശിപ്പിക്കും.

കൃഷ്ണന്റെ മറ്റൊരു ഭാവവിശേഷണം ഗോപാൽ അഥവാ ഗോക്കളെ പാലിക്കുന്നവൻ എന്നുള്ളതത്രെ. അതായത്, അദ്ദേഹം സാത്വികരുടെ സഹായകനുമാണ്. വാഗ്ദത്തമസീഹിന്റെയും വിശിഷ്ട ഗുണങ്ങളായി പറയപ്പെട്ട ഈ രണ്ടു ഗുണങ്ങൾ അല്ലാഹു എനിക്ക് നൽകിയിരിക്കുന്നു."18

"കഷ്ടം! അധർമ്മികൾ ദാവൂദുനബിയുടെ പേരിൽ ദുർവൃത്തിയും പാപവും ആരോപിച്ചതുപോലെ കൃഷ്ണന്റെ പേരിലും അത്തരം അപരാധം ചുമത്തുകയുണ്ടായി. എന്നാൽ എപ്രകാരം ദാവൂദ് അല്ലാഹുവിന്റെ യോദ്ധാവും ധീരാത്മാവും അല്ലാഹുവിന് പ്രിയപ്പെട്ടയാളും ആയിരുന്നുവോ അപ്രകാരം തന്നെയായിരുന്നു ആര്യാവർത്തത്തിലെ കൃഷ്ണനും. അതിനാൽ ആര്യാവർത്തത്തിലെ ദാവൂദ് കൃഷ്ണനാണെന്നും, ഇസ്റായീൽ നബിമാരിലെ കൃഷ്ണൻ ദാവൂദാണെന്നും പറയുന്നതായാൽ അത് ശരിയായിരിക്കുന്നതാണ്."19.

---

*1. ഹസ്റത്ത്അഹ്മദ് (അ), മൽഫൂസാത്ത് - 10:143*

*2. ഹസ്റത്ത്അഹ്മദ് (അ), മൽഫൂസാത്ത് 10:142*

*3. മൗലാനാ അബ്ദുല്ലാഹ്സാഹിബ് എച്ച്. എ, സത്യദൂതൻ വാല്യം 10 പേജ്12*

*4. മൗലാനാ അബ്ദുല്ലാഹ്സാഹിബ് എച്ച്. എ. സത്യദൂതൻ 10:12*

*5. ഹസ്റത്ത്അഹ്മദ്(അ), മൽഫൂസാത്ത് - 10:143*

*6. ചശ്മയെ മഅ്രിഫത്ത്, റൂഹാനീഖസായിൻ - 23:382*

*7. മൗലാനാഅബ്ദുല്ലാഹ്സാഹിബ് എച്ച്. എ, സത്യദൂതൻ - 10:12*

*8. തുഹ്ഫയെ ഗോൾഡവിയ്യ, റൂഹാനീഖസായിൻ - 17:317*

*9. ഗീത, 14 : 16, 17*

*10. ഗീത, 18 : 61, 62*

*11. ഗീത, 4 : 34-36*

*12. ഗീത , 6:67*

*13. ഗീത, 6:16, 17*

*14. ഗീത, 12:18,19*

*15. തുഹ്ഫയെ ഗോൾഡവിയ്യ, റൂഹാനീഖസായിൻ - 17:317*

*16. പൈഗാമെ സുൽഹ്, റൂഹാനീഖസായിൻ - 23:445*

*17. ലക്ചർ സിയാൽകോട്ട്, റൂഹാനീ ഖസായിൻ 20:228, 229*

*18. തുഹ്ഫയെ ഗോൾഡവിയ്യ, റൂഹാനീഖസായിൻ - 17:317*

*19. ബറാഹീനെ അഹ്മദിയ്യ, റൂഹാനീഖസായിൻ - 21:117*

## ആരാധനാ വൈവിധ്യം

**ഓ**രോരുത്തനും എന്നെ ഓരോ തരത്തിലറിഞ്ഞ് ഉപാസിക്കുന്നു. അവരുടെ ഉപാസനക്കനുസരിച്ച് സർവ്വാത്മകനായ ഞാൻ അവരെ അനുഗ്രഹിക്കുന്നു. എന്റെ വഴിവിട്ട് മറ്റൊരുവഴിക്ക് അവർ പോകുന്നില്ല. അവരുടെ അറിവിനും ആഗ്രഹത്തിനും തക്ക ഫലം ഞാൻ കൊടുക്കണമെന്നർത്ഥം

*(ഭഗവത് ഗീത 4:11)*

**ഓ**രോ സമുദായത്തിനും ഓരോ ആരാധനാ സമ്പ്രദായം നാം നിശ്ചയിച്ചിട്ടുണ്ട്. അവരത് ആചരിക്കുന്നു. അതിനാൽ ഇക്കാര്യത്തിൽ അവർ നിന്നോട് തർക്കിക്കാതിരിക്കട്ടെ. നിന്റെ നാഥനിലേക്ക് നീ ക്ഷണിക്കുക. നീ നേർ മാർഗ്ഗത്തിൽ തന്നെയാണ്.

*(വി. ഖുർആൻ 22: 68)*

ലേഖനം

# ദൈവത്തിന്റെ സത്ത

**ഹസ്റത്ത് മിർസാഗുലാം അഹ്മദ് (അ)**

## ദൈവത്തെ അന്വേഷിക്കുന്ന ഒരു ആത്മീയ മുമുക്ഷുവിന്ന് ദൈവം സ്വയം വെളിപ്പെടുന്നു.

മനുഷ്യപ്രകൃതിയിൽ ലീനമായിക്കിടക്കുന്ന ബോധശക്തികളിൽ ഒന്നാകുന്നു സർവ്വസമർത്ഥമായ ഒരു സത്തയെക്കുറിച്ചുള്ള അന്വേഷണബുദ്ധി. ആ പരമാർത്ഥ സത്തയിലേക്ക് മനുഷ്യനെ പ്രേരിപ്പിക്കുന്ന ഒരു ആകർഷണ ശക്തി ഹൃദയാന്തരാളത്തിൽ നിക്ഷിപ്തമായിരിക്കുന്നുണ്ട്. ഈ ആകർഷണത്തിന്റെ അഥവാ അന്വേഷണബുദ്ധിയുടെ ചിഹ്നം ശിശുവിൽ അതിന്റെ ജനനത്തോടുകൂടിത്തന്നെ പ്രകാശിച്ചുതുടങ്ങുന്നു. ജനിച്ചുവീണ ഉടനെ ശിശു അതിന്റെ ജന്മസിദ്ധമായ ആത്മബോധത്താൽ പ്രേരിതമായി മാതാവിന്റെ നേർക്ക് ചായുന്നു. പ്രകൃത്യാതന്നെ അതിനു തള്ളയോടു പ്രത്യേക സ്നേഹമുള്ളതായി കാണാം. അതിന്റെ അന്തർബോധങ്ങളും ശക്തികളും വികസിച്ചുവരുന്തോറും ഈ പ്രകൃതിഗുണവും പൂർവ്വാധികം പ്രകാശിച്ചുകൊണ്ടിരിക്കും. ഒടുവിൽ അന്തർനിക്ഷിപ്തമായ ഈ സ്നേഹശക്തി സ്പഷ്ടമായ നിലയിൽ വെളിപ്പെടുന്നു. അപ്പോൾ സ്വമാതാവിന്റെ മടിയിൽ അല്ലാതെ മറ്റെങ്ങും ശിശു സ്വാസ്ഥ്യം കണ്ടെത്തുകയില്ല. മാതാവിന്റെ സ്നേഹമസൃണമായ ലാളനാലിംഗനങ്ങളിലാണ് അതു പൂർണ്ണമായ സമാധാനവും സ്വസ്ഥതയും അനുഭവിക്കുക. തള്ളയുടെ അടുക്കൽ നിന്നും വേർപ്പെടുത്തപ്പെടുന്ന പക്ഷം അതിന്റെ സന്തോഷ സംതൃപ്തികൾ സന്താപങ്ങളായി മാറിപ്പോകുന്നു. ഈ ദു:ഖം മറ്റൊരു അനുഗ്രഹവും മൂലം പരിഹരിക്കപ്പെടുന്നതല്ല. മാതാവിന്റെ മാറിടത്തിലല്ലാതെ അതിനു യഥാർത്ഥമായ സമാധാനവും സംതൃപ്തിയും അനുഭവമാകുന്നില്ല. ഇപ്രകാരം ശിശുവിനെ മാതൃനികടത്തിലേക്ക് വലിച്ചുകൊണ്ടുപോകുന്ന ആകർഷണശക്തി എന്തായിരിക്കാം? അത് യഥാർത്ഥ ഭക്ത്യാരാധനകൾക്കർഹനായ സൃഷ്ടികർത്താവിലേക്ക് മനുഷ്യനെ തിരിച്ചുവിടുന്നതിനു ശിശുപ്രകൃതിയിൽ നിക്ഷിപ്തമായിരിക്കുന്ന സ്നേഹശക്തിയല്ലാതെ മറ്റൊന്നുമല്ല.

മനുഷ്യൻ ബാഹ്യവസ്തുക്കളിൽ സ്നേഹബന്ധം പ്രദർശിപ്പിക്കുമ്പോഴെല്ലാം ഈ ആകർഷണശക്തി തന്നെയാണ് അവനിൽ പ്രവർത്തിക്കുന്നത്. അവൻ ഏത് വസ്തുവിൽ സ്നേഹം കാണിക്കുന്നതായാലും ഇതേ ആകർഷണശക്തിയാണ് പ്രതിഫലിക്കുന്നത്. ഇങ്ങനെ അവൻ ബാഹ്യവസ്തുക്കളിൽ പ്രേമം കാട്ടുന്നത് പരമാർത്ഥമായ ലക്ഷ്യവസ്തുവിനെ തിരയുന്നതിനായുള്ള ആ സ്വാഭാവിക ബോധത്താൽ പ്രേരിതമായിട്ടാണെന്നു പറയാം. കളഞ്ഞുപോയതും പേരുപോലും മറന്നതുമായ ഒരു സാധനം തിരഞ്ഞുനടക്കുന്ന ഒരുവൻ തന്റെ ദൃഷ്ടിക്ക് ലക്ഷീഭവിക്കുന്ന ഓരോ വസ്തുവിലും അതിനെ അന്വേഷിക്കുന്നതുപോലെയാണ് മനുഷ്യൻ ബാഹ്യവസ്തുക്കളിലെല്ലാം തന്റെ ലക്ഷ്യവസ്തുവിനെ തിരയുന്നത്. അതിനാൽ അവനു ധനത്തിലും സന്താനത്തിലും ഭാര്യയിലുമുള്ള സ്നേഹവും മാധുര്യമേറിയ സ്വരവിശേഷങ്ങളിലുള്ള താല്പര്യവുമെല്ലാം സൂചിപ്പിക്കുന്നത് അജ്ഞാതമായ ആ പ്രേമലക്ഷ്യത്തെ സംബന്ധിച്ച അന്വേഷണമാണ്. എന്നാൽ സർവ്വ വസ്തുക്കളിലും ഊഷ്മാവെന്നപോലെ പരോക്ഷമായി സ്ഥിതിചെയ്യുന്ന അത്യന്തം സൂക്ഷ്മവും നിഗൂഢവുമായ ആ സർവ്വാത്മകശക്തിയെ മനുഷ്യന്റെ ബാഹ്യദൃഷ്ടിക്ക് കാണുവാനോ അപൂർണ്ണമായ ബുദ്ധിശക്തിക്ക് പ്രാപിക്കുവാനോ സാദ്ധ്യമല്ല. അതിനാൽ ആ അവ്യക്ത ശക്തിയെ തിരിച്ചറിയുന്ന വിഷയത്തിൽ മനുഷ്യനു വലിയ അബദ്ധങ്ങൾ പിണഞ്ഞുപോയിട്ടുണ്ട്. ഈ അബദ്ധങ്ങൾ മൂലമാണ് അരൂപനായ സൃഷ്ടികർത്താവിനുമാത്രം അവകാശപ്പെട്ട ഭക്തിഭാവങ്ങൾ സൃഷ്ടിവസ്തുക്കളിൽ അർപ്പിക്കപ്പെടുമാറായിരിക്കുന്നത്. ഈ പ്രമാദം വിശുദ്ധ ഖുർആൻ ദൃഷ്ടാന്തരൂപേണ ഭംഗിയായി എടുത്തുകാണിച്ചിരിക്കുകയാണ്. അത് ഈ ദൃശ്യപ്രപഞ്ചത്തെ, അടിത്തട്ടിൽ തെളിവാർന്ന കണ്ണാടി

പടുത്തിട്ടുള്ളതും അതിനടിയിൽക്കൂടി ശക്തിയായി ജലം പ്രവഹിക്കുമാറാക്കിയതുമായ സ്ഫടിക സൗധത്തോടു ഉപമിച്ചിരിക്കുന്നു. പളുങ്കു തട്ടിന്റെ ഉപരിഭാഗം ദർശിക്കുന്ന ഏത് ഉദാസീനദ്രഷ്ടാവും കണ്ണാടിയെ വെള്ളമെന്നു തെറ്റിദ്ധരിക്കുകയും, വെള്ളത്തിൽക്കൂടെ കടന്നുപോകുന്നതിനെന്നപോലെ അതിന്മേൽ നടക്കുവാൻ ശങ്കിക്കുകയും ചെയ്യുന്നു. അതാകട്ടെ അടിയിലുള്ള ജലത്തെ പ്രതിബിംബിച്ചുകാണിക്കുന്ന സ്വച്ഛസ്ഫടികം മാത്രമാണ്. ഇതേപ്രകാരം, ആകാശത്തിൽ ചരിക്കുന്നതായി കാണപ്പെടുന്ന സൂര്യചന്ദ്രാദിഗ്രഹങ്ങൾ അവയുടെ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആ സർവ്വോൽകൃഷ്ടസത്തയുടെ സാന്നിദ്ധ്യത്തെയാണ് വെളിപ്പെടുത്തുന്നത്. എന്നാൽ പ്രസന്നമായ കണ്ണാടിയെ ഉപരിപ്ലവദൃഷ്ടി വെള്ളമെന്നു തെറ്റിദ്ധരിച്ചതുപോലുള്ള ഒരു വ്യാമോഹത്താൽ മനുഷ്യന്റെ ദോഷാന്വിതമായ വിവേചന ശക്തി നഭശ്ചരങ്ങളായ ഗോളങ്ങളുടെ മുമ്പിൽ ഭക്തിപൂർവ്വം വണങ്ങുന്നു. ഈ സ്ഫടികസങ്കാശങ്ങളായ ജ്യോതിർഗോളങ്ങളിലൂടെ സ്വയം പ്രത്യക്ഷപ്പെടുന്ന ആ സർവ്വാത്മക ശക്തി അവയിൽനിന്നെല്ലാം വ്യതിരിക്തമായ ഒന്നാണ്. എന്നാൽ സൃഷ്ടിപൂജകരായ ബഹുദൈവ വിശ്വാസികൾ ഈ പ്രാപഞ്ചിക വസ്തുവിൽക്കൂടെ പ്രകാശിതമാകുന്ന ഈ പ്രത്യേക ശക്തിയുടെ ഗുണകർമ്മങ്ങളെ ഈ ജഡവസ്തുക്കളിൽത്തന്നെ ആരോപിച്ച് അവയ്ക്ക് ദൈവത്വം കൽപിക്കുന്നത് കേവലം അവരുടെ ദൃഷ്ടിവികല്പം കൊണ്ടാകുന്നു. ഈ സംഗതിയെയാണ് ഈ ഖുർആൻ വാക്യം പ്രത്യക്ഷമാക്കുന്നത്.

"(ഇത് നീ ശങ്കിക്കുന്നതുപോലെ വെള്ളമല്ല) മിനുസമേറിയ കണ്ണാടി പടുത്തിട്ടുള്ള സൗധം മാത്രമാണ്"

ചുരുക്കിപ്പറയുന്നതായാൽ, ദൈവം സ്വയം പ്രകാശകനാണെങ്കിലും അത്യന്തം നിഗൂഢനും അവ്യക്തനുമായിട്ടിരിക്കുകയാണ്. തൻമൂലം ആ സർവ്വാധികർത്താവിനെ സംബന്ധിച്ച നിശ്ചയജ്ഞാനത്തിലേക്ക് നമ്മെ നയിക്കുന്നതിന് ഈ സ്ഥൂലപ്രപഞ്ചത്തിൽ കാണപ്പെടുന്ന വ്യവസ്ഥിതി മാത്രം പര്യാപ്തമാവുകയില്ല. അതുകൊണ്ടാണ് ഈ ദൃശ്യപ്രപഞ്ചത്തിലെ സംവിധാനത്തെ അവലംബിച്ചു വിചിന്തനം ചെയ്തിട്ടുള്ളവർക്ക് എങ്ങും നിറഞ്ഞുകാണാവുന്ന പരിപൂർണ്ണ വ്യവസ്ഥയും ക്രമപദ്ധതിയും പ്രകൃതിയുടെ നിരവധി അത്ഭുതങ്ങളും കണ്ടാനന്ദിക്കുവാനും ആകാശത്തിലും ഭൂമിയിലും സൂക്ഷ്മാവലോകനം ചെയ്ത് പ്രകൃതിശാസ്ത്രം, ജ്യോതിശാസ്ത്രം, തത്ത്വജ്ഞാനം എന്നിവയിൽ നൈപുണ്യം നേടുവാനും സാധിച്ചതല്ലാതെ, ചരാചരാത്മകമായ ഈ വിശ്വകടാഹത്തിനു സ്രഷ്ടാവും രക്ഷിതാവുമായ ഒരു ദൈവമുണ്ടെന്നുള്ള ദൃഢബോധം വരുത്തുന്നതിനു സാധിക്കാതിരുന്നത്. അവർക്ക് ദൈവത്തിന്റെ സത്തയെക്കുറിച്ചുള്ള സന്ദേഹങ്ങളാകുന്ന അന്ധകാരപടലത്തിൽനിന്നു മുക്തമാവാൻ കഴിഞ്ഞില്ല. അവരിൽ അധികംപേരും പല അബദ്ധധാരണകൾക്കും വശഗരാവുകയും നിരർത്ഥ


**ദൈവത്തെസ്സംബന്ധിച്ചു പരിപൂർണ്ണവും പരമാർത്ഥവുമായ ജ്ഞാനലബ്ധിക്കായി മനുഷ്യനു സ്വഭാവേന യുള്ള ആർത്തിയെ ശമിപ്പിക്കുന്നതിനോ തൽവിഷയകമായി അവനുണ്ടാകുന്ന സംശയങ്ങളെ അകറ്റുന്നതിന്ന് പര്യാപ്തമായ രസായനപാനീയവുമല്ല അത്. പ്രകൃതി പഠനം കൊണ്ടുണ്ടാകുന്ന ആ അപക്വജ്ഞാ നം ന്യൂനതാപൂർണവും അപകടകരവുമാണ്. എന്തെന്നാൽ അതിൽ സാരസംയുക്തമായ യാഥാർത്ഥ്യത്തേക്കാൾ ശബ്ദകോലാഹലമാണ് അധികം.**


ങ്ങളായ ഊഹാപോഹങ്ങളിൽ കുടുങ്ങിപ്പോവുകയുമാണുണ്ടായത്. എന്നാൽ പ്രപഞ്ചകർത്താവിനെക്കുറിച്ചുള്ള അന്വേഷണത്തിൽ അവരുടെ വിജ്ഞാനം അവർക്കു വല്ല വിധത്തിലും സഹായകമായിട്ടുണ്ടെങ്കിൽ, അത് ഈ പരിപൂർണ്ണവും അന്യൂനവുമായ പ്രകൃതിസംവിധാനം സംവീക്ഷിച്ചപ്പോൾ ഈ സുവ്യവസ്ഥിതമായ പ്രപഞ്ചക്രമത്തിനു തീർച്ചയായും ഒരു കർത്താവും നിയാമകനുമുണ്ടായിരിക്കണമെന്നുള്ള അനുമാനത്തിൽ അവർ എത്തിച്ചേർന്നു എന്നതുമാത്രമാണ്. വാസ്തവത്തിൽ ഈ ബോധം ഈശ്വരസത്തയെ സംബന്ധിച്ചേടത്തോളം അപൂർണ്ണവും അപക്വവുമായ അറിവത്രെ. എന്തുകൊണ്ടെന്നാൽ, വിസ്മയാവഹമായ വ്യവസ്ഥിതിയോടുകൂടിയ ഈ പ്രപഞ്ചത്തിനു ഒരു കർത്താവുണ്ടായിരിക്കണമെന്നുള്ള അനുമാനത്തിനും യഥാർത്ഥത്തിൽ അവൻ ഉണ്ടെന്നുള്ള നിശ്ചയജ്ഞാനത്തിനും തമ്മിൽ വളരെ അന്തരമുണ്ട്. സങ്കല്പജ്ഞാനമാകട്ടെ മനസ്സിനു ശരിയായ സമാധാനവും സംതൃപ്തിയും നൽകുകയോ സന്ദേഹങ്ങളെ നിശ്ശേഷം ദൂരീകരിക്കുകയോ ചെയ്യുന്നതിനു പര്യാപ്തമല്ല. ദൈവത്തെസ്സംബന്ധിച്ചു പരിപൂർണ്ണവും പരമാർത്ഥവുമായ ജ്ഞാനലബ്ധിക്കായി മനുഷ്യനു സ്വഭാവേനയുള്ള ആർത്തിയെ ശമിപ്പിക്കുന്നതിനോ തൽവിഷയകമായി അവനുണ്ടാകുന്ന സംശയങ്ങളെ അകറ്റുന്നതിന്ന് പര്യാപ്തമായ രസായനപാനീയവുമല്ല അത്. പ്രകൃതി പഠനം കൊണ്ടുണ്ടാകുന്ന ആ അപക്വജ്ഞാനം ന്യൂനതാപൂർണവും അപകടകരവുമാണ്. എന്തെന്നാൽ അതിൽ സാരസംയുക്തമായ യാഥാർത്ഥ്യത്തേക്കാൾ ശബ്ദകോലാഹലമാണ് അധികം.

### ദൈവം സംസാരിക്കുന്നു

എന്തിനധികം! പ്രകൃതിയിൽ കാണപ്പെടുന്ന കർമ്മകൗശല്യത്താൽ സർവ്വശക്തനായ ദൈവം സ്വയം പ്രത്യക്ഷനാകുന്നതുപോലെ തന്നെ തന്റെ വചനങ്ങൾ മൂലവും സ്വദാസർക്ക് വെളിപ്പെടാത്തപക്ഷം, അവന്റെ കർമ്മ

കുശലതയെ നിരീക്ഷണം ചെയ്തുകൊണ്ടുള്ള യുക്തിപരമായ ആസ്തികബോധം ഒരിക്കലും തൃപ്തികരമാകുന്നതല്ല. ഉദാഹരണമായി, മുറിയുടെ വാതിലുകളെല്ലാം അകത്തുനിന്നും അടച്ചിരിക്കുന്നതായി കാണപ്പെടുന്ന പക്ഷം അവ അകത്തുനിന്നു ബന്ധിച്ച ഒരാൾ അവിടെ ഉണ്ടെന്നായിരിക്കുമല്ലോ നാം അനുമാനിക്കുക. കാരണം, അകത്തെ സാക്ഷ പുറമേ നിന്നു ഇടുക സാദ്ധ്യമല്ലല്ലോ. എന്നാൽ, കുറേകാലമായിട്ട് ആ മുറിയിൽനിന്നു ഒരു ശബ്ദവും കേൾക്കാതിരിക്കുകയും, പുറമേനിന്നു തുടരെത്തുടരെയുള്ള അധിക കാലത്തെ വിളിക്ക് ഉത്തരം ലഭിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിലോ, അതിനുള്ളിൽ ആരോ ഉണ്ടെന്നുള്ള അഭിപ്രായം നാം മാറ്റേണ്ടതായി വരുന്നു. എന്നല്ല, അതിനകത്ത് ഒരാളുമില്ലെന്നും അജ്ഞാതമായ കാരണവശാൽ അകത്തെ സാക്ഷ വീണതായിരിക്കാമെന്നും നാം വിചാരിക്കുകയും ചെയ്യുന്നു. ഈ ദൃശ്യപ്രപഞ്ചത്തിന്റെ കർത്താവായ ദൈവത്തിന്റെ സത്തയെക്കുറിച്ചുള്ള തത്ത്വശാസ്ത്രജ്ഞന്മാരുടെ അന്വേഷണം കർമ്മകൗശല്യമാവുന്ന ഏക വിഷയത്തെ ആസ്പദമാക്കിക്കൊണ്ടുള്ളതായിരിക്കുന്നതിനാൽ അവർക്ക് അനുഭവമായതും ഇതുതന്നെയാണ്. ഈ ഭൗതികവസ്തുക്കളുടെ അടിയിൽനിന്നുമാത്രം സൃഷ്ടികർത്താവിനെ അന്വേഷിച്ചറിയുന്നതിനുള്ള ശ്രമം അപഥത്തിലാണെന്നേ പറയേണ്ടതുള്ളു. മഹാമഹത്ത്വവാനും സജീവനുമായിരിക്കുന്ന ദൈവത്തെ, മണ്ണിനടിയിൽ കുഴിച്ചുനോക്കിയാൽ മാത്രം കാണാവുന്ന ശവശരീരം കണക്കെ കരുതുന്നത് ഭീമമായ അബദ്ധമാകുന്നു. ദൈവം ലോകത്തിനു പ്രത്യക്ഷീഭവിക്കുന്നതിനു മനുഷ്യന്റെ സഹായവും പ്രയത്നവും ആവശ്യമായിരിക്കുന്നുവെന്നു വിചാരിക്കുന്നതു ബീഭത്സമായ വിചാരമത്രെ. ദൈവം അങ്ങനെയുള്ളവനാണെങ്കിൽ അവൻ നമ്മുടെ പ്രത്യാശകളുടെ കേന്ദ്രമായിരിക്കാവുന്നതല്ല. ദൈവം തന്റെ തിരുമുഖം സൃഷ്ടികൾക്ക് വെളിപ്പെടുത്തിക്കൊടുക്കുകയോ അവർ സ്വയമേവ ദൈവത്തിന്റെ ഉണ്മയെ അറിയുന്നതിന് മാർഗ്ഗം കണ്ടുപിടിക്കുകയോ എന്താണ് വേണ്ടത്? അനാദ്യന്തനും അദൃശ്യനുമായ ദൈവം പണ്ടേ തന്റെ വ്യക്തവും അനുഗ്രഹപൂർണ്ണവുമായ വചനങ്ങൾമൂലം സ്വസാന്നിദ്ധ്യത്തെ വെളിപ്പെടുത്തുകയും അതു വഴി ജനങ്ങളെ തന്നിലേക്ക് ക്ഷണിക്കുകയും ചെയ്തുവന്നിട്ടുണ്ട്. മനുഷ്യന്റെ പ്രയത്നം ഇല്ലായിരുന്നുവെങ്കിൽ നിത്യനും സനാതനുമായ പ്രപഞ്ചാധീശൻ അവന്റെ സൃഷ്ടികൾക്ക് ഒരിക്കലും അറിയപ്പെടുകയില്ലായിരുന്നുവെന്നോ തത്ത്വജ്ഞാനികൾ ഇല്ലായിരുന്നുവെങ്കിൽ പ്രപഞ്ച കർത്താവ് അജ്ഞാതനായി തന്നെ ഇരിക്കുമായിരുന്നുവെന്നോ വിചാരിക്കുന്നുവെങ്കിൽ, അതു വലിയ ധിക്കാരമാണെന്നുവേണം പറയാൻ.

*(ഇസ്ലാംമത തത്ത്വജ്ഞാനം)*


# എം. ആർ. ആട്ടോ സ്പെയേഴ്സ്

**ഹൈസ്കൂൾ ജംഗ്ഷൻ - കരുനാഗപ്പള്ളി**

**ബുള്ളറ്റ്, ഹീറോഹോണ്ട, സുസുക്കി, യമഹ, വെസ്പ, കൈനറ്റിക് തുടങ്ങിയ എല്ലാവിധ ടൂ വീലറുകളുടെയും ത്രീ വീലറുകളുടെയും എല്ലാ ജനുവിൻ സ്പെയർ പാർട്സുകളും, ടൂൾസ് ഇനങ്ങളും, എല്ലാത്തരം എക്സ്ട്രാ ഫിറ്റിങ്ങ്സുകളും മിതമായ നിരക്കിൽ ഇവിടെ ലഭിക്കുന്നതാണ്.**

*പ്രൊപ്രൈറ്റർ, എം. അൻവർ അഹ്മദ്*

# മാനവസമത

സർ സഫറുല്ലാഹ്ഖാൻ

## വർഗ്ഗം, വർണ്ണം, വംശം, ഭാഷ എന്നിവക്കതീതമായി മനുഷ്യരെല്ലാം സമന്മാരാണ് എന്നതാണ് ഇസ് ലാമിക മാനവ സങ്കല്പം

തുല്യമായ അന്തസ്സോടും അവകാശങ്ങളോടും കൂടി സ്വതന്ത്രരായിട്ടാണ് എല്ലാ മനുഷ്യരും ജനിക്കുന്നത്. വിവേചന ബുദ്ധിയും മനസ്സാക്ഷിയും എല്ലാവർക്കും ജന്മസിദ്ധമായിട്ടുള്ളതാകുന്നു. സാഹോദര്യ മനോഭാവത്തോടെ അവർ അന്യോന്യം പെരുമാറേണ്ടതാണ്.

വർഗ്ഗം, വർണ്ണം, ലിംഗം, ഭാഷ, മതം, രാഷ്ട്രീയമോ അല്ലാതുള്ളതോ ആയ അഭിപ്രായം, ദേശീയമോ സാമൂഹ്യമോ ആയ ഉല്പത്തി, സ്വത്ത്, ജനനം, പദവി എന്നിങ്ങനെയുള്ള യാതൊരു വ്യത്യാസവും കൂടാതെ സകലരും ഈ പ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും അർഹരാകുന്നു.

ഇതിന്നുപുറമെ, യാതൊരാളോടും സ്വതന്ത്രമോ, ട്രസ്റ്റിയായുള്ളതോ, സ്വയംഭരണമില്ലാത്തതോ പരമാധികാരത്തിന്റെ മറ്റേതെങ്കിലും വരുതിയിൽ പെടുന്നതോ ആയ അയാളുടെ രാജ്യത്തിന്റെയോ പ്രദേശത്തിന്റെയോ രാഷ്ട്രീയ സ്വഭാവത്തെയോ അധികാര സീമകളെയോ അന്താരാഷ്ട്രീയ പദവിയെയോ മുൻനിറുത്തി യാതൊരു വിവേചനവും കാണിക്കപ്പെടുന്നില്ല.

ഈ ഖണ്ഡികകൾ മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും സമത്വത്തെയും അന്തസ്സിനെയും കുറിച്ച് ഊന്നിപ്പറയുന്നു. വിവേകവും മനസ്സാക്ഷിയും ഉള്ളവരെന്ന നിലയിൽ മനുഷ്യർ പരസ്പരം സഹോദരത്വേന വർത്തിക്കണം. ആരുടെയും നേരെ വിവേചനപരമായി പെരുമാറുവാനോ അതിന്നനുവദിക്കുവാനോ പാടുള്ളതല്ല.

സർവ്വസ്രഷ്ടാവായ ദൈവത്തിന്റെ ഏകത്വത്തിൽ നിന്നുത്ഭവിക്കുന്നതാണ് മനുഷ്യവർഗ്ഗത്തിന്റെ സമത്വം എന്ന് ഖുർആൻ ഘോഷിക്കുന്നു. ഒരൊറ്റ വർഗ്ഗഗണമായി മനുഷ്യനെ സൃഷ്ടിച്ച ദൈവത്തോട് കൂറും വണക്കവും കാണിക്കാൻ എല്ലാ മനുഷ്യരും ബാദ്ധ്യസ്ഥരാകുന്നു. "അല്ലയോ മനുഷ്യരെ, നിങ്ങളെയും നിങ്ങൾക്കു മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ വണങ്ങുവിൻ, നിങ്ങൾ സദ്‌വൃത്തരാകാൻ വേണ്ടി; ഭൂമിയെ നിങ്ങൾക്കായി ഒരു മെത്തപോലെ ഒരുക്കിത്തരികയും, ആകാശത്തെ ഒരു മേലാപ്പുപോലെ ആക്കുകയും മേഘങ്ങളിൽ നിന്ന് മഴ പെയ്യിച്ചുതരികയും അങ്ങനെ, നിങ്ങളുടെ ജീവസന്ധാരണത്തിനുള്ള കായ്കനികൾ പുറപ്പെടുവിക്കുകയും ചെയ്തവൻ അവനത്രെ." (2:22–23). സകലവും അവന്റെ സൃഷ്ടികളാകുന്നു; എല്ലാവരും അവന്റെ അനുഗ്രഹവായ്പിൽ നിന്ന് അനുഭവിക്കേണ്ടിവരും. "അല്ലയോ മനുഷ്യസമുദായമേ, നിങ്ങളുടെ നാഥനോട് നിങ്ങൾക്കുള്ള കടമയെക്കുറിച്ച് ബോധവാന്മാരായിക്കുവിൻ. ഒരേയൊരു സത്തയിൽ നിന്ന് നിങ്ങളെയും നിങ്ങളുടെ ഇണയേയും സൃഷ്ടിച്ചത് അവനത്രെ. ആ ഇണയിൽ നിന്ന് അസംഖ്യം സ്ത്രീപുരുഷന്മാരെ പെരുകുമാറാക്കിയതും അവനാകുന്നു. അല്ലാഹുവിനോടുള്ള നിങ്ങളുടെ കടമയെക്കുറിച്ചോർക്കുവിൻ. അവന്റെ പേരിലല്ലോ നിങ്ങളന്യോന്യം അഭ്യർത്ഥന ചെയ്യുന്നത്; ബന്ധുത്വപരമായ കെട്ടുപാടുകളെക്കുറിച്ച് ബോധമുള്ളവരായിരിക്കുവിൻ"(4:2)

മനുഷ്യരെ പരസ്പരം കൂട്ടിയിണക്കുന്ന ബന്ധുത്വപരമായ കെട്ടുപാടുകളിലേക്കും ഒരൊറ്റ വർഗ്ഗഗണമായി മനുഷ്യരെ സൃഷ്ടിച്ച ദൈവത്തിന്റെ അനുഗ്രഹ വായ്പിലേക്കുമാണ് ഈ വാക്യം നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഒരേ ഒരു സ്രഷ്ടാവിന്റെ പടപ്പുകളെന്ന നിലയിൽ ആത്മീയമായി എല്ലാ മനുഷ്യരും പരസ്പരം ബന്ധുക്കളായിരിക്കുന്നതുപോലെ ഒരേ വർഗ്ഗഗണത്തിൽ പെട്ടവരെന്ന നിലയിൽ ഭൗതികമായും അവർ ബന്ധുക്കളാകുന്നു. പ്രഭവസ്ഥാനത്തെയോ പാരമ്പര്യത്തെയോ അടിസ്ഥാനമാക്കി എന്തെങ്കിലും മേന്മ അവകാശപ്പെടാൻ ആർക്കും ഒരു പഴുതും അവശേഷിച്ചിട്ടില്ല.

പൊതുവായ ഉൽപത്തിയെ സംബന്ധിച്ച ഈ വസ്തുത ഒരു ദിവ്യാനുഗ്രഹമെന്നോണം ഖുർആൻ ഊന്നിപ്പറഞ്ഞിരിക്കയാണ്. "അല്ലാഹു നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്കുള്ള ഇണയെ ഉണ്ടാക്കുകയും, നിങ്ങളുടെ ഇണയിൽ നിന്നും സന്തതികളെയും സന്തതീസന്തതികളെയും സൃഷ്ടിക്കുകയും നിങ്ങൾക്കായി നല്ല വസ്തുക്കൾ പ്രദാനം ചെയ്കയും ചെയ്തു. എന്നിട്ടും, അവർ പൊങ്ങച്ചം തേടിപ്പായുകയും അല്ലാഹുവിന്റെ അനുഗ്രഹത്തെ

നിരാകരിക്കുകയും ചെയ്യുന്നുവോ?" (16:73)

ജനനം, രാഷ്ട്രം എന്നിങ്ങനെയുള്ളവയെ അടിസ്ഥാനമാക്കി യാതൊരു പ്രത്യേകാവകാശവും ഇസ്ലാം ആർക്കും അനുവദിച്ചിട്ടില്ല. സാത്വികതയിൽ നിന്നാണ് യഥാർത്ഥമായ കുലീനത്വം ഉടലെടുക്കുന്നത്. "അല്ലയോ മനുഷ്യരെ, നിങ്ങളെ നാം ആണിൽ നിന്നും പെണ്ണിൽ നിന്നും സൃഷ്ടിച്ചു. പരസ്പരം ഇടപെടുന്നതിനുള്ള സൗകര്യക്കൂടുതലിന്നുവേണ്ടി നിങ്ങളെ ഗോത്രങ്ങളായും ഉപഗോത്രങ്ങളായും തിരിക്കുകയും ചെയ്തു. ദൈവദൃഷ്ടിയിൽ നിങ്ങ ളിൽ ഏറ്റവും ബഹുമാന്യൻ നിങ്ങളിൽ ഏറ്റവും സാത്വികനാരോ അയാളത്രെ. അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനും ആകുന്നു." (49:15)

ദൈവത്തിന്റെ "ഭൂമിയിലെ പ്രതിനിധികൾ" (35:40) ആയി മനുഷ്യസമുദായത്തെ നിശ്ചയിക്കുകയും കേൾവി, കാഴ്ച, ധാരണ തുടങ്ങിയ അനുയോജ്യമായ കഴിവുകളും ശക്തികളും നല്കി മനുഷ്യനെ ധന്യനാക്കുകയും നിയമത്താൽ ഭരിക്കപ്പെടുന്നതും അനുഗ്രഹപൂർണ്ണവുമായ പ്രപഞ്ചത്തെ അവന്റെ സേവനാർത്ഥം സജ്ജമാക്കുകയും ചെയ്തുകൊണ്ട് ദൈവം മനുഷ്യന് എത്രയും അന്തസ്സാർന്ന ഒരു സ്ഥാനമാണ് നല്കിയിരിക്കുന്നത്. "നിശ്ചയമായും നാം മനുഷ്യനെ ഏറ്റവും ഉൽകൃഷ്ടമായ രൂപത്തിൽ സൃഷ്ടിച്ചു." (95:5)

"അവനത്രെ ദൃശ്യത്തെയും അദൃശ്യത്തെയും അറിയുന്നവൻ, പ്രതാപവാൻ, പരമകാരുണികൻ, "സൃഷ്ടിച്ചതിനെയെല്ലാം ഉത്തമങ്ങളായി സൃഷ്ടിച്ചവനാരോ അവൻ. മണ്ണിൽ നിന്ന് അവൻ മനുഷ്യന്റെ സൃഷ്ടി ആരംഭിച്ചു പിന്നീട് അവൻ നിസ്സാരമായ ഒരു ദ്രവസത്തിൽ നിന്ന് അവന്റെ സന്തതിയെ ഉണ്ടാക്കി. പിന്നെ, അവൻ അതിന്ന് രൂപസൗഭഗം വരുത്തുകയും തന്റെ ആത്മാവിൽ നിന്ന് അവനിൽ ഊതുകയും ചെയ്തു. കേൾവിയും കാഴ്ചയും ധാരണാശക്തിയും അവൻ നിങ്ങൾക്ക് പ്രദാനം ചെയ്തിരിക്കുന്നു. എന്നാൽ നിങ്ങൾ എത്ര തുച്ഛമായിട്ടാണ് നന്ദികാട്ടുന്നത്!" (32: 7-10)

"ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം നിങ്ങളുടെ സേവനാർത്ഥം അവൻ കീഴ്പ്പെടുത്തിത്തന്നിരിക്കുന്നു; അവയെല്ലാം അവനിൽനിന്നുള്ളവയത്രെ. നിശ്ചയമായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ അടയാളങ്ങൾ അടങ്ങിയിരിക്കുന്നു." (45:41)

മനുഷ്യൻ ഇതെല്ലാം അറിയുന്നവനാണ്. സ്വന്തം ആത്മാവിന്നെതിരെ അവൻ ഒരു സാക്ഷിയുമാകുന്നു; തന്റെ ഒഴികഴിവുകൾ അവൻ മുമ്പോട്ടുവെക്കുമെങ്കിലും (75: 15,16) എന്തെന്നാൽ സ്വയം ശാസിച്ചുകൊണ്ടേയിരിക്കുന്ന, കുറ്റപ്പെടുത്താൻ കഴിവുള്ളതും തീഷ്ണവുമായ ഒരു സജീവ മനസ്സാക്ഷി അവന്ന് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. (75:3)

എല്ലാ ഘട്ടങ്ങളിലും സാഹോദര്യത്തിന്റെ അന്തസ്സത്തയെ ഇസ്ലാം ഊന്നിയുറപ്പിക്കുന്നു. മുസ്ലിം സമൂഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അത് പരന്നുകിടക്കുകയാണ്. കാരുണ്യവാരിധിയായ ഒരേ സ്രഷ്ടാവിന്റെ സൃഷ്ടികളും സേവകരുമാണ് എല്ലാ മനുഷ്യരുമെന്നും അവന്റെ തൃപ്തിനേടുന്നതിനുവേണ്ടി അവർ സഹോദരത്വേന ഒന്നിച്ചുചേർന്ന് ജീവിക്കണമെന്നുള്ള സത്യത്തിന്റെ പ്രയോഗവൽക്കരണമത്രെ അത്.

"അല്ലാഹുവിന്റെ പാശം നിങ്ങൾ മുറുകെ പിടിക്കുവിൻ. നിങ്ങൾ ഭിന്നിക്കൊല്ലാ. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നിരിക്കെ അല്ലാഹു നിങ്ങളിൽ കനിഞ്ഞരുളിയ അനുഗ്രഹത്തെ നിങ്ങൾ അനുസ്മരിക്കുവിൻ. അവൻ നിങ്ങളുടെ ഹൃദയങ്ങളെ സ്നേഹത്താൽ ഐക്യപ്പെടുത്തുകയും അവന്റെ അനുഗ്രഹ വായ്പിനാൽ നിങ്ങൾ സഹോദരങ്ങളായിത്തീരുകയും ചെയ്തു. നിങ്ങൾ ഒരു അഗ്നികുണ്ഡത്തിന്റെ വക്കത്തായിരുന്നു. അവൻ നിങ്ങളെ അതിൽ നിന്ന് രക്ഷപ്പെടുത്തി. ഇപ്രകാരമാണ് അല്ലാഹു നിങ്ങൾക്ക് കൽപനകളെ വിവരിച്ചുതരുന്നത്: നിങ്ങൾ നേർവഴിയിൽ ചരിക്കുമാറാകാൻ തന്നെ" (3:104).

നബിതിരുമേനി (സ) ഇപ്രകാരം ഉപദേശിച്ചു: "നിങ്ങൾ അന്യോന്യം അസൂയപ്പെടുകയോ ദുഷ്ടത പുലർത്തുകയോ അരുത്. പരസ്പരമുള്ള ബന്ധത്തെ മുറിക്കുകയും ചെയ്യൊല്ല. അല്ലയോ അല്ലാഹുവിന്റെ ദാസരേ, നിങ്ങൾ അന്യോന്യം സഹോദരങ്ങളെ പോലെ പെരുമാറുവിൻ" (ബുഖാരി). തിരുനബി (സ) ഇപ്രകാരം ഉണർത്തി : "നിങ്ങൾ പരസ്പരം സഹോദരന്മാരാകുന്നു. നിങ്ങളിൽ ഒരാൾ മറ്റൊരാളുടെ അവകാശങ്ങളെ ഹനിക്കരുത്. അതിക്രമത്തിന്നിരയായവനെ നിസ്സഹായനായി ഉപേക്ഷിക്കയുമരുത്. അതിക്രമത്തിന്നിരയായവനെ സഹായിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നവന് ദൈവം സഹായത്തിന്നെത്തുമെന്ന് ഓർത്തിരിക്കുവിൻ. സ്വസഹോദരന്റെ ഉൽക്കണ്ഠയകറ്റുവാൻ പണിപ്പെടുന്നവൻ, വിധിനാളിൽ തന്റെ ഉൽക്കണ്ഠ ദൈവം നീക്കിക്കളഞ്ഞതായി കാണുമാറാകും. സ്വസഹോദരന്റെ തെറ്റുകുറ്റങ്ങൾ കണ്ടില്ലെന്ന് വെക്കുന്നവന്റെ തെറ്റുകുറ്റങ്ങൾ അല്ലാഹുവും കണ്ടില്ലെന്നുവെക്കും" (തിർമിദി).

"തനിയ്ക്കുവേണ്ടി താൻ ഇച്ഛിക്കുന്നതിനെ തന്റെ സഹോദരനുവേണ്ടിയും ഇച്ഛിക്കുന്നതുവരെ നിങ്ങളിൽ ആരും വിശ്വാസികളാകയില്ല" എന്നും തിരുനബി (സ) അരുളുകയുണ്ടായി. (ബുഖാരി).

"ദ്രോഹിയായാലും ദ്രോഹിതനായാലും നീ നിന്റെ സഹോദരനെ സഹായിക്കുക!" എന്ന് നബിതിരുമേനി (സ) നിർദ്ദേശിച്ചു. ഒരു ദ്രോഹിയെ സഹായിക്കുന്നതെങ്ങനെയാണെന്ന് ചോദിച്ചപ്പോൾ അവിടുന്ന് തുടർന്നരുളി: "ദ്രോഹിയെ അവന്റെ ദ്രോഹപ്രവർത്തനങ്ങളിൽ നിന്ന് തടഞ്ഞുകൊണ്ടുതന്നെ!" (ബുഖാരി).

*("ഇസ്ലാമും മനുഷ്യാവകാശങ്ങളും" എന്ന പുസ്തകത്തിൽ നിന്ന്. പരിഭാഷ. ജ. എൻ. അബ്ദുർറഹിം)*

# ചരിത്രപുരുഷനായ കൃഷ്ണനെത്തേടി

എ. എം. മുഹമ്മദ് സലിം

## ഇതിഹാസ രൂപിയായ കൃഷ്ണ(അ) നെക്കുറിച്ച് ചരിത്രം അന്വേഷണം ആരംഭിച്ചിരിക്കുന്നു. ഭാരതത്തിന്റെ വെളിച്ചമായ കൃഷ്ണൻ ചരിത്രപുരുഷനായി പുനരവതരിക്കുമോ?

മത പുരുഷന്മാരും അക്കാഡമിക്ക് ചരിത്രവുമായി വലിയ ബന്ധമൊന്നുമില്ല. അക്കാഡമിക്ക് പണ്ഡിതന്മാർ എന്ന ഒരു വർഗ്ഗം ജനിക്കുന്നതിന് സഹസ്രാബ്ദങ്ങൾക്ക് മുമ്പ് മുതൽ ഭക്തഹൃദയങ്ങളിലെ ഭദ്രാസനങ്ങളിൽ മതപുരുഷന്മാർ വാഴ്ത്തപ്പെട്ടവരായി വിരാജിച്ചുവരുന്നു. മതകീയ പാരമ്പര്യങ്ങൾ കൈമാറുന്ന പുരാവൃത്തങ്ങളിലൂടെയും വിശ്വാസികളിലൂടെ പ്രവഹിച്ച അദൃശ്യവും അലൗകികവുമായ അനുഭൂതികളിലുടെയുമാണ് മതപുരുഷന്മാർ തലമുറകളെ തേടി വരുന്നത്. അത്തരത്തിൽ ഭാരതീയ സംസ്കൃതിയെയാകമാനം പ്രഭാവിതമാക്കിയ ആര്യാവർത്തത്തിലെ അത്യുജ്ജ്വലമായ ഒരു ആത്മീയ താരകമായിരുന്നു ഹസ്റത്ത് ശ്രീകൃഷ്ണൻ (അ). മുമുക്ഷുക്കളായ ഭക്തകവികൾ മാത്രമല്ല, ലൗകികന്മാരും കൃഷ്ണകഥാനുഗായികളായി നടത്തിയ സാഹിതീ സപര്യ ഭാരതീയ സാഹിത്യത്തെയാകമാനം പ്രഭാവിതമാക്കുന്നു. സഹസ്രാബ്ദങ്ങൾ കഴിഞ്ഞിട്ടും ആസേതു ഹിമാചലം ഭാരതത്തിലെ ജനകോടികൾക്ക് പുണ്യജീവിതം നയിക്കാൻ പ്രചോദനമായി വർത്തിക്കുന്ന ആ ദിവ്യജ്യോതി അല്ലാഹുവിനാൽ പ്രേഷിതനായ ഒരു പ്രവാചക പ്രവരനാകുന്നു. മതസാഹിത്യങ്ങളിൽ കാണുന്ന ധ്വന്യാത്മകങ്ങളായ ഉപമകളുടെയും അലങ്കാര വചനങ്ങളുടെയും ആത്മീയ ദർശനങ്ങളുടെയും അർത്ഥനിരുക്തങ്ങളിലേക്കും വിശകലനങ്ങളിലേക്കും ഇറങ്ങിചെല്ലാതെ യഥാശ്രുത ശ്രവണത്തിൽ ഭ്രമിച്ചുള്ള ബിംബവത്ക്കരണവും ഭക്തന്മാരുടെ അതിവർണ്ണനകളും അതിശയോക്തികളും മത പുരുഷന്മാരെ ഇതിഹാസ രൂപികളാക്കി മാറ്റുന്നു.

മഹാഭാരതത്തിലും, മഹാഭാരതത്തിന്റെ അനുബന്ധമായ ഹരിവംശത്തിലും ഭാഗവതത്തിനും പുറമെ വിഷ്ണുപുരാണം. ബ്രഹ്മപുരാണം, കൂർമ്മ പുരാണം, പത്മപുരാണം എന്നീ നിരവധി ഭാരതീയ ഇതിഹാസ പുരാണാദി സാഹിത്യങ്ങളിൽ ശ്രീകൃഷ്ണൻ നിറഞ്ഞുനിൽക്കുന്നു. പൂതനാമോക്ഷം, വെണ്ണ മോഷണം, കംസവധം, കൃഷ്ണ വക്ത്രത്തിലെ വിശ്വദർശനം, കാളിയമർദ്ദനം, ഗോവർദ്ധന പർവ്വതകം കുടയാക്കി പിടിച്ചത്. പതിനാറായിരത്തെട്ടു ഭാര്യമാർ, കാട്ടു തീ വിഴുങ്ങിയത്, ഗോപസ്തീകളുമായുള്ള രാസക്രീഢ, വൽസാസുരൻ, അഘാസുരൻ, ധേനുകൻ, പ്രലംബൻ, നരകാസുരൻ എന്നീ അസുരന്മാരുടെ വധം മുതലായ ശ്രീകൃഷ്ണ ചരിത്രത്തിലെ സംഭവങ്ങളിലെ നിഗൂഢാത്മകമായ പ്രതീകങ്ങളുടെ ധ്വനിയും വിവക്ഷയും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മനുഷ്യന് മാർഗ്ഗ ദർശനം നൽകാൻ സത്തയിലും ഗുണത്തിലും ആകാരത്തിലും നമ്മെ പോലെയുള്ള ഒരു ജൈവിക മനുഷ്യനാണ് കഴിയുക എന്ന ലളിത സത്യം നാം മറന്നുപോകുന്നു. ഹസ്റത്ത് ശ്രീകൃഷ്ണൻ മനുഷ്യനെ ദൈവിക മാർഗ്ഗത്തിലേക്ക് നയിക്കാൻ വന്ന ദൈവത്തിന്റെ ഒരു ദൂതനായിരുന്നു. ചരിത്രാംശം കുറയുകയും ഇതിഹാസാംശം കൂടുകയും ചെയ്യുമ്പോൾ മതപുരുഷന്മാർ പൂജനീയ ബിംബങ്ങളായി മാറുന്നു. മജ്ജയും മാംസവുമായി മാനുഷികമായ പരിമിതിക്കുള്ളിൽ ത്യാഗോജ്ജ്വലമായ കർമ്മജീവിതം നയിച്ചവരാണ് മത ഗുരുക്കന്മാർ. നമുക്ക് മാതൃകയാക്കാൻ പറ്റിയ ജൈവിക മനുഷ്യരായ ഈ മഹാത്മാക്കൾ ഇതിഹാസ രൂപിയായി മാറുമ്പോൾ മതപുരുഷന്മാരുടെ പുനർജനി അക്കാഡമിക്ക് ചരിത്രത്തിന്റെ നിയോഗമായി തീരുന്നു. ഇതിഹാസ രൂപിയായ നമ്മുടെ കണ്ണൻ (അ) നമുക്ക് അന്യനായി തീർന്നിരിക്കുന്നു. വാസ്തവത്തിൽ ഹസ്റത്ത് ശ്രീകൃഷ്ണ(അ)ന്റെ മഹത്വം അദ്ദേഹത്തിന്റെ മാനുഷതയുടെ സമ്പൂർണ്ണ പ്രകാശനത്തിലാണ്. അതിമാനുഷതയുടെ അതല സ്പർശിയായ ഭാവനാകല്പത്തിലല്ല. ചരിത്രം ഒരു സത്യാ

ന്വേഷണമാണെങ്കിൽ അത് ശ്രീകൃഷ്ണന്റെ ഇതിഹാസ മുക്തിക്കുള്ള സപര്യയായി മാറട്ടെ എന്നാണ് യഥാർത്ഥ കൃഷ്ണപ്രണയികൾ ആഗ്രഹിക്കുന്നത്. പുരാണാവലംബിതനായ ശ്രീകൃഷ്ണനെ പുരാവസ്തു വിജ്ഞാനീയം വിശകലനം ചെയ്യാനൊരുങ്ങി നിൽക്കുകയാണ്. ഗൗത മുനിയുടെ ശാപമേറ്റ് ശിലയായിത്തീർന്ന അഹല്യയെ ശിലാരൂപം വെടിഞ്ഞ് സുന്ദരിയാക്കി മാറ്റിയ ത്രേതായുഗത്തിലെ ശ്രീരാമചന്ദ്ര (അ) നെപോലെ വസ്തുനിഷ്ഠമായ ചരിത്രസ്പർശം ശ്രീകൃഷ്ണനെ ഇതിഹാസ മുക്തനാക്കുമോ?

പുണ്യപുരാതനമായ ഈ ഭാരത ഭൂമിയിലേക്ക് അല്ലാഹു അയച്ച ഹസ്റത്ത് ശ്രീകൃഷ്ണ (അ) നെ കുറിച്ച് മുഹമ്മദ് നബി (സ) പറയുകയുണ്ടായി. 'ഇന്ത്യയിൽ കാർവർണ്ണനായ ഒരു പ്രവാചകനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നാമം 'കാഹിന' (കണ്ണൻ) എന്നായിരുന്നു' (ദയ്‌ലമി). കൃഷ്ണ പദത്തിന്റെ നിരുക്തം മുഹമ്മദ് നബി (സ) പറഞ്ഞത് തന്നെയാണ്. 'കൃഷ്ണ വർണത്വാത് കൃഷ്ണ' കറുത്ത നിറം കാരണം കൃഷ്ണൻ (ലിംഗാഭട്ടൻ) ഭാഗവതത്തിൽ 'ആസൻ വർണാത് ത്രയോ ഹ്യസ്യ ഗൃഹ്ണതഃ അനുയുഗം തനു ശുക്ലോ രക്ത തഥാ പീത ഇദാതീം കൃഷ്ണയാം ഗതഃ' ഓരോ യുഗത്തിലും ശരീരങ്ങളെ ഗ്രഹിക്കുന്ന മഹാവിഷ്ണുവിന് വെളുപ്പ്, ചുവപ്പ് മഞ്ഞ എന്നീ മൂന്നു നിറങ്ങളുണ്ടായിരുന്നു. ഇപ്പോൾ കറുത്ത നിറത്തെ പ്രാപിച്ചിരിക്കുന്നു. കൃഷ്ണന് നീല മേഘശ്യാമളനെന്നും പേരുണ്ടല്ലോ. മുഹമ്മദ് നബി (സ) യുടെ വിനീത ശിഷ്യനും ഇക്കാലത്തെ ശ്രീകൃഷ്ണന്റെ പുനരവതാരമാണ് താനെന്ന് പ്രഘോഷിക്കുകയും ചെയ്ത അഹ്മ ദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹസ്റ ത്ത് അഹ്മദ് (അ) ഹസ്റത്ത് ശ്രീകൃഷ്ണ(അ)ന്റെ സത്യം സ്ഥാപിക്കാൻ കൂടി നിയുക്തനായ ഒരു മഹാത്മാവാകുന്നു. നിരവധി എതിർപ്പുകൾ സഹി ച്ചും ത്യാഗങ്ങളനുഷ്ഠിച്ചും സ്ഥിതപ്രജ്ഞനായി അല്ലാഹുവിനുവേണ്ടി ഈ സത്യം ലോകത്തോട് അദ്ദേഹം തുറന്നു പ്രഖ്യാപിക്കുകയുണ്ടായി. അദ്ദേ ഹം എഴുതുന്നു : "ഹിന്ദുക്കളിലെ ഋഷിമാരിലും അവതാരപുരുഷന്മാരിലും വച്ച് തുല്യത കാണാത്ത ഒരു പരിപൂർണ്ണ വ്യക്തിയാണ് രാജാകൃഷ്ണൻ എന്നു അല്ലാഹു എനിക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു. തന്റെ കാലത്തെ അവതാരം അഥവാ നബി ആയിരുന്നു അദ്ദേഹം. റൂഹുൽഖുദുസ് (പരിശുദ്ധാത്മാവ്) അദ്ദേഹത്തിൽ ഇറങ്ങിയിരുന്നു. അല്ലാഹു അദ്ദേഹത്തെ വിജയ ശ്രീലാളിതനും പ്രതാപവാനുമാക്കി. ആര്യാവർത്തത്തിൽ പടർന്നു പിടിച്ച തിന്മകളെ അദ്ദേഹം തുടച്ചു നീക്കി. യഥാർത്ഥത്തിൽ അദ്ദേഹം ആ കാലത്തെ നബിയായിരുന്നു." (തുഹ്ഫ യെ ഗോൾഡവിയ്യാ പേജ് 317)

പ്രവാചകന്മാരുടെ ചരിത്രം പഠിച്ച് അവരിൽ അദ്ധ്യാരോപിതമായ സ്ഥൂല വർണനകളിൽ നിന്നും ഇതിഹാസ പരിവേഷത്തിൽ നിന്നും അവരെ വിമുക്തമാക്കാനും ആ പുണ്യാത്മക്കളെ നിഷേധിച്ചവരുടെ ഗതി എന്താണെന്ന് പഠിക്കാനും വി. ഖുർആൻ നമ്മോട് ആഹ്വാനം ചെയ്യുന്നു. "പല നാട്ടുകാരിൽ നിന്നും നാം ദിവ്യസന്ദേശം നൽകികൊണ്ടിരുന്ന ചില പുരുഷന്മാരെയല്ലാതെ നിനക്ക് മുമ്പ് നാം പ്രവാചകന്മാരായി നിയോഗിച്ചിട്ടില്ല. എന്നാൽ ഇക്കൂട്ടർ ഭൂമിയിൽ സഞ്ചരിച്ചു നോക്കിയിട്ടില്ലേ? എങ്കിൽ അവർക്കു മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന് അവർക്ക് നോക്കിക്കാണാമായിരുന്നു. സൂക്ഷ്മത കൈക്കൊള്ളുന്നവർക്ക് പാരത്രിക ഭവനം ഏറ്റവും ഗുണകരമാണ്. എന്നിട്ടും നിങ്ങൾ ചിന്തിച്ചു മനസിലാക്കുന്നില്ലേ. (12:110)

ശ്രീകൃഷ്ണ ചരിത്രത്തിലെ ഇതിവൃത്തം പുരാതന കാലത്ത് ഏതൊരു ഗോത്രീയ രാഷ്ട്രീയ സമൂഹത്തിലും സംഭവിക്കാവുന്ന വിഷയങ്ങൾ തന്നെയാണെന്ന വസ്തുതയാണ് അക്കാഡമിക്ക് ചരിത്രകാരന്മാരെ അങ്ങോട്ടാകർഷിക്കാൻ കാരണം. യുദ്ധങ്ങളാലും അധികാരസമരങ്ങളാലും കലുഷിതവും കലാപഗ്രസ്തവുമായ ഒരു സമൂഹത്തിലേക്ക് ശാന്തിദൂതുമായി കടന്നുവന്ന ദൈവദൂതനായിരുന്ന ഹസ്റത്ത് ശ്രീകൃഷ്ണൻ (അ). മഹാഭാരതയുദ്ധം ഒഴിവാക്കാൻ കൗരവസദസ്സിൽ പോയി അദ്ദേഹം ഉപദേശങ്ങളും ന്യായവാദവും നടത്തിയെങ്കിലും നിഷ്ഫലമാവുകയാണുണ്ടായത്. യാഥാർത്ഥ്യത്തിലധിഷ്ഠിതമായ മഹാഭാരതത്തിലെ കഥാതന്തു തീർച്ചയായും ഒരു ചരിത്ര സംഭവംതന്നെയാണെന്നു വരുന്നു.

മഥുരയിൽ വെച്ച് കംസനെ വധിച്ച ശ്രീകൃഷ്ണൻ കംസന്റെ പിതാവായ ഉഗ്രസേനനെ മഥുരയിലെ രാജാവായി വാഴിക്കുകയുണ്ടായി. ഉഗ്രസേനൻ അതുവരെ കംസന്റെ തടവറയിലായിരുന്നു. കംസന്റെ പത്നിമാരായ അസ്തിയുടേയും പ്രാപ്തിയുടേയും പിതാവായ ജരാസന്ധൻ കംസന്റെ വധത്തെ തുടർന്ന് ശ്രീകൃഷ്ണന്റെ പ്രതികാരമൂർത്തിയായി. തൊട്ടടുത്തുള്ള മഗധയിലെ പ്രബല രാജാവായിരുന്ന ജരാസന്ധൻ മഥുരക്ക് നേരെ രൂക്ഷമായ ആക്രമണ പരമ്പരകൾ അഴിച്ചുവിട്ടു. മഥുരയിലെ യാദവർ ശ്രീകൃഷ്ണന്റെ നേതൃത്വത്തിൽ ഗുജറാത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലിനോട് ചേർന്നുള്ള തുറമുഖ പട്ടണമായ ദ്വാരകയിലേക്ക് സുരക്ഷിത സ്ഥാനം തേടി പോകുകയാണുണ്ടായത്. ഈ ദ്വാരകയെ സംബന്ധിച്ച് പുരാണങ്ങളിൽ വളരെയധികം പരാമർശങ്ങളുണ്ട്. ശ്രീകൃഷ്ണന്റെ രാജധാനി സ്ഥിതി ചെയ്തിരുന്ന ദ്വാരകയിൽ നാലുവശത്തും കിടങ്ങുകൾ ഉണ്ടായിരുന്നു. നന്ദനവനം, മിശ്രകവനം, ചൈത്രരഥവനം വൈഭ്രാജം എന്നീ നാലു ഉദ്യാനങ്ങളാൽ ചുറ്റപ്പെട്ട ദ്വാരകക്ക് കുശസ്ഥലി എന്നും പേരുണ്ടായിരുന്നു. ദ്വാരക കോട്ടമതിലുകളാൽ വലയിതമായ ഒരു തുറമുഖ പട്ടണമായിരുന്നു. ഭാരതത്തിലെ ഏഴു പവിത്രനഗരങ്ങളായ ഹരിദ്വാർ, വാരാണസി, കാഞ്ചി, ഉജ്ജയിനി, അയോദ്ധ്യ, മഥുര എന്നീ നഗരങ്ങളോടൊപ്പം ദ്വാരകയും എണ്ണപ്പെടുന്നു. യാദവ വംശത്തിന്റെ മാർഗ്ഗഭ്രംശത്തിൽ അതീവ ദു:ഖിതനായിരുന്നു ഹസ്റത്ത് ശ്രീകൃ

ഷ്ണൻ (അ). തന്റെ ജനതയുടെ അധ:പതനം കണ്ട കൃഷ്ണൻ (അ) ദു:ഖഭാരത്താൽ വനാന്തരത്തിൽ ഏകാകിയായി ചിന്താമഗ്നനായി കിടക്കുമ്പോൾ ഒരു മാൻ പേടയാണെന്ന് തെറ്റിദ്ധരിച്ച് വേടൻ അമ്പെയ്യുകയും ആ ദിവ്യാത്മാവ് ദിവംഗതനാവുകയും ചെയ്തതായി ഭാഗവതം പറയുന്നു. യദുവംശത്തിൽ വ്യാപകമായി തീർന്ന കുഴപ്പവും അക്രമവും മാർഗ്ഗഭ്രംശവും മൂലം മുനി വരേണ്യന്മാരും ഋഷിമാരും ദ്വാരകയെ ശപിച്ചു. ദൈവകോപത്താൽ ദ്വാരക സമുദ്രത്തിൽ മുങ്ങിപ്പോയി എന്നാണ് മഹാഭാരതം പറയുന്നത്. ഹസ്റത്ത് ശ്രീകൃഷ്ണനെ ധിക്കരിച്ച് തിന്മകളിലേക്ക് തിരിഞ്ഞ യാദവവംശത്തിന്റെ സ്വാഭാവികമായ നാശമാണ് ദ്വാരക നൽകുന്ന പാഠം. ഖുർആൻ പറയുന്നു. "അങ്ങനെ അക്രമം പ്രവർത്തിച്ചുകൊണ്ടിരുന്ന എത്രയെത്ര നാടുകളെയാണ് നാം നശിപ്പിച്ചത്? അവയുടെ മേൽത്തട്ടുകളിൽ മേൽ അവ വീണു കിടക്കുകയാണ്. ഉപയോഗശൂന്യമാക്കപ്പെട്ട എത്ര കിണറുകൾ! എത്ര ഉയർന്ന സൗധങ്ങൾ (22:46)." പുരാണ പ്രസിദ്ധമായ ദ്വാരക ഒരു ചരിത്ര യാഥാർത്ഥ്യമായിരുന്നു എന്ന സത്യത്തിലേക്കാണ് ഇന്ത്യയിലെ ആധുനിക പുരാവസ്തു വിജ്ഞാനീയവും വിരൽ ചൂണ്ടുന്നത്. ഭാരതത്തിലെ പ്രാക്തന സംസ്കാരങ്ങളായ സൈന്ധവ സംസ്കാരം വൈദിക സംസ്കാരത്തിന്റെ തുടർച്ചയാണെന്നും അതല്ല വൈദിക സംസ്കാരം സൈന്ധവ സംസ്കാരത്തെ ആക്രമിച്ചു നശിപ്പിക്കുകയാണുണ്ടായതെന്നുമുള്ള ചരിത്രകാരന്മാരുടെ അനന്തമായ വിവാദങ്ങൾ തുടരുകയാണ്.

ഗുജറാത്തിന്റെ പടിഞ്ഞാറെ തീരത്തുള്ള സൗരാഷ്ട്രയിൽ ദ്വാരകാപുരിയെ കണ്ടെത്താനുള്ള ശ്രമങ്ങൾ പുരോഗമിച്ചു വരുന്നു. മറൈൻ ആർക്കിയോളജി എന്ന ചരിത്ര ഗവേഷണ രംഗത്തെ നൂതന ശാഖയുടെ സഹായത്തോടെയാണ് 1983 മുതൽ ദ്വാരകാപഠനം ആരംഭിച്ചത്. ജലാന്തർ ഭാഗത്ത് നിന്നും ഛായാഗ്രഹണം ചെയ്യാൻ കഴിവുള്ള അണ്ടർ വാട്ടർ ക്യാമറകളും കടൽത്തട്ടിൽ പുരാതന വസ്തുക്കളെ കണ്ടെത്താൻ അതിനു മീതെ അടിഞ്ഞുകൂടിയ വസ്തുക്കളെ നീക്കം ചെയ്യാനുള്ള ശക്തിയേറിയ വാട്ടർ ജറ്റുകൾ, ഓക്സിജൻ സിലിണ്ടറുകളുമായി മുങ്ങൽ വിദഗ്ധർ ജലത്തിനടിയിൽ വേഗത്തിൽ സഞ്ചരിക്കാൻ അണ്ടർ വാട്ടർ സ്ക്കൂട്ടർ, ഇലക്ട്രോണിക് സ്കാനിങ്ങ് സിസ്റ്റം മുതലായ നിരവധി ആധുനിക സന്നാഹങ്ങളോടെയാണ് ദ്വാരകാവേട്ടക്ക് പുരാവസ്തു ശാസ്ത്രജ്ഞന്മാർ ഇറങ്ങിത്തിരിച്ചിരിക്കുന്നത്. കടൽ ജലത്തിനടിയിൽ 3 മുതൽ 12 മീറ്റർ വരെ ആഴത്തിലാണ് ഗവേഷണങ്ങൾ നടത്തിയത്. ബി. സി. 1600 ൽ കടലിന്നടിയിൽ നശിച്ചുപോയ പട്ടണമായിരുന്നു ദ്വാരക എന്ന് ഇന്ത്യയിലെ ഏറ്റവും പ്രഗത്ഭനായ പുരാവസ്തു ശാസ്ത്രജ്ഞനും മറൈൻ പുരാവസ്തു വിജ്ഞാനീയത്തിൽ വിദഗ്ധനുമായ ഡോ. എസ്. ആർ. റാവു പറയുന്നു. 12 പഠന പര്യവേഷണങ്ങൾ നടത്തിയതിന് ശേഷം അദ്ദേഹം The lost city of Dwaraka എന്ന പേരിൽ ഇതു സംബന്ധിച്ച് ഒരു പുസ്തകവും എഴുതിയിട്ടുണ്ട്. പുരാണങ്ങളിലെ പ്രതിപാദനങ്ങളുമായി തന്റെ കണ്ടുപിടിത്തം പൂർണമായും യോജിക്കുന്നുവെന്ന് അദ്ദേഹം അവകാശപ്പെടുന്നു. മഹാഭാരതത്തിലെ സഭാപർവ്വത്തിൽ ദ്വാരകയെപ്പറ്റി വിവരിച്ച വീടുകളൊന്നും വെള്ളത്തിനിടയിൽ ഇപ്പോൾ അവശേഷിക്കുന്നില്ലെങ്കിലും ഇഷ്ടികപാകിയ വീഥികളും ഓവുചാലുകളുടേയും അടയാളങ്ങൾ കണ്ടെത്തുകയുണ്ടായി. പുരാണങ്ങളിൽ വിവരിച്ച ദ്വാരകക്ക് ചുറ്റുമുള്ള കോട്ടമതിലും ദുർഗ്ഗങ്ങളും ഗവേഷകന്മാർക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അവിടെനിന്നും കണ്ടെടുത്ത കാള, യൂണികോൺ, ആട് എന്നി മൃഗങ്ങളുടെ ചിഹ്നങ്ങളുള്ള മുദ്ര ഹരിവംശത്തിൽ ദ്വാരകാവാസികൾ തിരിച്ചറിവിന്ന് മുദ്ര ധരിക്കാറുണ്ട് എന്ന വിവരണത്തിലേക്ക് സൂചന നൽകുന്നുവെന്ന് ബി. ബി. റാവു പറയുന്നു. മഹാഭാരതത്തിൽ സഭാപർവ്വത്തിൽ പരാമർശിക്കപ്പെട്ടതും മഹാഭാരത യുദ്ധത്തിൽ വർണിക്കപ്പെട്ടതുമായ കൂർത്ത ഇരുമ്പ് വടികളുടെ അവശിഷ്ടങ്ങളും അവിടെ നിന്ന് കണ്ടെടുത്തതായി റാവു അവകാശപ്പെടുന്നു. ജലാന്തർഭാഗത്ത് നിന്നും കണ്ടെടുത്ത ധാരാളം കൽനങ്കൂരങ്ങൾ ദ്വാരക ഒരു തുറമുഖ പട്ടണമായിരുന്നു എന്ന പുരാണങ്ങളിലെ പരാമർശത്തെ ന്യായീകരിക്കുന്നു.

ചുരുക്കത്തിൽ അക്കാഡമിക് ചരിത്രത്തിന്റെ സ്ഥൂല യാഥാർത്ഥ്യങ്ങൾ ശ്രീകൃഷ്ണനെ (അ) പുനരവതരിപ്പിക്കുകയാണ്. ഒരു മനുഷ്യന്റെ അമൂർത്തമായ വ്യക്തിത്വത്തെ ആവിഷ്കരിക്കാനാവില്ലെങ്കിലും പുരാവസ്തു വിജ്ഞാനീയത്തിന് ആ മഹാത്മാവിന്റെ മൂർത്തമായ ജീവിത രംഗഭൂമികയെ സ്പർശിക്കാൻ സാധിക്കും എന്ന് നമുക്ക് ആശിക്കാം. ഇത്തരം ഗവേഷണങ്ങൾ സത്യത്തിനടുത്തേക്കുള്ള ഒരു ചവിട്ടുപടിയായി തീരുമെന്നും നമുക്ക് കരുതാം. ആ പരിപേക്ഷ്യത്തിൽ ഹസ്റത്ത് ശ്രീകൃഷ്ണ(അ)നെ നമുക്ക് കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ വായിക്കാം. മുരളി വാദകനായ ആ കൃഷ്ണ സ്വരൂപത്തെ കൂടുതൽ മിഴിവോടെ നമുക്ക് അഭിദർശിക്കാനാകുമല്ലോ. ധർമ്മം ക്ഷയിക്കുമ്പോൾ താൻ വീണ്ടും അവതരിക്കുമെന്ന് പറഞ്ഞ ഹസ്റത്ത് ശ്രീകൃഷ്ണൻ (അ) ആധുനിക ചരിത്ര വിജ്ഞാനീയത്തിന്റെ പിൻബലത്തോടെ ഇതിഹാസ മുക്തനായി വീണ്ടും അവതരിക്കുമോ? ആ മഹാത്മാവിനു മേൽ അല്ലാഹുവിന്റെ ആയിരമായിരം സമാധാനം ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

***Reference***


1. Mysteries of the Past Archaeological sites in India. By Upinder Singh

2. The week June - 1- 2003

3. പുരാണിക് എൻസൈക്ലോപീഡിയ

# ഹസ്റത്ത് ഉസ്മാ(റ)നെതിരായ ഗൂഢാലോചന

മൗലാനാ ശൈഖ് മുബാറക് അഹ്മദ്

## അബ്ദുല്ലാ ഇബ്നു സാബ എന്ന കപട വിശ്വാസിയുടെ നേതൃത്വത്തിൽ സംഘടിച്ച തീവ്രവാദികളായ മുസ്ലിം കലാപകാരികളായിരുന്നു സൗമ്യനായ ഹസ്റത്ത് ഉസ്മാ (റ)നെ കൊലപ്പെടുത്തിയത്

സച്ചരിതരായ ഖലീഫമാരിൽ മൂന്നാമനായ ഹസ്റത്ത് ഉസ്മാ (റ) ന്റെ ഭരണത്തിൻകീഴിലെ അഞ്ചോ ആറോ വർഷങ്ങൾ സമാധാനത്തിന്റെ കാലഘട്ടമായിരുന്നു. പുരോഗതിയും ഐശ്വര്യവും എങ്ങും കളിയാടി. മുസ്ലിംകൾ നിരവധി വിജയങ്ങൾ കൊണ്ടനുഗ്രഹീതരായി. അവരുടെ ഭാഗ്യതാരകം ഉച്ചിയിലേക്കുള്ള ആരോഹണ വേഗത്തിലായിരുന്നു. മുസ്ലിം കൾ ആത്മവിശ്വാസത്തോടെ അനുപദം മുന്നേറി. ആ സന്ദർഭത്തിൽ തന്നെ ഹീനവും ജുഗുപ്സാവഹവുമായ ഒരു ഗൂഢാലോചന അരങ്ങേറുകയായിരുന്നു.

ഇസ്ലാമിന്റെ ആത്മീയ ചൈതന്യത്തെപ്പറ്റിയും ഖുർആന്റെ വിവക്ഷകളെ സംബന്ധിച്ചും വികൃതമായ ധാരണകൾ മാത്രം വെച്ച് പുലർത്തിയവരും തെറ്റായ കക്ഷിരാഷ്ട്രീയത്തിനടിമപ്പെട്ടവരുമായ നവ മുസ്ലിംകളിൽ നിന്നാണ് ഈ ഗൂഢാലോചന ഉരുവം കൊണ്ടത്. ഈ വിധത്തിൽ ഇസ്ലാം മതത്തിന്റെ കേന്ദ്രശക്തിയായ സച്ചരിതരായ ഖലീഫമാരുടെ അധികാര ശക്തി ദുർബലമാക്കാൻ ഇസ്ലാമിന്റെ ശത്രുക്കൾ ശ്രമിച്ചുകൊണ്ടേയിരുന്നു. മേൽ പറഞ്ഞ കലാപകാരികൾ ഉസ്മാന് (റ) എതിരായി അവിശുദ്ധമായ ഒരു നിലപാട് സ്വീകരിക്കുകയും അവസാനം അത് ഹസ്റത്ത് ഉസ്മാൻ (റ) യുടെ നിഷ്ഠൂര വധത്തിൽ കലാശിക്കുകയും ചെയ്തു.

### ഗൂഢാലോചനയുടെ സൂത്രധാരൻ

അബ്ദുല്ലാഹ് ഇബ്നു സാബ എന്ന പേരിലറിയപ്പെട്ടിരുന്ന ഇസ്ലാം മതം സ്വീകരിച്ച ഒരു യഹൂദനായിരുന്നു ഈ ഗൂഢാലോചനാ പദ്ധതിയുടെ സൂത്രധാരൻ. അയാൾ സനാ എന്ന ദേശത്തെ താമസക്കാരനായിരുന്നു. വളരെ സമർത്ഥനായ അബ്ദുല്ലാഹ് ഇബ്നു സാബ ഗൂഢാലോചന എന്ന കലയിൽ അതി നിപുണനായിരുന്നു. ഇസ്ലാമിനോട് ഒടുങ്ങാത്ത പകപുലർത്തിയിരുന്നയാളായിരുന്നു യഹൂദനായ ഇബ്നുസാബ. ഒരു ജൂതൻ എന്ന നിലക്ക് അയാൾക്ക് ഇസ്ലാമിനെതിരെ പ്രവർത്തിക്കുന്നതിന് പരിമിതികളുണ്ടായിരുന്നു. അതുകൊണ്ട് ഇസ്ലാമിന്റെ കപട വേഷം ധരിച്ചു ഭക്തനായും ഇസ്ലാമിന്റെ ഒരു സേവകനായും അയാൾ നടിച്ചു. ഉസ്മാൻ (റ) വേണ്ടി തന്റെ സേവനം ഇബ്നു സാബ വാഗ്ദാനം ചെയ്തു. ഉസ്മാന് (റ) അത് വിനയപുരസ്സരം നിരസിക്കുകയും അയാൾക്ക് ഉത്തരവാദിത്വമുള്ള ജോലികൾ ഏൽപിക്കുന്നതിൽ വിമുഖത പ്രകടിപ്പിക്കുകയും ചെയ്തു. അതിൽപിന്നെ ഇസ്ലാമിന്റെ ശക്തിയെ തുരങ്കം വെയ്ക്കാനുള്ള തന്റെ നിഗൂഢ പദ്ധതികൾ അയാൾ മനസ്സിൽ നിശ്ചയിച്ചുറപ്പിച്ചു.

ബനീ ഹാഷിം ഗോത്രത്തിന്റെ അനുഭാവം പിടിച്ചുപറ്റാനുള്ള നീക്കങ്ങളാണ് പിന്നീട് ഇബ്നുസാബ നടത്തിയത്. തിരുനബി (സ) യുടെ വിശുദ്ധ കുടുംബത്തിനോട് ഏറ്റവും കൂറുള്ള

ഒരു അനുയായിയാണ് താനെന്ന് ഇബ്നു സാബ സ്വയം പ്രഖ്യാപിച്ചു. അയാളുടെ പ്രവർത്തന രംഗം പുതുതായി ഇസ്‌ലാം മതം സ്വീകരിച്ച നവ മുസ്‌ലിംകളിലായിരുന്നു മുഖ്യമായും കേന്ദ്രീകരിച്ചത്. നവമുസ്‌ലിംകൾക്കാകട്ടെ ഇസ്‌ലാമിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളെ പറ്റി വളരെ കുറഞ്ഞ അറിവ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. നവ മുസ്‌ലിംകളെ തന്റെ ലക്ഷ്യങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്താൻ വളരെ കലാപരമായി അവരെ അയാൾ രൂപപ്പെടുത്തുകയായിരുന്നു. അനഭിലഷണീയവും അഹിതകരവുമായ പുതുവിശ്വാസങ്ങൾ പടച്ചുണ്ടാക്കുന്നതിൽ ഒരു വിദഗ്ധൻ കൂടിയായിരുന്നു ഇസ്നുസാബ. ഉദാഹരണത്തിന് ഈസാനബി (അ) അഥവാ യേശു ഭൂമിയിലേക്ക് വീണ്ടും തിരിച്ചു വരുമെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നുവെന്നും എന്നാൽ തിരുനബി (സ) ആകാശത്ത് നിന്ന് ഇറങ്ങിവരില്ല എന്നാണ് മുസ്‌ലിംകൾ വിശ്വസിക്കുന്നത് എന്നും പക്ഷേ ഇക്കാര്യം ഖുർആനിൽ വ്യക്തമായി വിവരിച്ചിട്ടുണ്ടെന്നും അയാൾ പ്രചരിപ്പിച്ചു. ഇതിന് ഉപോൽബലകമായി അയാൾ ഖുർആനിൽ നിന്നും ഇപ്രകാരം ഉദ്ധരിച്ചു.

"തീർച്ചയായും വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങൾ നിങ്ങൾക്ക് നൽകിയ താങ്കളെ നിങ്ങളുടെ മടക്കസ്ഥലത്തേക്ക് തന്നെ തിരിച്ചുകൊണ്ടുവരുന്നതാണ്."

അതുകൊണ്ട് തിരുനബി (സ) ക്ക് ഭൂമിയിലേക്ക് തിരിച്ചുവരുമെന്ന വാദമുണ്ടായിരുന്നുവെന്ന് ഇബ്നു സാബ വാദിച്ചു. എല്ലാ പ്രവാചകന്മാരും അവരുടെ അന്ത്യാഭിലാഷം നടപ്പാക്കാൻ ഒരു കാര്യനിർവ്വാഹകനെ തിരഞ്ഞെടുക്കാറുണ്ട്. തിരുനബി (സ) യുടെ കാര്യനിർവ്വാഹകൻ അദ്ദേഹത്തിന്റെ ജാമാതാവായിരുന്ന അലി (റ) യാണ്. റസൂൽ തിരുമേനി (സ) യുടെ ഒസ്യത്ത് അവഗണിക്കുന്നതിനേക്കാൾ വലിയ അനീതി എന്താണ് എന്ന് ഇബ്നു സാബ പ്രചാരണം നടത്തി. യജമാനനായ റസൂൽ തിരുമേനി (സ) യുടെ

**ഗോത്രീയമായ കെട്ടുപാടുകളും വംശീയമായ പ്രതിബദ്ധതയും ഈ പ്രചാരണങ്ങളെ ആളിക്കത്തിക്കുകയും സച്ചരിതരായ ഖലീഫമാർക്കെതിരെ ജനങ്ങളിൽ അതൃപ്തി വളരുകയും ചെയ്തു.**

അഭിലാഷത്തിന് വിരുദ്ധമായി ഉസ്മാൻ (റ) സ്വന്തം അധികാരം കൈയാളുകയാണ്. അയാൾ ഇപ്രകാരം തുറന്നു പ്രഖ്യാപിക്കാൻ തുടങ്ങി. അതായത് ഉസ്മാൻ അലിയുടെ അവകാശം ബലാൽക്കാരമായി കവർന്നെടുക്കുകയാണ്. ജനങ്ങളെ ഇളക്കിവിട്ടുകൊണ്ട് അയാൾ പറഞ്ഞു. നിങ്ങൾ ഉണർന്നെഴുന്നേറ്റ് പ്രതികരിക്കുക ഈ ഭരണകൂടത്തെ തകർക്കുക. ഇബ്നു സാബയെ സംബന്ധിച്ചേടത്തോളം ഉസ്മാ (റ) ന്റെ ഭരണം വഞ്ചനാപരവും നിയമവിരുദ്ധവുമായിരുന്നു.

## ഹസ്റത്ത് ഉസ്മാ(റ) നെതിരായ ദുഷ്പ്രചാരണം

ഉസ്മാ (റ) ന്റെ ഭരണത്തിനെതിരെയും ഗവർണർമാർക്കെതിരെയും ഉന്നത ഉദ്യോഗസ്ഥന്മാർക്കെതിരെയും അഴിമതിക്കാരും ക്രൂരരും സ്വേഛാധിപതികളുമാണെന്ന ദുഷ്പ്രചാരണം പൊതുജനങ്ങൾക്കിടയിൽ നടത്തി. സച്ചരിതരായ ഖലീഫമാർക്കെതിരെയും വ്യാജ പ്രചാരണങ്ങൾ അഴിച്ചുവിട്ടു. ഉസ്മാൻ (റ) ക്കെതിരെ സ്വജനപക്ഷപാതവും, വിശ്വാസവഞ്ചനയും അയാൾ ആരോപിച്ചു. ഇബ്നുസാബയുടെ ഈ ദുഷ്പ്രചാരണത്തിൽ പേർഷ്യക്കാർ (ഇറാൻ) എളുപ്പത്തിൽ വീണുപോയി. നൂറ്റാണ്ടുകളായി ഒരു രാജാധിപത്യത്തിനു കീഴിൽ കഴിഞ്ഞിരുന്ന പേർഷ്യക്കാർ അത് പോലെയുള്ള പരമ്പരാഗതമായ ഒരു ഖിലാഫത്ത് വ്യവസ്ഥക്ക് വേണ്ടി വാദിച്ച ഇബ്നുസാബയുടെ പ്രചാരണങ്ങൾക്ക് വശംവദരായി പിന്തുണ നൽകുകയായിരുന്നു. മറ്റുള്ളവർ (ഉസ്മാൻ (റ) ക്കെതിരെയുള്ള വ്യക്തി വൈരാഗ്യത്തിന്റെ പേരിൽ ഇബ്നുസാബയുടെ പക്ഷം ചേർന്നു. ഗണ്യമായ ഒരു വിഭാഗം സാധാരണക്കാർ ഇയാളുടെ വ്യാജ പ്രചാരണത്തിൽപ്പെട്ടു അയാളെ പിന്തുണക്കുകയായിരുന്നു. ഗോത്രീയമായ കെട്ടുപാടുകളും വംശീയമായ പ്രതിബദ്ധതയും ഈ പ്രചാരണങ്ങളെ ആളിക്കത്തിക്കുകയും സച്ചരിതരായ ഖലീഫമാർക്കെതിരെ ജനങ്ങളിൽ അതൃപ്തി വളരുകയും ചെയ്തു.

ആദ്യമായി അബ്ദുല്ലാഹിബ്നുസാബ തന്റെ ദൗത്യം മദീനയിൽ നിന്ന് ആരംഭിക്കാനാണ് തീരുമാനിച്ചത്. അവിടെ റസൂൽ തിരുമേനി (സ) യുടെ പ്രമുഖരായ ചില സഹാബിമാർ താമസിക്കുന്നുണ്ടായിരുന്നു. ആത്മാർത്ഥ വിശ്വാസികളായിരുന്ന ആ ധന്യാത്മാക്കൾ ഉസ്മാൻ (റ) വിന് പിന്തുണ നൽകിവരുന്നുണ്ടായിരുന്നു. അതുകൊണ്ട് ബസറയാണ് അയാളുടെ പ്രവർത്തന കേന്ദ്രമായി തിരഞ്ഞെടുത്തത്. അയാളുടെ പ്രവർത്തനങ്ങൾക്ക് ഉടൻ ഫലങ്ങൾ കണ്ടു തുടങ്ങി. ഇറാഖിലേയും ഇറാനിലേയും പുതുവിശ്വാസികളിൽ ഇബ്നു സാബയുടെ കുപ്രചാരണങ്ങൾ വിജയം കണ്ടു തുടങ്ങി. പക്ഷേ ഏറെനാൾ ചെല്ലുന്നതിന് മുമ്പ് തന്നെ അബ്ദുല്ലാ ഇബ്നു ആമിറിന് ഈ മനുഷ്യന്റെ നിയമവിരുദ്ധമായ ചെയ്തികളെക്കുറിച്ച് അറിവ് ലഭിക്കുകയും അയാളെ ബസറയിൽ നിന്ന് പുറത്താക്കുകയും ചെയ്തു. പിന്നീട് അയാൾ കൂഫ കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചത്. അവസാനം അയാൾ ഈജിപ്തിന്നു നേരെ തിരിഞ്ഞു. അവിടെ

തന്റെ കുപ്രചാരണങ്ങൾക്ക് ഗണ്യമായ വിജയം ലഭിക്കുകയും ചെയ്തു.

ഉസ്മാ (റ) ന് ഇത്തരം ഹീനശ്രമങ്ങളെ പറ്റിയുള്ള റിപ്പോർട്ട് ലഭിച്ചപ്പോൾ ജനങ്ങൾക്കിടയിൽ വളർന്നുവരുന്ന ഈ കുപ്രചാരണത്തെപ്പറ്റിയും അസംതൃപ്തിയെ സംബന്ധിച്ചും ചർച്ച ചെയ്യാൻ ഹജ്ജിന് ശേഷം മദീനയിൽ ഒരു യോഗം വിളിച്ചു ചേർക്കാൻ ഗവർണർമാർക്കും ഉന്നത ഉദ്യോഗസ്ഥന്മാർക്കും ആജ്ഞ നൽകി. ഗവർണർമാരും മറ്റ് അഭ്യുദയ കാംക്ഷികളും ഇത്തരം നീക്കങ്ങളെ നിഷ്ക്കരുണം ബല പ്രയോഗത്തിലൂടെ അടിച്ചമർത്താൻ ആവശ്യപ്പെടുകയുണ്ടായി. പക്ഷേ ഉസ്മാൻ (റ) ബലം പ്രയോഗിക്കാൻ ഇഷ്ടപ്പെട്ടില്ല. അമീർ മുആവിയ ഖലീഫയുടെ ആസ്ഥാനം മദീനയിൽ നിന്നും ഡമാസ്കസിലേക്ക് മാറ്റണമെന്ന് നിർദ്ദേശിച്ചു. പക്ഷേ തിരുനബി (സ) യുടെ വസതിയുടെ സാന്നിദ്ധ്യം വിട്ടുപോവാൻ ഉസ്മാൻ (റ) ഇഷ്ടപ്പെട്ടില്ല. അപ്പോൾ ഖലീഫയുടെ സംരക്ഷണത്തിനായി പ്രത്യേക സിറിയൻ സേനയെ മദീനയിലേക്ക് കൊണ്ടുവരണമെന്ന നിർദ്ദേശം മുന്നോട്ടുവെച്ചു. സിറിയൻ പട്ടാളം മദീനാനിവാസികളുടെ സ്വാസ്ഥ്യം കെടുത്തുമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഉസ്മാൻ (റ) അതും നിരസിച്ചു.

## കലാപകാരികളുടെ ആവശ്യം

വിപ്ലവകാരികളായ കലാപക്കാർ അവരുടെ പരിപാടികളുമായി മുന്നേറി. വിജയം ലഭിക്കണമെങ്കിൽ പൊടുന്നനെ ആക്രമിക്കണമെന്ന് അവർ വിചാരിച്ചു. ഈജിപ്ത്, കൂഫ, ബസറ എന്നിവിടങ്ങളിൽ നിന്ന് അവരുടെ പ്രതിനിധി സംഘങ്ങളെ ഒരേസമയം ഖലീഫക്ക് നേരെ നീക്കാൻ തീരുമാനിച്ചു. സ്വേഛാധിപതികളായ ഗവർണർമാർക്കും ഉന്നതോദ്യോഗസ്ഥന്മാർക്കുമെതിരെ ആവലാതി ബോധിപ്പിക്കാനെന്ന വ്യാജേനയായിരുന്നു അവർ ഖലീഫ ഉസ്മാ (റ) നെ സമീപിച്ചത്. ഇങ്ങിനെ ഒരു നീക്കമുണ്ടായാൽ അവരുടെ അപകടകരമായ ഗൂഢ ശ്രമങ്ങൾ മറച്ചുവെക്കാമെന്ന് അവർ കരുതി. ഈ സംഘം മദീനയിലെത്തിയപ്പോൾ ഉസ്മാൻ (റ) റസൂൽ തിരുമേനി (സ) യുടെ പ്രമുഖരായ രണ്ടു സഹാബിമാരെ ഇവരുടെ പരാതി കേൾക്കാൻ നിയോഗിച്ചു. അവരുടെ പ്രശ്നങ്ങളെല്ലാം സൂക്ഷ്മമായി പഠിച്ചശേഷം മദ്ധ്യസ്ഥൻമാരായ സഹാബികൾ ഖലീഫക്ക് റിപ്പോർട്ട് ചെയ്തത് പ്രതിനിധി സംഘത്തിന്റെ ലക്ഷ്യം ഉസ്മാ (റ) നെ നിഷ്കാസിതനാക്കുക മാത്രമാണെന്നായിരുന്നു. അവരുടെ ആവശ്യങ്ങൾ അംഗീകരിച്ചുകൊടുത്തില്ലെങ്കിൽ അവർ ഉസ്മാൻ (റ) നെ വധിക്കുമെന്ന് മധ്യസ്ഥൻമാർ ഖലീഫക്ക് മുന്നറിയിപ്പു നൽകി.

ഉസ്മാൻ (റ) അപ്പോൾ മന്ദസ്മിതം തൂകുകയാണുണ്ടായത് അദ്ദേഹം അൻസാറുകളുടേയും ഖുറൈശി നേതാക്കന്മാരുടേയും അടുക്കലേക്ക് ഉപദേശം തേടിക്കൊണ്ട് ആളെ അയച്ചു. അവരെല്ലാം ഒന്നടങ്കം ആവശ്യപ്പെട്ടത് കലാപകാരികളെ ശക്തമായി അടിച്ചമർത്തി തുരത്തണമെന്നും വാളിനിരയാക്കണമെന്നുമായിരുന്നു. ഉസ്മാൻ (റ) അവരുടെ പരാതികൾ കേൾക്കാൻ ആളെയയച്ചു. അവർ ഭരണത്തെക്കുറിച്ചും ഖലീഫയെക്കുറിച്ചുമുള്ള ആരോപണങ്ങളുടെയും പരാതികളുടെയും ദീർഘമായ പട്ടിക നിരത്തി. പരാതികൾക്ക് ഉസ്മാൻ (റ) യുക്തിസഹമായ ഉത്തരങ്ങളും ന്യായങ്ങളും നിരത്തി. പക്ഷേ ഉസ്മാ (റ) ന്റെ വിശദീകരണങ്ങളെല്ലാം കലാപകാരികളുടെ ബധിര കർണ്ണങ്ങളിലായിരുന്നു പതിച്ചത്. അവരുടെ ലക്ഷ്യം ആവലാതികൾക്കുള്ള വിശദീകരണം കേൾക്കുകയായിരുന്നില്ല. കുഴപ്പങ്ങളുണ്ടാക്കുകയായിരുന്നു.

ഉസ്മാന് (റ) എതിരെ കലാപകാരികളുടെ മുഖ്യ ആരോപണങ്ങൾ ഇതായിരുന്നു. അതായത് ഉസ്മാൻ (റ) റസൂൽ തിരുമേനി (സ) യുടെ പ്രസിദ്ധരായ സഹാബിമാരെ അവഗണിച്ചുകൊണ്ട് യുവാക്കളെ നിയമിച്ചു എന്നായിരുന്നു. ഉദാഹരണത്തിന് മുഗീറിബ്നുസാബ, അബുമൂസ അശ്അരി, സഅദ്ബ്നു അബീ വഖാസ്, അബ്ദുല്ലാ ഇബ്നു മസൂദ്, അബ്ദുല്ലാ ഇബ്നു അഖ്റം അമ്റുബ്നു അൽആസ് എന്നിവരെ അവരുടെ ഉദ്യോഗങ്ങളിൽ നിന്നും ഒഴിവാക്കി എന്നതായിരുന്നു പരാതി.

## ആരോപണങ്ങളുടെ സത്യാവസ്ഥ

ഈ ആരോപണങ്ങളെല്ലാം വ്യത്യസ്ത രീതിയിലുള്ളവയായിരുന്നു.

## സഹാബാക്കളോടുള്ള അവഗണന

റസൂൽ തിരുമേനി (സ) യുടെ പ്രമുഖരായ നിരവധി സഹാബാക്കളെ ഉദ്യോഗത്തിൽ നിന്നും ഒഴിവാക്കി എന്നതായിരുന്നുവല്ലോ ആരോപണം. വാസ്തവത്തിൽ അത്തരം നടപടിക്ക് മതിയായ കാരണങ്ങളുണ്ടായിരുന്നു. മുഗീറ ഇബ്നുസാബയെ മുൻ ഖലീഫ ഉമർ (റ) ന്റെ തീരുമാനമനുസരിച്ചായിരുന്നു മാറ്റിയത്. ബസ്റയിലെ ജനങ്ങളുടെ നിരന്തരമായ പരാതിയെത്തുടർന്നായിരുന്നു അബൂമൂസയെ ഒഴിവാക്കിയത്. സഅദ്ബ്നു അബി വഖാസ് സ്റ്റേറ്റ് ഖജനാവിൽ നിന്നും പണം കടമെടുത്തു. നിരന്തരം ആവശ്യപ്പെട്ടിട്ടും അത് തിരിച്ചടച്ചില്ല. അംറ്ബ്നു അൽ ആസിനെ തിരിച്ചു വിളിക്കാൻ കാരണം ഫലഭൂയിഷ്ടമായ ഈജിപ്തിൽ നിന്നും അടിക്കടിയുണ്ടായ റവന്യൂ വരുമാനത്തിലുണ്ടായ കുറവായിരുന്നു. ഇതിന് കാരണം ഈജിപ്ഷ്യൻ ഗവർണറായ അദ്ദേഹത്തിന്റെ കഴിവ്കേടും ബലഹീനതയുമായിരുന്നു. ഇത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹത്തിന്റെ മറുപടി, ഇതിനേക്കാൾ കൂടുതൽ പാൽ പെണ്ണൊട്ടകത്തിന് നൽകാനാവില്ല എന്നായിരുന്നു. എന്നാൽ തുടർന്ന് നിയമിക്കപ്പെട്ട അബ്ദുല്ലാഹ് ഇബ്നു ബീസാറ അംറുബ്നു ആസിന്റെ അഭിപ്രായം തെറ്റാണെന്ന് തെളിയിച്ചുകൊണ്ട് ധാരാളം വരുമാനമുണ്ടാക്കി. അദ്ദേഹത്തെ പിരിച്ചുവിടാനുള്ള മറ്റൊരു കാരണം അലക്സാണ്ട്രിയയിലുണ്ടായ ഒരു കലാപം അമർച്ച ചെയ്യുന്നവേളയിൽ അമുസ്

ലിം പ്രജകളോട് അദ്ദേഹം അസാധാരണമാം വിധം ക്രൂരമായി പെരുമാറിയതായിരുന്നു. അബ്ദുല്ലാ ഇബ്നു അഖ്റം അദ്ദേഹത്തിന്റെ വാർദ്ധക്യസഹജമായ കാരണത്താൽ പിരിച്ചുവിടപ്പെട്ടതായിരുന്നു. അദ്ദേഹത്തിന്റെ ആരോഗ്യം ജോലിചെയ്യാനനുവദിച്ചിരുന്നില്ല. റിപ്പോർട്ടുകൾ പ്രകാരം പ്രായാധിക്യം കാരണം അഖ്റമിന്റെ സ്ഥാനത്ത് സൈദ്ബ്നു താബിത്തിനെ നിയമിക്കുകയായിരുന്നു.

വ്യക്തിപരമായ ശത്രുത കാരണമാണ് ഖലീഫ ഉസ്മാൻ (റ) പ്രഗത്ഭരായ ഈ സഹാബിമാരെ പുറത്താക്കിയത് എന്ന വാദം തികച്ചും അടിസ്ഥാനരഹിതമാണ്. 'അല്ലാഹുവിന്റെ കരവാൾ' എന്ന് റസൂൽ തിരുമേനി (സ) വിശേഷിപ്പിച്ച ഖാലിദ്ബ്നു വലീദിനെ ഹസ്റത്ത് ഉമർ (റ) തന്റെ ദീർഘദൃഷ്ടിയോടെയുള്ള തീരുമാനപ്രകാരം പിൻവലിച്ചിരുന്നുവല്ലോ. ഇറാൻ കീഴടക്കിയ സാബ ഇബ്നു അബീവഖാസിനേയും മുഗീറബ്നു സാബിയേയും ഉമർ (റ) ജോലിയിൽ നിന്നും പിരിച്ചുവിട്ടു. ലിബിയ, അർമീനിയ, സൈപ്രസ് മുതലായ രാജ്യങ്ങൾ കീഴടക്കിയ പടനായകരും ഉസ്മാ (റ) ന്റെ കാലത്ത് നിയമിക്കപ്പെട്ടവരുമായ സൈനിക ഓഫീസർ മാരെ അലി (റ) ന്റെ കാലത്തും പിരിച്ചുവിട്ടിരുന്നു.

### യുവാക്കളുടെ നിയമനം

ഹസ്റത്ത് ഉസ്മാ (റ) നെതിരെയുള്ള രണ്ടാമത്തെ ആരോപണം ഉന്നത ഉദ്യോഗങ്ങളിൽ പരിചയക്കുറവുള്ള യുവാക്കളെ നിയമിച്ചു എന്നതാണ്. ഈ ആരോപണത്തിനും യാതൊരു അടിസ്ഥാനമില്ല. ഖലീഫ ഉസ്മാൻ (റ) വ്യക്തികളുടെ കഴിവും അർപ്പിക്കപ്പെട്ട ജോലി സമർപ്പണ മനോഭാവത്തോടെ ചെയ്തു തീർക്കാനുള്ള കഴിവും മാനദണ്ഡമാക്കിയാണ് ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തത്. കാരണം മുസ്ലിം സാമ്രാജ്യത്തിന്റെ അതിരുകൾ അപ്പോഴേക്കും ഇന്ത്യ സ്പെയിൻ, ചൈന എന്നിവിടങ്ങൾ വരെ വ്യാപിച്ചിരുന്നു. എല്ലാ ഉദ്യോഗങ്ങളിലും പ്രഗത്ഭരായ സഹാബിമാരെ ഒഴിവാക്കി യുവാക്കളെ മാത്രം നിയമിച്ചു എന്ന ആരോപണവും ശരിയല്ല. ഉദാഹരണത്തിന് സഹാബിയായ അബ്ദുല്ലാ ഇബ്നു അർഖമിനു പകരം നിയമിച്ച സയിദ്ബ്നു താബിതും ഒരു പ്രമുഖ സഹാബിയായിരുന്നു. കൂഫയിലെ ഗവർണറായിരുന്ന സയീദുബ്നു അൽ ആബിനു പകരം നിയമിതനായ അബൂ മൂസ അസ്അരി മറ്റൊരു പ്രധാനപ്പെട്ട സഹാബിയായിരുന്നു.

### സ്വജനപക്ഷപാതം

മൂന്നാമത്തെ ആരോപണം സ്വജനപക്ഷപാതമായിരുന്നു. അതായത് ഉസ്മാൻ (റ) ഉയർന്ന ഉദ്യോഗങ്ങളെല്ലാം നൽകിയത് സ്വന്തം ബന്ധുക്കൾക്കായിരുന്നു എന്നതായിരുന്നു ആരോപണം. ഇത് സംബന്ധമായി ഒരു ജനക്കൂട്ടത്തിനു മുമ്പിൽ വെച്ച് ഉസ്മാൻ (റ) നൽകിയ വിശദീകരണം ചരിത്രത്തിൽ അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെ രേഖപ്പെട്ടു കിടക്കുന്നത് ഇപ്രകാരമാണ്.

**ആരോപണം നടത്തുന്നവരുടെ ഹൃദയരോഗങ്ങൾ തന്നെയാണ് വെളിപ്പെടുത്തുന്നത്. നമ്മുടെ പരിഗണനക്ക് വിഷയമാവുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇതാണ്. അതായത് ഹസ്റത്ത് ഉസ്മാൻ (റ) നിയമിച്ച ആളുകൾ ആ സ്ഥാനത്തിരിക്കാൻ യോഗ്യരാണോ എന്നു മാത്രമാണ്.**

"അവർ എന്നെ പറ്റി പറയുന്ന മറ്റൊരു അപവാദം ഉന്നതസ്ഥാനങ്ങൾ ഞാൻ എന്റെ ബന്ധുക്കൾക്ക് നൽകുകയും അർഹരായ മറ്റുള്ളവരെ അവഗണിച്ചുവെന്നുമാണ്. അറബികളിൽ വെച്ച് റസൂൽ തിരുമേനി (സ) ഖുറൈഷികൾക്ക് ഒരു പരിഗണനയും നൽകിയിട്ടില്ലായിരുന്നുവോ? ഖുറൈഷികളിൽ നിന്നും ബനീ ഹാഷീമിന് തിരുമേനി (സ) ഒരു സ്ഥാനം നൽകിയിട്ടില്ലായിരുന്നുവോ? അതിമോഹികളായ അൻസാറുകളിൽ പെട്ട ചില യുവാക്കൾ ഇതേ ആരോപണം റസൂൽതിരുമേനി (സ) ക്കെതിരെ ഉന്നയിച്ചത് സത്യമായിരുന്നില്ലേ? ചില യുദ്ധങ്ങൾ കഴിഞ്ഞതിന് ശേഷം ആ യുവാക്കൾ പറഞ്ഞത് അൻസാറുകൾ അവരുടെ വാളുകൾ രക്തത്തിൽ കുതിർക്കുമ്പോൾ മുഹാജിറുകൾ യുദ്ധമുതലുകൾ കൈക്കലാക്കുന്നു' എന്നാണ്. (ഖുറൈഷ്)

അത്തരം ആരോപണങ്ങൾ ആരോപണം നടത്തുന്നവരുടെ ഹൃദയരോഗങ്ങൾ തന്നെയാണ് വെളിപ്പെടുത്തുന്നത്. നമ്മുടെ പരിഗണനക്ക് വിഷയമാവുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇതാണ്. അതായത് ഹസ്റത്ത് ഉസ്മാൻ (റ) നിയമിച്ച ആളുകൾ ആ സ്ഥാനത്തിരിക്കാൻ യോഗ്യരാണോ എന്നു മാത്രമാണ്. അവർ അവരുടെ ഉത്തരവാദിത്തങ്ങൾ ആത്മാർത്ഥമായും കാര്യക്ഷമമായും നിറവേറ്റിയിരുന്നോ? അവരുടെ നിയമനങ്ങൾ നീതികരിക്കപ്പെട്ടിരുന്നുവോ എന്നൊക്കെയാണ്.

ഹസ്റത്ത് ഉസ്മാൻ (റ) നിയമിച്ച വ്യക്തികളെല്ലാം തന്നെ അപാരമായ ഭരണപാടവമുള്ളവരും എല്ലാവിധത്തിലും യോഗ്യന്മാരുമാണെന്ന് ചരിത്രരേഖകൾ സാക്ഷ്യം വഹിക്കുന്നു.

### ഫണ്ട് ദുർവിനിയോഗം

ഹസ്റത്ത് ഉസ്മാൻ പൊതു ഖജനാവിലെ പണം ബന്ധുമിത്രാദികൾക്ക് നിർലോഭം നൽകി ദുരുപയോഗം ചെയ്തു എന്നായിരുന്നു മറ്റൊരു ആരോപണം. ആരോപണ മുന്നയിച്ചവർ ഇതിന്നുപോൽബലകമായി സമർപ്പിച്ച തെളിവുകൾ മുഴുവനും അടിസ്ഥാനരഹിതവും വ്യാജവുമായിരുന്നു.

ഖലീഫ ഉസ്മാൻ (റ) സ്വയം തന്നെ സമ്പന്നമായൊരു കച്ചവടക്കാരനായിരുന്നു. അദ്ദേഹത്തിന്റെ സ്വകാര്യവരുമാനം തന്നെ ലക്ഷക്കണക്കിനു വരുമായിരുന്നു. മസ്ജിദുന്നബവിയുടെ വിപുലീകരണത്തിനുള്ള എല്ലാ ചിലവുകളും വഹിച്ചത് അദ്ദേഹം ഏകനായാണ്. പലപ്പോഴും സൈനിക മുന്നേറ്റങ്ങൾക്കുള്ള സകല ചിലവുകളും അദ്ദേഹം സ്വന്തമായാണ് വഹിച്ചത്. മുസ്ലിംകൾക്ക് ഉപയോഗിക്കാൻ ഒരു കിണറിന്റെ നിർമ്മാണത്തിനുള്ള മുഴുവൻ ചിലവും അദ്ദേഹം വഹിക്കുകയുണ്ടായി. മുസ്ലിംകളുടെ പൊതു നന്മക്ക് വേണ്ടി നിർലോപം വാരിക്കോരി പണം ചിലവഴിക്കുന്ന ഒരു വ്യക്തിക്ക് തന്റെ സ്വന്തം ബന്ധുക്കൾക്ക് വേണ്ടി ചിലവഴിക്കാൻ പോക്കറ്റിൽ പണം ഉണ്ടാവില്ലേ?

ഇത് സംബന്ധമായി ഉസ്മാ (റ) ന്റെ ഒരു പ്രസ്താവന തബരി ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്.

'അവർ എനിക്കെതിരെ സ്വജനപക്ഷപാതം ആരോപിക്കുന്നു. ശരിയാണ്. പക്ഷേ എന്റെ ബന്ധുമിത്രാദികൾ ഒരിക്കലും നീതിയുടേയും സമഭാവനയുടേയും മാർഗ്ഗത്തിൽ നിന്നും എന്നെ വ്യതിചലിപ്പിച്ചിട്ടില്ല. ഞാൻ എന്റെ ബന്ധുക്കൾക്ക് അവർ അർഹിക്കുന്നത് മാത്രമാണ് നൽകിയത്. എന്റെ ഔദാര്യം എന്റെ സമ്പാദ്യത്തെ മാത്രം ആശ്രയിച്ചുള്ളതാണ്. എന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് വേണ്ടി ഒരു ചില്ലിക്കാശ് പോലും ഉപയോഗിക്കുന്നത് പാപമായി കരുതുന്ന ഒരാളാണ് ഞാൻ. റസൂൽ തിരുമേനി (സ) ന്റെ കാലത്തും, അബൂബക്കർ (റ), ഉമർ (റ) എന്നിവരുടെ കാലത്തും ഞാൻ എന്റെ ധനം ബന്ധുക്കൾക്ക് ഔദാര്യപൂർവ്വം നൽകിയിട്ടുണ്ട്. ഞാനിപ്പോൾ എന്റെ ജീവിതത്തിന്റെ സായാഹ്നത്തിലെത്തിയിരിക്കുന്നു. ഞാൻ എന്റെ സ്വത്തുക്കളെല്ലാം അതിന്റെ അനന്തരാവകാശികൾക്കും അർഹതയുള്ള മറ്റു ബന്ധുക്കൾക്കും ആശ്രിതർക്കും നൽകിയിരിക്കുന്നു. കുപ്രചാരണം നടത്തുന്നവരുടെ അപവാദങ്ങളെല്ലാം തികച്ചും വ്യാജവും, അസത്യവുമാണ്. ഖലീഫ എന്ന നിലക്ക് യുദ്ധ മുതലിന്റെ അഞ്ചിലൊന്ന് ഭാഗം എനിക്കുള്ളതാണ്. എങ്കിലും അതിൽ നിന്ന് എന്തെങ്കിലും സ്വീകരിക്കുക എന്നത് വ്യക്തിപരമായി എന്നെ സംബന്ധിച്ചിടത്തോളം നിയമ വിരുദ്ധമാണ്. സ്റ്റേറ്റിന്റെ ഖജനാവ് അല്ലാഹുവിന്റെ അമാനത്താണെന്നാണ് ഞാൻ കരുതുന്നത്. അതിൽ നിന്ന് യാതൊന്നും തന്നെ എന്റെ വ്യക്തിപരമായ ആവശ്യത്തിനു വേണ്ടി ഞാൻ ഉപയോഗിക്കുന്നില്ല.

രാജ്യത്തിന്റെ സമ്പത്ത് ദുർവിനിയോഗം ചെയ്തതിന് തെളിവായി അവർ ഉന്നയിച്ചത് തായിഫിലേക്ക് റസൂൽ തിരുമേനി (റ) നാടുകടത്തിയ ഹഖം ഇബ്നു അൽ ആസിന് ഞാൻ നൽകിയ സമ്മാനങ്ങളാണ്. പക്ഷേ റസൂൽ തിരുമേനി (സ) യുടെ ജീവിതാന്ത്യത്തിൽ ഉസ്മാന്റെ (റ) നേതൃത്വത്തിൽ അയച്ച പ്രതിനിധി സംഘം ഹഖം ഇബ്നു അൽആസിന് മാപ്പ് നൽകിയിരുന്നു. ഈ മാപ്പ് നൽകിയതിനെപറ്റി ഹസ്റത്ത് അബൂബക്ക (റ) റോ ഹസ്റത്ത് ഉമറോ (റ) ഒന്നും അറിഞ്ഞിട്ടില്ലായിരുന്നു. അതുകൊണ്ട് അവരുടെ ഖിലാഫത്തിനു കീഴിൽ റസൂൽ തിരുമേനിയുടെ ഈ നാടുകടത്തൽ ഓർഡർ റദ്ദാക്കിയിരുന്നില്ല. എന്നാൽ റസൂൽ തിരുമേനി ഇബ്നു അൽ ആസിന് മാപ്പു നൽകിയ കാര്യം ഉസ്മാൻ (റ) ന് അറിയാമായിരുന്നു. അദ്ദേഹം ഇബ്നു അൽ ആസിന് മദീനയിൽ വരാൻ അനുവാദം നൽകി. ഇബ്നു അൽ ആസിന്റെ മകൻ മർവാന് തന്റെ മകളെ ഉസ്മാൻ (റ) വിവാഹം ചെയ്തുകൊടുത്തു. ഒരു ലക്ഷം നാണയം മഹറിന്നായിരുന്നു വിവാഹം. തന്റെ മരുമകന് ഉസ്മാൻ (റ) ഒരു ലക്ഷം സമ്മാനമായി നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്വന്തം പണം ചിലവഴിച്ചതിന് മറ്റുള്ളവർക്ക് ആക്ഷേപകരമായി എന്താണുള്ളത്? *(തുടരും)* ●

## എല്ലാം ദൈവത്തിനു വേണ്ടി

എനിക്കുവേണ്ടി മാത്രം പ്രവർത്തിക്കുന്നവനും എന്നെ എല്ലാറ്റിലും വെച്ച് ഉത്കൃഷ്ടനായി കാണുന്നവനും എന്നെ മാത്രം ഭജിക്കുന്നവനും എന്നെയൊഴിച്ച് ഒരു വസ്തുവിലും സംഗമില്ലാത്തവനും ഒരു പ്രാണിയിലും ശത്രുത്വബുദ്ധിയില്ലാത്തവനുമായ പരമഭക്തൻ എന്നിൽ വന്നു ചേരുന്നു.

***ഭഗവത്ഗീത 11:55***

പറയുക, എന്റെ നമസ്കാരവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവും സർവ്വലോക പരിപാലകനായ അല്ലാഹുവിന് വേണ്ടിയുള്ളതാകുന്നു. അവന് ഒരു കൂട്ടുകാരുമില്ല. അതാണ് എന്നോട് കല്പിക്കപ്പെട്ടിട്ടുള്ളത്. ഞാൻ അനുസരണം പുലർത്തുന്നവരിൽ ഒന്നാമനാകുന്നു.

***വി. ഖുർആൻ 6:163.***

ലേഖനം

# ദാനിയേൽ പ്രവാചകനും പ്രവചനങ്ങളും

യൂസഫ് തൃക്കടേരി

## ഭാവിയിൽ നടക്കാനിരിക്കുന്ന അനേകം പ്രവചനങ്ങൾ അടങ്ങിയതാണ് ദാനിയേലിന്റെ പുസ്തകം

ബൈബിൾ പഴയ നിയമത്തിലെ ദാനിയേലിന്റെ പുസ്തകം പ്രവചനങ്ങളാൽ അലംകൃതമായ ഒരു കൊച്ചു പുസ്തകമാകുന്നു. ആകർഷകങ്ങളായ ചെറിയ-ചെറിയ പന്ത്രണ്ട് അദ്ധ്യായങ്ങളാണ് ഇതിലുള്ളത്. ബി. സി. ആറാം നൂറ്റാണ്ടിൽ ഇസ്രായീൽ സമുദായത്തിൽ ആഗതനായ ദാനിയേൽ പ്രവാചകന്റെയും അക്കാലത്തെ ചില രാജാക്കന്മാരുടെയും സ്വപ്നദർശനങ്ങളാണ് ഇതിലെ മുഖ്യ ഉള്ളടക്കം. നിരവധി പ്രവചനങ്ങൾ അനാവരണം ചെയ്യപ്പെട്ട ഈ പുസ്തകം ആലങ്കാരിക ഭാഷയിലുള്ളതും ആന്തരികാർത്ഥവാഹകവുമാണ്. ഇതിനെ വിശകലന വിധേയമാക്കുമ്പോൾ വിസ്മയകരമായ പല വസ്തുതകളും ഉരുത്തിരിയപ്പെടുന്നു. തിരുനബി (സ) യെ സംബന്ധിച്ചും അന്തി ക്രിസ്തു എന്ന ദജ്ജാലിനെക്കുറിച്ചും മഹ്ദി മസീഹിന്റെ (രണ്ടാം മിശിഹ) ആഗമനത്തെ സൂചിപ്പിക്കുന്നതുമായ പ്രവചനങ്ങൾക്കു പുറമെ ചില പ്രമുഖ ലോകരാഷ്ട്രങ്ങളുടെ ഉത്ഥാന പതനത്തെക്കുറിച്ചും ഇതിൽ ദീർഘ ദർശനം ചെയ്യപ്പെട്ടതായികാണാം. ഇപ്രകാരം പുലർന്ന തും അനുസ്യൂതം പുലർന്നുകൊണ്ടിരിക്കുന്നതുമായ നിരവധി പ്രവചനങ്ങൾ ഈ പുസ്തകത്തിന്റെ സവിശേഷതയാണ്.

### അന്ത്യകാലത്തേക്കുള്ള പുസ്തകം

ദാനീയേലിന്റെ പുസ്തകം അന്ത്യകാലം വരെ അടച്ചു മുദ്രയിടപ്പെട്ടതാണെന്ന് അതിൽ പലഭാഗത്തും പറയുന്നു. ദാനീ. 12:4, 12:9,10; 8:17 എന്നീ വാക്യങ്ങൾ നോക്കുക. ഇതിൽ വാക്യം 12:4 ഇപ്രകാരമാകുന്നു.

“നിയോ ദാനിയേലേ, അന്ത്യകാലം വരെ ഈ വചനങ്ങളെ അടച്ചു പുസ്തകത്തിനു മുദ്രയിടുക, പലരും അതിനെ പരിശോധിക്കയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും” (ദാനീ 12:4)

മേൽ വാക്യത്തിൽ പറയപ്പെട്ട അന്ത്യകാലം ജ്ഞാനവർദ്ധനവിന്റെയും പരിശോധനയുടെയും കാലമായിരിക്കുമെന്നാണ്. 19-ാം നൂറ്റാണ്ടിന്റെ ആവിർഭാവത്തോടെ അന്ത്യകാലമെന്ന് വിശേഷിപ്പിക്കുന്ന വിസ്മയകരമായ ഒരു കാലഘട്ടത്തിലേക്ക് ലോകം പ്രവേശിച്ചുകഴിഞ്ഞതായി സുവ്യക്തമാണ്. ചരിത്രപണ്ഡിതനായ ജവഹർലാൽ നെഹ്റു തന്റെ വിശ്വചരിത്രാവലോകനത്തിൽ 19-ാം നൂറ്റാണ്ടിന്റെ സവിശേഷതകളെപ്പറ്റി അന്യത്ര പ്രതിപാദിച്ചിട്ടുണ്ട്. (വിശ്വ ചരിത്രാവലോകനം ഭാ. 473/ഹ: അഹ്മദ് (അ), എൻ. അബ്ദുർറഹീം പേജ് 36, 37 നോക്കുക)

അതായത്, ദാനീയേലിന്റെ പുസ്തകത്തിൽ പരാമർശിക്കപ്പെട്ട ‘അന്ത്യകാലം’ എല്ലാ മതഗ്രന്ഥങ്ങളിലും പ്രതിപാദിക്കപ്പെട്ട സവിശേഷമായ ഈ കാലഘട്ടത്തെക്കുറിച്ചു തന്നെയാണ്.

### ദാനീയേൽ ആരായിരുന്നു?

ബാബിലോണിയൻ രാജാവായിരുന്ന നബൂഖദ്നസർ ജറുസലമിനെ

മിന്റെ പിന്തുടർച്ചയിൽ യഹൂദ്യയിലെ പതിനെട്ടാമത്തെ രാജാവാകുന്നു. ഇദ്ദേഹത്തിന്റെ വാഴ്ച ആരംഭിച്ചത് ബി. സി. 608 ലാണ്. വാഴ്ചയുടെ മൂന്നാം ആണ്ടായ ബി. സി 605 ലാണ് ബാബിലോണിയൻ രാജാവായ നബൂഖദ് നസർ ജറുസലം കീഴടക്കുന്നത്.

യഹൂദ്യ പരിപൂർണ്ണമായി തന്റെ വിധേയത്വത്തിൻ കീഴിലാക്കുവാൻ നബൂഖദ്നസർ മൂന്നുതവണ യഥാക്രമം ബി. സി. 605, ബി. സി. 597, ബി. സി. 586 എന്നീ വർഷങ്ങളിൽ അതികഠിനമായ ആക്രമണങ്ങൾ അവിടേക്ക് അഴിച്ചുവിടുകയുണ്ടായി.

സോളമന്റെ ദൈവാലയത്തിലെ തിരുശേഷിപ്പുകളും, ദാനീയേൽ അടക്കമുള്ള ഒരു സംഘം യഹൂദ ശ്രേഷ്ഠരെയും ആദ്യത്തെ ആക്രമണത്തിൽ (ബി. സി 605) എടുത്തുകൊണ്ടുപോയി.

യെഹെസ്കേൽ പ്രവാചകനെയും മറ്റനേകം ജറുസലം നിവാസികളെയും ബി. സി. 597 ലുണ്ടായ രണ്ടാമത്തെ ആക്രമണത്തിലും അടിമ (പ്രവാസി)കളാക്കി.

തുടർന്ന് യഹൂദ്യയിൽ അവശേഷിച്ച എല്ലാവരെയും തന്റെ മൂന്നാമത്തെ ആക്രമണത്തിൽ (ബി. സി. 586) പ്രവാസികളാക്കി. "എളിയവരിൽ ചിലരെ മാത്രമല്ലാതെ ആരെയും വിട്ടേച്ചില്ല" (രാജാ. 25:12) മാത്രമല്ല ജറുസലം പട്ടണം പാടേ അഗ്നിക്കിരയാക്കുകയും സോളമന്റെ ദൈവാലയം നിലംപരിശാക്കുകയും ചെയ്തു.

ഇസ്രായീൽ ജനത ഒരു കാലത്ത് ദൈവത്തിന്റെ ഉൽകൃഷ്ട സമുദായമായിരുന്നു. ഈ വസ്തുതക്ക് വിശുദ്ധ ഖുർആനും (2:48/4:17) ബൈബിളും (ആവ 7:6) ഒരുപോലെ സാക്ഷ്യം വഹിക്കുന്നു. അവർ അടിമകളായിപ്പോവാനും ചിതറപ്പെടാനും കാരണം ഭിന്നിച്ച് കുഴപ്പമുണ്ടാക്കിയതുകൊണ്ടും ദൈവകല്പനകൾ നിരന്തരം ലംഘിച്ചുകൊണ്ടിരുന്നതിനാലുമാണ്. ഇസ്രായീൽ ബി. സി. 721 ൽ അസീറിയക്കും, യഹൂദ്യ ബി.സി. 605-586 ലുമായി ബാബിലോണിയക്കും അടിമകളായി.

രാജാ സോളമന്റെ മകൻ രെഹബയാ യഹൂദ രാജ്യത്തിന്റെ ഒന്നാമത്തെ രാജാവായിട്ടാണ് കണക്കാക്കപ്പെടുന്നത്. വാക്യം ദാനീ 1:1 ൽ പറയപ്പെട്ട യെഹോയാക്കീം, രെഹബയാ

അവന്റെ കയ്യിൽ ഏല്പിച്ചു. അവൻ അവയെ ശിനാർ ദേശത്തു തന്റെ ദേവന്റെ ക്ഷേത്രത്തിലേക്കു കൊണ്ടുപോയി. ആ പാത്രങ്ങളെ അവൻ തന്റെ ദേവന്റെ ഭണ്ഡാരഗൃഹത്തിൽ വെച്ചു" (ദാനീ 1:1,2).

അതായത്, സോളമൻ രാജാവിന്റെ മരണം വരെ ഇസ്രായീൽ ജനത ഐക്യത്തോടെ നിലകൊണ്ടിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ മരണാനന്തരം മകൻ രെഹബയാം തൽസ്ഥാനത്ത് അധികാരത്തിൽ വരുകയും തുടർന്ന് വിപ്ലവവും ഭിന്നിപ്പും ഉടലെടുക്കുകയും ചെയ്തു.

രെഹബയാം ഭൗതികതയിലേക്ക് ചാഞ്ഞ സുഖലോലുപനും നയശൂന്യനുമായിരുന്നു. വിശുദ്ധഖുർആൻ അദ്ദേഹത്തെ ഒരു ഭൗമിക ജീവിയായിട്ടും (34:15) ആത്മീയ ചൈതന്യമില്ലാത്ത വെറുമൊരു ജഡമായിട്ടും (38:35) ആണ് വിശേഷിപ്പിച്ചിട്ടുള്ളത്.

ഇദ്ദേഹത്തിന്റെ ഭരണകാലത്ത് പത്തു ഗോത്രങ്ങളടങ്ങിയ വലിയൊരു ജനവിഭാഗം ഭരണകൂടത്തിനെതിരായി സംഘടിക്കുകയും അവർ യെരോബെയാം എന്ന വ്യക്തിയെ തങ്ങളുടെ നേതാവായി സ്വീകരിച്ചുകൊണ്ട് യഹൂദ്യയുടെ വടക്കെ പ്രവിശ്യ കൈക്കലാക്കുകയും ഇസ്രായീൽ എന്ന പുതിയൊരു രാജ്യത്തിന് അടിത്തറപാകുകയും ചെയ്തു. സമരിയ പട്ടണം അതിന്റെ തലസ്ഥാനമാക്കപ്പെട്ടു.

യഹൂദാ ഗോത്രവും ബെന്യാമിൻ ഗോത്രവും മാത്രമെ രെഹബയാമിനു വിധേയത്വം പുലർത്തി അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിൽ നിലകൊള്ളുകയുണ്ടായത്. അവരുടെ പ്രവശ്യ യഹൂദ്യ എന്ന പഴയ പേരിൽ തന്നെ നിലകൊണ്ടു. പിന്നീട് സ്വാഭാവികമായി തെക്കെ രാജ്യം (Southern Kingdom) എന്ന പേരും ലഭിക്കുകയുണ്ടായി.

ആക്രമിച്ച് കീഴ്പ്പെടുത്തി തദ്ദേശവാസികളെയെല്ലാം ബാബിലോണിലേക്ക് അടിമകളാക്കി കൊണ്ടുപോയപ്പോൾ അതിലകപ്പെട്ട യഹൂദ വംശത്തിലെ ഒരു രാജകുമാരനാണ് ദാനീയേൽ. അദ്ദേഹത്തിന്റെ ശൈശവം യഹൂദ്യയിലെ ജറുസലമിലും യൗവനം മുതൽ ജീവിതാവസാനം വരെ ബാബിലോണിലുമായിരുന്നു. പ്രവാചകത്വലബ്ധി ബാബിലോണിൽ വെച്ചാണുണ്ടായത്.

ഹസ്റത്ത് ദാനീയേൽ പ്രഭാവശാലിയായ ഒരു പ്രവാചകനായിരുന്നു. ബൈബിൾ അദ്ദേഹത്തെ ഹസ്റത്ത് നൂഹ് (അ), ഹസ്റത്ത് അയ്യൂബ് (അ) എന്നീ പ്രവാചകവര്യന്മാരോടൊന്നിച്ച് ഉയർത്തിക്കാണിച്ചിട്ടുണ്ട്. (യെഹെ 14:19, 20 നോക്കുക). കൂടാതെ യേശുമിശിഹായും തന്റെ അനുയായികളെ, ദാനിയേൽ പ്രവാചകൻ ദീർഘദർശനം ചെയ്ത പ്രവചനങ്ങളെ എടുത്തുദ്ധരിച്ച് ജാഗ്രതപ്പെടുത്തുകയുണ്ടായിട്ടുണ്ട്. (മത്താ. 24:15).

ദീർഘദർശിയായ പ്രവാചകൻ രാഷ്ട്രതന്ത്രജ്ഞൻ, ഉപദേഷ്ടാവ് എന്നീ നിലകളിൽ പ്രശോഭിച്ച ഹസ്റത്ത് ദാനീയേൽ (അ) ന്റെ ജീവിതം അനുപമമാണ്. ദാനീയേലിന്റെ പുസ്തകം വിശകലനം ചെയ്താൽ അദ്ദേഹത്തിന്റെ മഹത് വ്യക്തിത്വം നമ്മെ ഏറെ സ്വാധീനിക്കാതിരിക്കില്ല. ഈ ലേഖനത്തിലൂടെ അതിനുള്ള ഒരു എളിയ ശ്രമമാണ് നടത്തുന്നത്.

### അദ്ധ്യായം -ഒന്ന്

പ്രഥമാദ്ധ്യായം തുടങ്ങുന്നത് നബൂഖദ്നസർ രാജാവിന്റെ ജറുസലം ആക്രമണത്തെ പരാമർശിച്ചുകൊണ്ടാണ്. നോക്കുക.

"യെഹൂദ രാജാവായ യെഹോയാക്കീമിന്റെ വാഴ്ചയുടെ മൂന്നാം ആണ്ടിൽ ബാബേൽ രാജാവായ നബൂഖദ്നസർ യെരുശലേമിലേക്ക് വന്നു അതിനെ നിരോധിച്ചു. കർത്താവു യഹൂദ രാജാവായ യെഹോയാക്കീമിനെയും ദൈവത്തിന്റെ ആലയത്തിലെ പാത്രങ്ങളിൽ ചിലതിനെയും

ഇസ്രായീൽ സമുദായത്തിനു ശിക്ഷയായി കഠിനമായ അക്രമണങ്ങളെ നേരിടേണ്ടിവരുമെന്ന് അവരുടെ ഗ്രന്ഥത്തിൽ മുന്നറിയിപ്പു നൽകപ്പെട്ടിരുന്നതായി ഖുർആൻ പ്രസ്താവിക്കുന്നു. നോക്കുക:

“നിങ്ങൾ ഈ നാട്ടിൽ രണ്ടുതവണ കുഴപ്പമുണ്ടാക്കുകയും വലിയ അതിക്രമം പ്രവർത്തിക്കുകയും ചെയ്യുമെന്ന് ആ ഗ്രന്ഥത്തിൽ നാം ഇസ്രായീൽ സന്തതികൾക്ക് ഖണ്ഡിതമായി മുന്നറിയിപ്പു നൽകുകയുണ്ടായി. അങ്ങനെ അവ രണ്ടിൽ ആദ്യത്തെ വാഗ്ദാനം ആഗതമായപ്പോൾ കഠിനമായ അക്രമണശേഷിയുള്ള നമ്മുടെ ചില ദാസന്മാരെ നിങ്ങൾക്കെതിരിൽ നാം അയച്ചു. അവർ (നിങ്ങളുടെ) ഗൃഹാന്തർഭാഗങ്ങളിൽ നുഴഞ്ഞുകയറി (നാശം വരുത്തി). ഇത് പൂർണ്ണമായും നടപ്പിൽ വരുത്തപ്പെടുന്ന ഒരു താക്കീതായിരുന്നു” (17:5, 6)

മേൽ സൂക്തങ്ങളിൽ പറയപ്പെട്ട അവ രണ്ടിൽ ആദ്യത്തെ വാഗ്ദാനമാണ് മേൽപറഞ്ഞ അസീറിയ-ബാബിലോൺ ആക്രമണവും ഇസ്രായീൽ ജനതയുടെ ചിതറലും. രണ്ടാമത്തെ വാഗ്ദാനം എ. ഡി. 70 ൽ റോമൻ ജനറൽ ടൈറ്റസും സൈന്യവും യഹൂദ്യയെ ആക്രമിച്ച്, ജറുസലമും അവിടുത്തെ ദൈവാലയവും തകർത്തു തരിപ്പണമാക്കിയതിനെക്കുറിച്ചുമുള്ളതാകുന്നു.

വിശുദ്ധഖുർആൻ പ്രസ്താവിച്ച പ്രകാരം അവരുടെ ഗ്രന്ഥത്തിൽ ഈ ആക്രമണങ്ങളെക്കുറിച്ച് മുന്നറിയിപ്പു നല്കപ്പെട്ടിരുന്നുവോ എന്നു നോക്കാം. താഴെ ഉദ്ധരിച്ച ബൈബിൾ വാക്യങ്ങൾ നോക്കുക:

“അവർ എന്റെ വിധികളെ അനുഷ്ഠിക്കാതെ, എന്റെ ചട്ടങ്ങളെ ധിക്കരിച്ച് എന്റെ ശബ്ബത്തുകളെ അശുദ്ധമാക്കുകയും, അവരുടെ കണ്ണ് അവരുടെ പിതാക്കന്മാരുടെ വിഗ്രഹങ്ങളിലേക്ക് ചെല്ലുകയും ചെയ്തതുകൊണ്ട് ഞാൻ അവരെ ജാതികളുടെ ഇടയിൽ ഛിന്നിച്ച് രാജ്യങ്ങളിൽ ചിതറിച്ചു കളയുമെന്ന് മരുഭൂമിയിൽ വെച്ച് കയ്യുയർത്തി അവരോട് സത്യം ചെയ്തു.” (യെഹെ. 20:23, 24)

■

**ഇസ്രായീൽ സമുദായത്തിനു ശിക്ഷയായി കഠിനമായ അക്രമണങ്ങളെ നേരിടേണ്ടിവരുമെന്ന് അവരുടെ ഗ്രന്ഥത്തിൽ മുന്നറിയിപ്പു നൽകപ്പെട്ടിരുന്നതായി ഖുർആൻ പ്രസ്താവിക്കുന്നു.**

■

“അതുകൊണ്ട് സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു: നിങ്ങൾ എന്റെ വചനങ്ങളെ കേൾക്കായ്ക കൊണ്ടു ഞാൻ ആളയച്ചു വടക്കുള്ള സകലവംശങ്ങളെയും എന്റെ ദാസനായി ബാബേൽ രാജാവായ നബൂഖദ്നസറിനേയും ഈ ദേശത്തിന്റെ നേരേയും അതിലെ നിവാസികളുടെ നേരേയും ചുറ്റും വസിക്കുന്ന ഈ സകല ജാതികളുടെ നേരെയും വരുത്തി അവരെ ഉന്മൂലനാശം ചെയ്തു സ്തംഭനഹേതുവും പരിഹാസ വിഷയവും ശാശ്വത ശൂന്യവുമാക്കിത്തീർക്കും. ഞാൻ ആനന്ദഘോഷവും സന്തോഷ ധ്വനിയും മണവാളന്റെ സ്വരവും മണവാട്ടിയുടെ സ്വരവും തിരിക്കല്ലിന്റെ ഒച്ചയും വിളക്കിന്റെ വെളിച്ചവും അവരുടെ ഇടയിൽ നിന്നും നീക്കിക്കളയും” (യിരെ 25: 8-10)

മറ്റൊരു വാക്യം നോക്കുക.

“നീ ജനിപ്പിച്ചവരായി നിന്നിൽ നിന്നുത്ഭവിക്കുന്ന നിന്റെ പുത്രന്മാരിലും ചിലരെ അവർ കൊണ്ടുപോകും; അവർ ബാബേൽ രാജാവിന്റെ അരമനയിൽ ഷണ്ഡന്മാരായിരിക്കുമെന്ന് യഹോവ അരുളിചെയ്യുന്നു.” (യെശ 39:7/2 രാജാ 20:18)

നബൂഖദ്നസർ രാജാവിനെ ഖുർആനും (17:6) ബൈബിളും (യിരെ 25:9) ദൈവത്തിന്റെ ദാസനായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്. അതിന്റെ പൊരുൾ പിറകെ പ്രതിപാദിക്കുന്നുണ്ട്.

## നബൂഖദ്നസറിന്റെ തലമുറ

നോഹ (നൂഹ് നബി) ക്ക് മൂന്നു മക്കളാണല്ലോ ഉണ്ടായിരുന്നത്. നോക്കുക.

“ പെട്ടകത്തിൽ നിന്നും പുറപ്പെട്ടവരായ നോഹയുടെ പുത്രൻമാർ ശേമും ഹാമും യാഫെത്തും ആയിരുന്നു.” (ഉല്പ. 9:18)

ഇതിൽ ശേമിന്റെ തലമുറ അനുഗ്രഹീതവും ഹാമിന്റെ തലമുറ ശാപഗ്രസ്തവുമാണെന്ന് ബൈബിൾ ഭാഷ്യം (ഉല്പ. 9:18-27 വാക്യങ്ങൾ നോക്കുക).

ശാപഗ്രസ്തമായ ഹാമിന്റെ തലമുറയിലെ ഒരു കുപ്രധാനിയും യുദ്ധവീരനുമായിരുന്നു നിമ്രോദ്. കീർത്തികേട്ട ബാബേൽ ഗോപുരം പണിതുയർത്തിയത് ഇദ്ദേഹമാണെന്ന് കരുതപ്പെടുന്നു. (ഉല്പ. 10, 11 അദ്ധ്യായങ്ങൾ)

പ്രാചീന ശിലാഫലകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഗിൽഗാമേഷിന്റെ ഇതിഹാസം ബൈബിളിൽ പ്രസ്താവിക്കപ്പെട്ട നിമ്രോദിനെക്കുറിച്ചുള്ള പരാമർശങ്ങളുമായി ഏറെ സാമ്യമുണ്ട്.

ബി. സി. 2800 ൽ യൂഫ്രട്ടീസ് നദീതീരത്ത് പുരാതന മെസോപൊട്ടേമിയൻ രാജ്യമായ ബാബിലോണിയായിലെ ഉറുക്ക് (ഇറാഖ്) ദേശത്ത് രാജാവായിരുന്ന ഗിൽഗാമേഷിന്റെ ചരിത്രം, എ. ഡി. 1839 ൽ ഓസ്റ്റിൻ ഹെന്റി ലേയാർഡ് എന്ന ബ്രിട്ടീഷ് ഗവേഷകനാണ് ചുട്ടെടുത്ത കളിമൺ ഫലകങ്ങളിൽ നിന്നും കണ്ടെത്തിയത്. സിലോണിലേക്കുള്ള കപ്പൽ യാത്രക്കിടിയിലാണ് ലേയാർഡ് മെസൊപൊട്ടേമിയയിൽ തങ്ങാനിടയായത്. നിനെവേ, നിംറൂദ് എന്നീ സ്ഥലങ്ങളിലായിരുന്നു ഖനനം. ഇതിഹാസം കുറിക്കപ്പെട്ട ഫലകങ്ങളിൽ ഗൂഢാർത്ഥങ്ങളുള്ള ക്യൂനിഫോം ലിപി വായിച്ചെടുത്തത് ഹെന്റി റാളിൻസനെന്ന ഗവേഷകനാണ്.

ഗിൽഗാമേഷ് എന്ന പേരുകൊണ്ട് 'ആദിവീരൻ' എന്നാണത്രെ അർത്ഥം. നിമ്രോദിനെയും ബൈബിൾ ആദിവീരനായിട്ടാണ് വിശേഷിപ്പിക്കുന്നത്. നോക്കുക.

"ക്രൂശ് നിമ്രോദിനെ ജനിപ്പിച്ച്, അവൻ ഭൂമിയിൽ ആദ്യവീരനായിരുന്നു" (ഉല്പ. 10:8)

കളിമൺ ഫലകങ്ങളിൽ ക്യൂനിഫോം ലിപികളിലുള്ള ഇതിഹാസത്തിൽ ഗിൽഗാമേഷിനെക്കുറിച്ചുള്ള മറ്റു വിശേഷങ്ങൾ ഇപ്രകാരമാണ്. "ഗിൽഗാമേഷ് രാജാവ്, ഉറുക്കുദേശത്തിന്റെ രാജാവ്, പരാക്രമി ദേവതകളിൽ (ദൈവങ്ങളിൽ) ചിലർക്കു ശത്രു. കൊല്ലാൻ വരുന്ന വരെ പറഞ്ഞുമയക്കി മിത്രങ്ങളാക്കുന്ന നയതന്ത്രജ്ഞൻ". നിമ്രോദിനെപ്പറ്റിയും ബൈബിൾ ഏകദേശം ഇപ്രകാരം തന്നെ വിശേഷങ്ങൾ നൽകുന്നുണ്ട്. നോക്കുക.

"അവൻ (നിമ്രോദ്) യഹോവയുടെ മുമ്പാകെ നായാട്ടുവീരനായിരുന്നു. യഹോവയുടെ മുമ്പാകെ നിമ്രോദിനെപ്പോലെ നായാട്ടുവീരൻ എന്നു പഴഞ്ചൊല്ലായി. അവന്റെ രാജ്യത്തിന്റെ ആരംഭം ബാബേൽ, ഏരെക്, അക്കാദ്, കൽനേ എന്നിവയായിരുന്നു." (ഉല്പ. 10:9, 10)

ഇബ്രാഹീം നബിയുടെ പ്രതിയോഗിയായിരുന്ന നംറൂദ് (നിമ്രോദ്) ഉല്പ. 10:8 ൽ പറയപ്പെട്ട നിമ്രോദിന്റെ പിൻതുടർച്ചയിൽ അതേ നാമം സ്വീകരിച്ച മറ്റൊരു രാജാവാകനാണ് സാധ്യത. കാരണം ബി. സി. 2800 ലാണ്. മെസപ്പൊട്ടേമിയൻ രാജ്യമായ ഉറുക്കിൽ ഗിൽഗാമേഷിന്റെ ഭരണം. (126 വർഷം)

എന്നാൽ അതിനുശേഷം 700 വർഷം പിന്നിട്ട അതായത് ബി. സി 2100 ലാണ് അബ്രഹാമിന്റെ ചരിത്രം കാണുന്നത്.

പ്രാചീന നാഗരികതകളിൽ ഏറ്റവും പഴക്കമുള്ളത് ബി. സി. 7000 വർഷം മുമ്പെ പൂത്തുലഞ്ഞ മെസപെട്ടോമിയൻ സംസ്ക്കാരമാണ്.

'മെസപോട്ടേമിയ' എന്ന ഗ്രീക്ക് പദത്തിന് ഇരു നദികൾക്കിടയിലുള്ള മേഖല എന്നാണർത്ഥം. അതായത് തെക്കൻ റഷ്യയിലെ കോക്കസ് (ഖാഫ്) മലനിരകളിൽ നിന്ന് ഉറവെടുത്ത് യൂഫ്രട്ടീസ് എന്നും ട്രൈഗീസ് എന്നും പേരുള്ള രണ്ടു നദികളായി തെക്കു കിഴക്കോട്ട് ഒഴുകി ഒന്നായി യോജിച്ച് പേർഷ്യൻ ഉൾക്കടലിൽ ചെന്നു ചേരുന്ന നദികളുടെ തടം. ഇപ്പോൾ ഇതിന്റെ സിംഹഭാഗവും ഇറാഖിൽ തന്നെ.

യൂഫ്രട്ടീസ് നദിക്കരയിൽ ആധുനിക ഇറാഖിന്റെ തലസ്ഥാനമായ ബാഗ്ദാദ് സ്ഥിതിചെയ്യുന്നതിനു സമീപമായിരുന്നു പുരാതന ബാബിലോൺ സ്ഥിതി ചെയ്തിരുന്നത്. കിഴക്ക് പർവ്വത നിരകളോളവും പടിഞ്ഞാറ് മരുഭൂമി വരെയും എത്തുന്ന പരന്ന താഴ്വരയെ യൂഫ്രട്ടീസ്, ടൈഗ്രീസ് എന്നീ ഇരട്ട നദികൾ നനച്ചിരുന്നു. ഈ രണ്ട് നദികൾക്കിടയിൽ പരന്ന് അർദ്ധവൃത്താകൃതിയിൽ കിടക്കുന്ന താഴ്വരെയെയാണ് മെസ്സപെട്ടോമിയ എന്നു വിളിച്ചുവന്നത്. ഫലഭൂയിഷ്ഠമായ ഈ പ്രദേശത്തിന്റെ രൂപലാവണ്യം നിമിത്തം അതിനെ ദീർഘകാലമായി ഫല സമൃദ്ധമായ അർദ്ധ ചന്ദ്രാകൃതി എന്ന വിശേഷണം നൽകി വരുന്നു. കൽദയരുടെ നാട് എന്നും ഇതിനെ വിളിച്ചിരുന്നു.

പ്രശസ്ത-പ്രഥമ നിയമജ്ഞനായിരുന്ന ഹമുറാബിയുടെ നേതൃത്വത്തിൽ ഏകദേശം ബി.സി. 1800 ൽ ബാബിലോൺ പ്രാമുഖ്യമുള്ള ഒന്നായി ത്തീർന്നു.

ചിരപുരാതന സംസ്കാരത്തിന്റെ ഈറ്റില്ലമായ മെസ്സപെട്ടോമിയയുടെ വീരസാഹസിക വൃത്താന്തങ്ങൾ ഏത് ഉദ്വ്യോഗജനകമായ അപസർപ്പക കഥകളെയും വെല്ലുന്നതാണ്.

യുദ്ധവീരനായ നിമ്രോദിന്റെ പിൻതലമുറയിൽ തന്നെയാണ് ബാബിലോണിയൻ സിംഹ-വീരശൂര പരാക്രമി നബൂഖദ്നസർ രാജാവും ജന്മമെടുക്കുന്നത്. ബി. സി. 605 ൽ ഇദ്ദേഹം യഹൂദ്യയെ ആക്രമിച്ച് കീഴ്പ്പെടുത്തുകയും ദാനിയേലടക്കമുള്ള യഹൂദ ശ്രേഷ്ഠരെ അടിമകളാക്കി ഏകദേശം ആയിരം മൈലുകൾക്കപ്പുറത്തുള്ള ബാബിലോണിലേക്ക് പ്രവാസികളാക്കുകയും ചെയ്തു.

## ദാനീയേൽ ബാബിലോണിൽ

ഒന്നാം അദ്ധ്യായം ഇപ്രകാരം തുടരുന്നു.

"അനന്തരം രാജാവു തന്റെ ഷണ്ഡന്മാരിൽ പ്രധാനിയായ അശ്പെനാസിസനോട്: യിസ്രയേൽ മക്കളിൽ രാജസന്തതിയിലും കുലീനന്മാരിലും വെച്ച് അംഗഭംഗമില്ലാത്തവരും സുന്ദരന്മാരും സകല ജ്ഞാനത്തിലും നിപുണന്മാരും അറിവിൽ സമർത്ഥരും വിദ്യാപരിജ്ഞാനികളും രാജധാനിയിൽ പരിചരിപ്പാൻ യോഗ്യന്മാരുമായ ചില ബാലന്മാരെ വരുത്തുവാനും അവരെ കൽദയരുടെ വിദ്യയും ഭാഷയും അഭ്യസിപ്പാനും കല്പിച്ചു. രാജാവു അവർക്കു രാജഭോജനത്തിൽ നിന്നും താൻ കുടിക്കുന്ന വീഞ്ഞിൽ നിന്നും നിത്യവൃത്തി നിയമിച്ചു. ഇങ്ങനെ അവരെ മൂന്നു സംവത്സരം വളർത്തീട്ടു, അവൻ രാജസന്നിധിയിൽ നിൽക്കേണം എന്നു കല്പിച്ചു. (ദാനീ 1:3-5)

അതായത്, അടിമകളാക്കപ്പെട്ട യഹൂദ യുവാക്കളിൽ നിന്നും തികഞ്ഞ വ്യക്തിത്വമുള്ള യുവാക്കളെ തെരഞ്ഞെടുത്ത് അവർക്കു മൂന്നു വർഷത്തെ പരിശീലനം നല്കി രാജധാനിയിൽ പരിചാരകരായി നിയമിക്കാൻ രാജകല്പനയുണ്ടായി. പ്രത്യേകിച്ച് കൽദയരുടെ ഭാഷയും വിദ്യയും അഭ്യസിപ്പിക്കുവാനാണ് ഉത്തരവിട്ടത്. ഈ ഉത്തരവാദിത്വം രാജാവിന്റെ ഷണ്ഡന്മാരിൽ പ്രധാനിയായിരുന്ന അശ്പെനാസിനെയാണ് ഏല്പിച്ചത്.

ഷണ്ഡന്മാർ, ഷണ്ഡാധിപൻ എന്നീ പരാമർശങ്ങളുടെ പൊരുൾ എന്താണെന്ന് ചുരുക്കി പറയാം.

ബൈബിളിലെ ഷണ്ഡന്മാർ

ബൈബിളിൽ പലയിടത്തും ഷണ്ഡന്മാരെക്കുറിച്ച് പരാമർശിച്ചതായി കാണാം. എന്താണ് ഇതുകൊണ്ട് വിവക്ഷിക്കുന്നതെന്നു നോക്കാം.

ഷണ്ഡൻ എന്ന വാക്കിന്റെ നേർ അർത്ഥം ഉല്പാദനശേഷിയില്ലാത്തവൻ, നപുംസകം, വരിയുടക്കപ്പെട്ടവൻ, പെണ്ടൻ, ക്ലീബൻ എന്നൊക്കെയാണല്ലോ.

കാര്യസ്ഥർ, മേൽ വിചാരകർ, പള്ളിയറ വിചാരിപ്പുകാർ, അഃന്തപുരദാസന്മാർ, രാജാവിന്റെയും രാജ്ഞിയുടെയും അരമന ഭൃത്യന്മാർ എന്നിങ്ങനെ പല സ്ഥാനങ്ങളും അലങ്കരിക്കുന്നതിന് മുൻകാലങ്ങളിൽ ഷണ്ഡന്മാരെ ഉപയോഗിച്ചിരുന്നു. രാജാക്കന്മാരുടെ അടുത്ത പരിചാരക വൃന്ദത്തിലും അരമനരഹസ്യസൂക്ഷിപ്പുകാരിലും ഉൾപ്പെടുന്നവരെല്ലാം ഷണ്ഡന്മാരാക്കപ്പെട്ടവരായിരുന്നു.

ഉല്പത്തി 39-ാം അദ്ധ്യായത്തിൽ പരാമർശിക്കപ്പെട്ട പോത്തിഫർ ഷണ്ഡനായിരുന്നുവെന്ന് ചില ബൈബിൾ പണ്ഡിതന്മാർ പറയുന്നു. അതുകൊണ്ടാണത്രെ അദ്ദേഹത്തിന്റെ ഭാര്യ യോസെഫിൽ (യൂസുഫ് നബിയിൽ) അനുരക്തയായത്.

ഫറോവോമാരുടെ പാനപാത്രവാഹകർ, ഗൃഹപരിചാരകർ എന്നിവരെല്ലാം ഷണ്ഡന്മാരായിരുന്നു.

അസീറിയ, ബാബിലോണിയ, പേർഷ്യ, യഹൂദ്യ, ഇസ്രായീൽ തുടങ്ങിയ പുരാതന രാജ്യങ്ങളിലെല്ലാം രാജാക്കന്മാരുടെ പരിചാരകനായ ഷണ്ഡന്മാരെപ്പറ്റി ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ളതായികാണാം. (2. രാജാ 20:18) യെശ. 39:7/ യിരെ. 39:3, 13/ദാനീ. 1:3,7 / എസ്ഥേർ 1:10, 12, 15യ /യിരെ 38:7 / 1 ദിനവൃ. 28:1/1 രാജാ 22:9 എന്നീ വാക്യങ്ങൾ നോക്കുക).

മോശെയുടെ ന്യായപ്രമാണ പ്രകാരം ഷണ്ഡന്മാർക്കും ഛിന്നലിംഗന്മാർക്കും യഹോവയുടെ ആലയത്തിൽ പ്രവേശനം അനുവദിച്ചിരുന്നില്ല. (ആവ. 23:1) എന്നാൽ ദൈവകല്പനകൾ പ്രമാണിക്കുന്നവർ അന്യജാതിക്കാരനോ ഷണ്ഡനോ ആരായിരുന്നാലും ദൈവാലയത്തിൽ സ്ഥാനമുണ്ടായിരിക്കുമെന്ന് യെശയ്യാ പ്രവാചകൻ പ്രസ്താവിക്കുന്നു. (യെശ 56: 3-6)

എത്യോപ്യാ രാജ്ഞിയുടെ ഒരു ഷണ്ഡനെപ്പറ്റി അപ്പൊ. പ്രവൃ. 8:27-39 ൽ പരാമർശിക്കുന്നുണ്ട്. ഷണ്ഡന്മാരെക്കുറിച്ച് വ്യക്തമായ ഒരു നിർവചനം ഹസ്റത്ത് യേശുക്രിസ്തു നൽകുന്നത് ഇപ്രകാരമാണ്.

"അമ്മയുടെ ഗർഭപാത്രത്തിൽ നിന്നു ഷണ്ഡന്മാരായി ജനിച്ചവർ ഉണ്ട്. മനുഷ്യർ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരും ഉണ്ട്. സ്വർഗ്ഗരാജ്യം നിമിത്തം തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരും ഉണ്ട്. ഗ്രഹിപ്പാൻ കഴിയുന്നവർ ഗ്രഹിക്കട്ടെ." (മത്താ 19:12)

ബൈബിളിലെ ഷണ്ഡന്മാരെക്കുറിച്ച് മേൽ പ്രസ്താവനകളിൽ നിന്നും ഗ്രഹിച്ചിട്ടുണ്ടാവുമെന്ന് കരുതുന്നു.

## കൽദയരുടെ ഭാഷയും വിദ്യയും

രാജസദസ്സിലെ സേവനത്തിനായി പ്രത്യേകം തെരഞ്ഞെടുത്ത യഹൂദ യുവാക്കൾക്ക് കൽദയരുടെ ഭാഷയും വിദ്യയും അഭ്യസിപ്പിക്കാൻ രാജകല്പനയുണ്ടായതായി (ദാനീ. 1:4) പറഞ്ഞുവല്ലോ.

ബാബിലോണിയായെ കൽദയരുടെ നാട് എന്നും വിശേഷിപ്പിച്ചിരുന്നു. ബാബിലോണിലെ ബുദ്ധിജീവികളായിരുന്നു കൽദയർ. ഉന്നത ശാസ്ത്രജ്ഞന്മാരും തത്വചിന്തകരും വിദ്യാസമ്പന്നരും സർവ്വോപരി ഗണിതശാസ്ത്രത്തിൽ പ്രഗത്ഭന്മാരും അന്ന് കൽദയരായിരുന്നു. ഗണിതശാസ്ത്രത്തിൽ കൽദയരിട്ട ചില അടിസ്ഥാനങ്ങളോടു നാം ഇന്നും കടപ്പെട്ടവരാണ്.

ആകാശത്തിലെ പല നക്ഷത്രങ്ങൾക്കും പേരു കൊടുത്തത് കൽദയരാണ്. അവരുടെ ദേവീദേവന്മാരുടെ നാമങ്ങളാണ് നക്ഷത്രങ്ങൾക്ക് കൊടുത്തിരിക്കുന്നത്. ആകാശഗോളങ്ങളുടെ ചലനങ്ങളെപ്പറ്റി പഠനം നടത്തിയിരുന്ന ജോതിഷ പണ്ഡിതന്മാരും അവിടെയുണ്ടായിരുന്നു. ആകാശഗോളങ്ങളുടെ നിലയനുസരിച്ച് ഭാവി വെളിപ്പെടുത്തുവാനും പ്രശ്നങ്ങൾ പരിഹരിക്കുവാനും കഴിയുമെന്ന് ഈ ജോതിഷികൾ പ്രഭൃതികൾ അവകാശപ്പെട്ടിരുന്നു. കൽദയരുടെ ഭാഷ അരാമ്യ ഭാഷയായിരുന്നു. യഹൂദ യുവാക്കളെ ഇതെല്ലാം അഭ്യസിപ്പിക്കുവാനാണ് രാജാവ് ഉത്തരവിട്ടത്. ഇവർക്ക് രാജകീയമായ ഭക്ഷണവും വീഞ്ഞും നിത്യവൃത്തിയായി നൽകുവാനും രാജാവ് കല്പിച്ചു.

## യുവാക്കൾ രാജഭക്ഷണം നിരസിക്കുന്നു

തുടർന്ന് രാജഭക്ഷണം യഹൂദയുവാക്കൾ നിരസിച്ചതിനെക്കുറിച്ചാണ് പറയുന്നത്

"എന്നാൽ രാജാവിന്റെ ഭോജനം കൊണ്ടും അവൻ കുടിക്കുന്ന വീഞ്ഞു കൊണ്ടും തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്നു ദാനീയേൽ ഹൃദയത്തിൽ നിശ്ചയിച്ചു. തനിക്കു അശുദ്ധിഭവിപ്പാൻ ഇടവരുത്തരുതെന്ന് ഷണ്ഡാധിപനോട് അപേക്ഷിച്ചു." (ദാനീ 1:8)

രാജകീയമായ ഭക്ഷണം യഹൂദ യുവാക്കൾ നിരസിക്കുവാനുണ്ടായ കാരണം അതിൽ മദ്യവും പന്നിമാംസവുമടക്കമുള്ള നിഷിദ്ധ വസ്തുക്കൾ ഉൾപ്പെട്ടിരുന്നതുകൊണ്ടാണ്. മാത്രമല്ല രാജഭക്ഷണം വിഗ്രഹാർപ്പിതവുമായിരുന്നു. ബാബിലോണിയർ ഭക്ഷണം കഴിക്കുന്നതിനുമുമ്പായി അത് അവരുടെ ദേവീദേവന്മാർക്ക് അർപ്പിക്കുന്ന സ്വഭാവമുള്ളവരായിരുന്നു. ഇതെല്ലാം തന്നെ യഹൂദർക്ക് നിഷിദ്ധമാക്കപ്പെട്ടതിനാൽ അവർ അതിനെ വെറുത്തിരുന്നു. വിശുദ്ധ ഖുർആനിൽ ഇതു സംബന്ധമായ പരാമർശമുണ്ട്. നോക്കുക:

"ഇതിനു മുമ്പെ നാം നിനക്കു വിവരിച്ചുതന്നതെല്ലാം യഹൂദന്മാർക്കും നിഷിദ്ധമാക്കിട്ടുണ്ട്". (16:119)

മേൽ സൂക്തത്തിനു അല്പം മുകളിലായി നിഷിദ്ധമാക്കപ്പെട്ടവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുന്നതു നോക്കുക:

"ശവം, പന്നിമാംസം, അല്ലാഹു അല്ലാത്തവർക്ക് അർപ്പണം ചെയ്യപ്പെട്ടത് എന്നിവ മാത്രമാണ് അവൻ നിരോധിച്ചിട്ടുള്ളത്" (16:116)

ബൈബിൾ പറയുന്നത് ശ്രദ്ധി

ക്കുക.

"പന്നി: അതു കുളമ്പു പിളർന്നതെങ്കിലും അയവിറക്കുന്നില്ല; അതു നിങ്ങൾക്ക് അശുദ്ധം; അവയുടെ മാംസം തിന്നരുത്, പിന്നെ തൊടുകയും അരുത്. (ആവ. 14:8

മറ്റൊരു വാക്യം ഇപ്രകാരമാണ്.

"പന്നിയിറച്ചി, അറെപ്പു, ചുണ്ടെലി എന്നിവയെ തിന്നുകയും ചെയ്യുന്നവർ ഒരുപോലെ മുടിഞ്ഞുപോകുമെന്ന് യഹോവയുടെ അരുളപ്പാട് (യെശ 66:17)

നിഷിദ്ധമാക്കപ്പെട്ടവ ഭുജിക്കുന്നത് ആത്മീയ ഔന്നത്യത്തിന് തടസ്സവും കല്പനാ ലംഘനവുമാണെന്ന ഉത്തമ ബോധ്യം അവർക്കുണ്ടായിരുന്നതിനാൽ രാജഭക്ഷണം സദയം നിരസിക്കുകയാണുണ്ടായത്. "മനുഷ്യശരീരം ദൈവത്തിന്റെ മന്ദിരമാകുന്നു, അതിനെ നിങ്ങൾ മലിനപ്പെടുത്തരുത്." എന്ന വേദവാക്യത്തിലടങ്ങിയ തത്ത്വം ഉൾക്കൊണ്ട് ദാനീയേലടക്കമുള്ള യഹൂദയുവാക്കൾ അദ്ധ്യാത്മിക ജീവിതത്തിനു പ്രാധാന്യം നൽകി.

തുടർന്ന് ഇപ്രകാരം പറയുന്നു:

"ദൈവം ദാനീയേലിനു ഷണ്ഡാധിപന്റെ മുമ്പിൽ ദയയും കരുണയും ലഭിപ്പാൻ ഇടവരുത്തി. ഷണ്ഡാധിപൻ ദാനീയേലിനോട് നിങ്ങളുടെ ഭക്ഷണവും പാനീയവും നിയമിച്ചിട്ടുള്ള എന്റെ യജമാനനായ രാജാവിനെ ഞാൻ ഭയപ്പെടുന്നു. അവൻ നിങ്ങളുടെ മുഖം നിങ്ങളുടെ സമപ്രായക്കാരായ ബാലന്മാരുടേതിനോടു ഒത്തുനോക്കിയാൽ മെലിഞ്ഞു കാണുന്നത് എന്തിന്? അങ്ങനെയായാൽ നിങ്ങൾ രാജസന്നിധിയിൽ എന്റെ തലക്കു അപകടം വരുത്തും എന്നു പറഞ്ഞു. അതിനു മറുപടിയായി ദാനിയേൽ അടിയങ്ങളെ പത്തുദിവസം പരീക്ഷിച്ചുനോക്കിയാലും; അവർ ഞങ്ങൾക്കു തിന്മാൻ ശാകപദാർത്ഥവും കുടിപ്പാൻ പച്ചവെള്ളവും തന്നു നോക്കട്ടെ. അതിന്റെ ശേഷം ഞങ്ങളുടെ മുഖവും രാജഭോജനം കഴിക്കുന്ന ബാലന്മാരുടെ മുഖവും തമ്മിൽ നീ ഒത്തുനോക്കുക; പിന്നെ കാണുന്നതുപോലെ

■

**നിഷിദ്ധമാക്കപ്പെട്ടവ ഭുജിക്കുന്നത് ആത്മീയ ഔന്നത്യത്തിന് തടസ്സവും കല്പനാ ലംഘനവുമാണെന്ന ഉത്തമ ബോധ്യം അവർക്കുണ്ടായിരുന്നതിനാൽ രാജഭക്ഷണം സദയം നിരസിക്കുകയാണുണ്ടായത്.**

■

അടിയങ്ങളോടു ചെയ്തുകൊൾക എന്ന് പറഞ്ഞു. അവൻ ഈ കാര്യത്തിൽ അവരുടെ അപേക്ഷ കേട്ടു പത്തുദിവസം അവരെ പരീക്ഷിച്ചു. പത്തു ദിവസം കഴിഞ്ഞശേഷം അവരുടെ മുഖം രാജഭോജനം കഴിച്ചുവന്ന സകല ബാലന്മാരുടേതിലും അഴകുള്ളതും അവർ മാംസപുഷ്ടിയുള്ളവരും എന്നു കണ്ടു. അങ്ങനെ മെൽസർ അവരുടെ ഭോജനവും അവർ കുടിക്കേണ്ടുന്ന വീഞ്ഞും നീക്കി അവർക്കു ശാക പദാർത്ഥം കൊടുത്തു." (ദാനീ 1:9-16)

മേൽ വാക്യങ്ങൾ ലളിതമാകയാൽ ഇവിടെ വിശദീകരിക്കേണ്ട ആവശ്യമില്ല. തുടർന്നുള്ള വാക്യങ്ങൾ ഒന്നാം അദ്ധ്യായത്തിന്റെ അവസാന ഭാഗമാണ്. അവ താഴെ കാണും പ്രകാരമാണ്.

"ഈ നാലു ബാലന്മാർക്കോ ദൈവം സകല വിദ്യയിലും ജ്ഞാനത്തിലും നിപുണതയും സാമർത്ഥ്യവും കൊടുത്തു; ദാനീയേൽ സകല ദർശനങ്ങളെയും സ്വപ്നങ്ങളെയും സംബന്ധിച്ച് വിവേകിയായിരുന്നു. അവരെ സന്നിധിയിൽ കൊണ്ടുവരാൻ രാജാവു കല്പിച്ചിരുന്ന കാലം തികഞ്ഞപ്പോൾ ഷണ്ഡാധിപൻ അവരെ നബൂഖദ്നസറിന്റെ സന്നിധിയിൽ കൊണ്ടുചെന്നു. രാജാവു അവരോടു സംസാരിച്ചാറെ അവരിൽ എല്ലാവരിലും വെച്ചു ദാനീയേൽ, ഹനന്യാവു, മീശായേൽ, അസര്യാവു എന്നിവർക്കു തുല്യമായി ഒരുത്തനെയും കണ്ടില്ല. അവർ രാജസന്നിധിയിൽ ശുശ്രൂഷക്കു നിന്നു. രാജാവു അവരോടു ജ്ഞാന വിവേകസംബന്ധമായി ചോദിച്ചതിൽ ഒക്കെയും അവരെ തന്റെ രാജ്യത്തെല്ലാടവുമുള്ള സകല മന്ത്രവാദികളിലും ആഭിചാരകന്മാരിലും പത്തിരട്ടി വിശിഷ്ടന്മാരെന്നു കണ്ടു. ദാനീയേലോ കോരെശ് രാജാവിന്റെ ഒന്നാം ആണ്ടുവരെ ജീവിച്ചിരുന്നു." (ദാനീ 1: 17-21)

മേൽ ഉദ്ധരണിയിലെ ഏറ്റവും ഒടുവിലുള്ള വാക്യം അതായത് ദാനീയേലോ കൊരെശ് രാജാവിന്റെ ഒന്നാം ആണ്ടുവരെ ജീവിച്ചിരുന്നു." (ദാനീ 1:21). എന്ന വാക്യം ദാനീയേലിന്റെ പുസ്തകത്തിലെ തന്നെ മറ്റൊരു വാക്യത്തിനു വിരുദ്ധമാകയാൽ തെറ്റായ പരാമർശമാണെന്നു മനസ്സിലാകുന്നു.

ദാനീ: 1:21 വാക്യത്തിനു വിരുദ്ധവും ശരിയായ പരാമർശമുള്ള വാക്യം താഴെ കൊടുക്കുന്നു.

"പാർസി രാജാവായ കൊരെശിന്റെ മൂന്നാം ആണ്ടിൽ ബേൽത്ത് ശസ്സർ എന്നു പേരുള്ള ദാനീയേലിനു ഒരു കാര്യം വെളിപ്പെട്ടു" (ദാനീ 10:1)

വാക്യം ദാനീ 1:21 പ്രകാരം ദാനീയേൽ കൊരെശ് രാജാവിന്റെ ഒന്നാം ആണ്ടിൽ തന്നെ മരിച്ചുപോയിട്ടുണ്ടായിരുന്നുവെങ്കിൽ, കൊരെശ് രാജാവിന്റെ മൂന്നാം ആണ്ടിൽ സംഭവിച്ച കാര്യം (വാക്യം ദാനീ 10:1) ദാനീയേലിന് എങ്ങനെ വെളിപ്പെടാനാണ്.

ശരിയായ പരാമർശം ദാനീ 10:1 ലുള്ളതാണ്. തുടർന്നു വരുന്ന അദ്ധ്യായങ്ങളിൽ നിന്നു അതു വ്യക്തമാകുന്നതാണ്. (ഇ. അ)

*അവസാനിക്കുന്നില്ല.*

# 'ദജ്ജാൽ'

ഏ. പി. കുഞ്ഞാമു

## അവസാന കാലത്ത് പ്രത്യക്ഷമാകുന്ന ദജ്ജാൽ എന്ന ഭീകരസത്വം നമുക്ക് ചുറ്റും വലയം ചെയ്ത് നില്ക്കുമ്പോൾ മുസ്‌ലിം പണ്ഡിതന്മാർ മിഥ്യാസങ്കല്പത്തിൽ അഭിരമിക്കുകയാണ്.

കഴിഞ്ഞ ലക്കം സത്യദൂതനിൽ 'യഅ്ജൂജ് മഅ്ജൂജ്' എന്നീ രണ്ടു ശാക്തികചേരികളെപ്പറ്റിയും അവസാന നാളിൽ അവരുടെ പരാക്രമങ്ങളെക്കുറിച്ചും ഒടുവിൽ ഈ രണ്ടു ചേരികളും തമ്മിൽതല്ലി തരിപ്പണമാകുമെന്നതിനെ സംബന്ധിച്ചും വിശുദ്ധഖുർആനിലേയും ഹദീസിലേയും വിവരണങ്ങളെ ഉദ്ധരിച്ച് സ്ഥാപിക്കുകയുണ്ടായി. മറ്റു മുസ്‌ലിം കക്ഷികൾ ഇത്തരം വിഷയങ്ങളിൽ ഇരുട്ടിൽ തപ്പുകയാണ്. അതേപോലെയുള്ള ഒരു പ്രഹേളികയാണ് ദജ്ജാൽ. "ദജ്ജാലിനെ" പറ്റി ഒരു വിവരണവും വിശുദ്ധഖുർആനിൽ നമുക്ക് കാണാൻ സാദ്ധ്യമല്ല. പക്ഷെ യാതൊരു നില ക്കും തള്ളാൻ പറ്റാത്തതും സത്യ സന്ധരായ റാബിമാരാൽ നിവേദനം ചെയ്യപ്പെട്ടതും ആണ്. അതേപോലെ സിഹാഹുസിത്ത എന്ന ഹദീസ് ഭണ്ഡാര ങ്ങളിൽ നിക്ഷേപിക്കപ്പെട്ടതുമായ ഹദീസുകളുടെ കൂട്ടത്തിൽ നമുക്ക് ദജ്ജാലിനെ പറ്റിയുള്ള വിവരണങ്ങൾ കാണാൻ സാധിക്കുന്നു. ഒരു മുസ്‌ലി മിനെ സംബന്ധിച്ചേടത്തോളം നിർബന്ധ കർമ്മങ്ങളിൽപെട്ട അഞ്ചു നേര നമസ്കാരങ്ങളിലേയും മറ്റു നമസ്കാരങ്ങളിലേയും അത്തഹിയാത്തുകളിൽ മസീഹുദജ്ജാലിന്റെ ഉപദ്രവത്തിൽ നിന്നും അവൻ അല്ലാഹുവിനോടു രക്ഷ തേടുന്നു. ആ ദജ്ജാലാരാണെന്നും അവരുടെ ഉപദ്രവം എന്താണെന്നും മനസ്സിലായെങ്കിലല്ലെ ആ പ്രാർത്ഥന ആത്മാർത്ഥമായി അനുഷ്ഠിക്കാൻ സാധിക്കുകയുള്ളൂ? എന്നാൽ ഈ കാര്യത്തിലും മുസ്‌ലിം ലോകം ഇരുട്ടിൽ തപ്പുകയാണ്. അതും കുരുടന്മാർ ആനയെ കണ്ടത്പോലെ.

ഈ ദജ്ജാൽ ആരാണെന്നും അവരെ എങ്ങനെ തിരിച്ചറിയാൻ സാധിക്കുമെന്നും അവരിൽ നിന്ന് എങ്ങിനെ രക്ഷപ്രാപിക്കാൻ സാധിക്കുമെന്നും അതിൽനിന്നുള്ള പ്രതിവിധികൾ വല്ലതും ശ്രേഷ്ഠപ്രവാചകനായ മുഹമ്മദ് മുസ്തഫാ (സ:അ) നിർദ്ദേശിച്ചിട്ടുണ്ടോ എന്നുമുള്ള കാര്യങ്ങൾ വളരെ ഹ്രസ്വമായി അനുവാചകരുടെ മുമ്പിൽ അനാവരണം ചെയ്യാനുള്ള ഒരു ശ്രമമാണ് ഈ ലേഖനം. തുടക്കത്തിൽ ഒരു കാര്യം പ്രസ്താവിക്കട്ടെ. ഈ ദജ്ജാൽ എന്നത് ഒരു വലിയ സമൂഹമാണ്. ആ സമൂഹത്തിന്റെ രാഷ്ട്രീയ ധ്രുവീകരണമാണ് വാസ്തവത്തിൽ യഅ്ജൂജ് മഅ്ജൂജ്. ഈ മൂന്ന് ശക്തികളുടെ ഘടനയെ പറ്റി പരിശോധിച്ചു നോക്കിയാൽ എല്ലാറ്റിലും നമുക്ക് സാമ്യത കാണാൻ സാധിക്കുന്നതാണ്.

ഈ വിഷയം അനാവരണം ചെയ്യുന്നതിന് മുമ്പായി ദജ്ജാലിനെ പറ്റി പൊതുമുസ്‌ലിംകളുടെ വിശ്വാസമെന്താണെന്ന് കൂടി നാം പരിശോധിക്കുന്നത് നന്നായിരിക്കും. " ഭൂമിയുടെ അതിർത്തിയിൽ ഖാഫ്" എന്ന ഒരു പർവ്വതനിരയുണ്ട്. അതിന്നപ്പുറം മറ്റൊരു ഭൂമിയുണ്ട്. അവിടെ ഒരു അജ്ഞാത സ്ഥലത്ത് ഈ ദജ്ജാൽ എന്നു പറയുന്ന സത്വം ചങ്ങലയാൽ ബന്ധിതനാണ്. ആ സത്വത്തിന്റെ നെഞ്ചിൽ പർവ്വത സമാനമായ വലിയ ഒരു കല്ല് വെച്ചിരിക്കുകയാണ്. മലയുടെ ഭാരം കൊണ്ട് അവന് നിവർന്നു നിൽക്കാൻ സാദ്ധ്യമല്ല. മൂർച്ചയുള്ള അതിന്റെ നാവുകൊണ്ട് ഈ മല അവൻ നക്കിക്കൊണ്ടേ ഇരിക്കുന്നു. അതു ഒരാഴ്ചക്കൊണ്ടു അവൻ നക്കി തീർക്കും. അപ്പോഴേക്കും തൽസ്ഥാനത്ത് വേറെ മല രൂപപ്പെടും. ആ മല രൂപപ്പെടാനുള്ള കാരണം വെള്ളിയാഴ്ച മുസ്‌ലിംകൾ സൂറ: കഹ്ഫ് ഓതുന്നതാണ്. അങ്ങനെ മുസ്‌ലിംകൾ അധ:പതിക്കുമ്പോൾ അവരുടെ സമ്പ്രദായങ്ങളിൽ നിന്നൊ ക്കെ അകന്ന് ജീവിക്കാൻ തുടങ്ങിയാൽ അവൻ ചങ്ങലപൊട്ടിച്ച് ഭൂലോകത്ത് താണ്ഡവം ആരംഭിക്കാൻ തുടങ്ങും. അവൻ ഒറ്റക്കണ്ണനായിരിക്കും. വലതുകണ്ണ് അന്ധമായിരിക്കും. ഇടത് കണ്ണിന് കൂടുതൽ പ്രകാശം ഉണ്ടായിരിക്കും. അവന്റെ പക്കൽ അപ്പത്തിന്റെ മല

കളും മദ്യത്തിന്റെ അരുവികളും ഉണ്ടാകും. വലതു കൈയിൽ നരകവും ഇട തുകൈയിൽ സ്വർഗ്ഗവും ഉണ്ടാകും. വിശ്വാസികൾക്ക് അവന്റെ സ്വർഗ്ഗം നരകമായും നരകം സ്വർഗ്ഗമായും അനുഭവപ്പെടും. അവൻ മഗ്രിബിൽ നിന്ന് (പടിഞ്ഞാറു അതിർത്തിയിൽ നിന്ന്) സംസാരിച്ചാൽ മശ്രിക്കിൽ കേൾക്കും. (പൂർവ്വാതിർത്തിയിൽ കേൾക്കും). അവന്റെ ഒരു പാദം മഗ്രിബിലാണെങ്കിൽ മറ്റെ പാദം മശ്രിഖിലായിരിക്കും. അവന്റെ പിന്നാലെ ഭൂമിയിലെ നിക്ഷേപങ്ങൾ പിന്തുടരും. റാണിയെ മറ്റു തേനീച്ചകൾ പിന്തുടരുന്നത് പോലെ. അവന്റെ നെറ്റിയിൽ 'ക.ഫ.റ' എന്ന് എഴുതിയിട്ടുണ്ടാകും. അക്ഷരജ്ഞാനമുള്ളവർക്കും ഇല്ലാത്തവർക്കും അതു വായിക്കാൻ സാധിക്കും. അവൻ ആകാശത്തോടു മഴ വർഷിപ്പിക്കാൻ ആജ്ഞാപിച്ചാൽ ആകാശം മഴ വർഷിപ്പിക്കും. മരിച്ചവരെ ജീവിപ്പിക്കും. ഭൂമിയോട് മുളപ്പിക്കാൻ പറഞ്ഞാൽ അതു മുളപ്പിക്കും. ദജ്ജാലിനെ സംബന്ധിച്ചുള്ള വിവരങ്ങൾ അങ്ങനെ നീണ്ടു പോകുന്നു. ഇതൊക്കെ വളരെ സ്ഥിരീകരിക്കപ്പെട്ട ഹദീസുഗ്രന്ഥങ്ങളിൽ ക്രോഡീകരിക്കപ്പെട്ട സംഗതികൾ തന്നെയാണ്. ഈ വിവരങ്ങളെല്ലാം റസൂൽ തിരുമേനി(സ:അ)ക്ക് അല്ലാഹു ദർശനങ്ങളിൽ കാണിച്ചു കൊടുത്തതോ ദിവ്യ വെളിപാടു മുഖേന അറിയിച്ചതോ ആവാം. പൊതുവിൽ മുസ്ലിം കളുടെ വിശ്വാസം മേൽവിവരിച്ച ഗുണങ്ങളോടെ ഒരു ഭീകര സത്വം വെളിപ്പെടുമെന്നാണ്. അതു മുസ്ലിം കളെ സംബന്ധിച്ചേടത്തോളം അവർ ക്കൊരു മഹാപരീക്ഷണവും വിപത്തുമായിരിക്കും. ഈ ദജ്ജാലിന്റെ ഉപദ്രവം സഹിക്കവയ്യാതെ ആവുമ്പോൾ മുസ്ലിംകൾ ഇമാം മഹ്ദിയുടെ നേതൃത്വത്തിൽ ഒരു പള്ളിയിൽ പ്രാർത്ഥനാ നിരതരാവുകയും ദമാസ്കസിന്റെ കിഴക്ക് ഭാഗത്തുള്ള മിനാറത്തിൽ രണ്ടു മഞ്ഞ പുതപ്പുകൾ ധരിച്ചുകൊണ്ട് രണ്ടായിരം വർഷങ്ങളായി ആകാശത്തിരിക്കുന്ന ഈസാ നബി ഇറങ്ങിവരുമെന്നുമാണ് മുസ്ലിം സങ്കല്പം. അങ്ങനെ ഈസാ നബി ബാബുലുദ്ദിൽ വെച്ചു ദജ്ജാലിനെ കൊല്ലുമെന്നാണ് മുസ്ലിംകളുടെ വിശ്വാസം. ദജ്ജാൽ മസീഹിനെ കണ്ടാൽ ഉപ്പ് വെള്ളത്തിൽ അലിയുന്നത്പോലെ അലിഞ്ഞുപോകുമെന്നും പ്രവചനങ്ങളിൽ ഉണ്ട്. ദജ്ജാലിന്റെ കഴുതയെക്കുറിച്ചും നീണ്ട വിവരണങ്ങൾ ഹദീസു ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിട്ടുണ്ട്. അത് എല്ലാ മൃഗങ്ങളോടും സാമ്യതയുള്ള ഒരു മൃഗമായിരിക്കും. അതിന്റെ ഭക്ഷണം അഗ്നിയായിരിക്കും. കണ്ണഞ്ചിപ്പിക്കുന്ന വേഗതയിൽ സഞ്ചരിക്കും. ജനങ്ങൾ അതിന്റെ വയറ്റിന്റെ അകത്തായിരിക്കും സഞ്ചരിക്കുക. ഈ പ്രവചനം ചെയ്യുമ്പോൾ സാധാരണ സവാരിക്കായി മൃഗങ്ങളെയാണ് ഉപയോഗിച്ചുകൊണ്ടിരുന്നത്. അതിന്റെ പുറത്ത് ഇരുന്നാണ് സഞ്ചരിച്ചിരുന്നത്. ആ സമ്പ്രദായത്തിൽ നിന്ന് മാറി മൃഗത്തിന്റെ വയറ്റിന്റെ അകത്തായിരിക്കും സഞ്ചരിക്കുകയെന്നാണ് ഇവിടെ പറയുന്നത്.

മസീഹിന്റെ അവതരണവുമായി ബന്ധപ്പെടുത്തി മറ്റു ചില സംഗതികൾ കൂടി ഹദീസ് ഗ്രന്ഥങ്ങളിൽ പറയപ്പെട്ടിട്ടുണ്ട്. അതുംകൂടി ചേർത്ത് പറഞ്ഞാലേ വിഷയത്തിന് പൂർണ്ണത ലഭിക്കുകയുള്ളൂ. ഒറ്റനോട്ടത്തിൽ ദജ്ജാലുമായി ബന്ധമില്ല എന്ന് തോന്നുമെങ്കിലും ദജ്ജാലിന്റെ സിഫത്തുകളുമായി അതിന് ധാരാളം ബന്ധമുണ്ട്. അതിൽ ഏറ്റവും പ്രസക്തഭാഗം അദ്ദേഹം കുരിശു ഉടക്കുമെന്നും പന്നിയെ കൊല്ലുമെന്നുള്ളതാണ്.

ഇനി നമുക്ക് വിഷയത്തിലേക്ക് വരാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായി ഇന്ത്യയിൽ ഒരാൾ ആഗതനായി. അദ്ദേഹം പറഞ്ഞു: "അല്ലാഹു എന്നെ മസീഹായി നിയോഗിച്ചിരിക്കുന്നു." ആ ശബ്ദം പഞ്ചാബിലെ ഖാദിയാൻ എന്ന കുഗ്രാമത്തിൽ നിന്നായിരുന്നു ഉയർന്നത്. ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) മിന്റെതായിരുന്നു ആ ശബ്ദം. മുസ്ലിം ലോകം പ്രതീക്ഷിച്ച കാലഘട്ടത്തിൽ തന്നെയായിരുന്നു ആ വിളിയാളൻ എത്തിയിരുന്നത്. എങ്കിലും അവർ പ്രതീക്ഷിച്ച രൂപത്തിലായിരുന്നില്ല ആഗമനം. ഇല്യാസ് നബി ആകാശത്തിൽ നിന്നു ഇറങ്ങിവന്നശേഷമാണ് മസീഹ് വരേണ്ടത് എന്ന് തിരുവെഴുത്തുകളിൽ ഉള്ളത് കൊണ്ട് യേശു വന്നപ്പോൾ ഇല്യാസ് (ഏലിയാവ്) ആകാശത്ത് നിന്ന് വരേണമെന്നും അതിന് ശേഷമാണ് മസീഹ് വരേണ്ടതെന്നും യഹൂദികൾ വാദിച്ചു. തനിക്ക് തൊട്ടു മുമ്പുവന്ന യഹ്യാ നബിയിൽ പൂർത്തിയായതായി യേശു ജനത്തോടു പറഞ്ഞു എങ്കിലും അവർ അതു കൂട്ടാക്കിയില്ല. ഇവിടെയും ഭൂരിപക്ഷ മുസ്ലിംകൾ ഹസ്റത്ത് അഹ്മദ് (അ) മിനേയും കള്ളപ്രവാചകനായി മുദ്രകുത്തി. ഈസാമസീഹ് വിവരിച്ചുകൊടുത്തതു പോലെ അദ്ദേഹവും ജനത്തോടു പറഞ്ഞു. സാദൃശ്യാർത്ഥത്തിലാണ് ഈസബ്നുമർയമെന്നും ഇബ്നു മർയമെന്നും പ്രവചനങ്ങളിൽ തന്നെപ്പറ്റി പറയപ്പെട്ടത്. ഏതു പ്രകാരം തൗറാത്തിനുശേഷം 14-ാം നൂറ്റാണ്ടിൽ ബനൂ ഇസ്രായേലിനു യേശു മസീഹായി അവതരിച്ചുവോ അതേപോലെ വിശുദ്ധഖുർആന് ശേഷം പതിനാലാം നൂറ്റാണ്ടിൽ വിശുദ്ധഖുർആന് സേവനം ചെയ്യാൻ മുഹമ്മദീഉമ്മത്തിൽ അല്ലാഹു തന്നെയും മസീഹായി തിരഞ്ഞെടുത്തിരിക്കുന്നു എന്ന് അദ്ദേഹം ലോകത്തോടു പ്രഖ്യാപിച്ചു. ഈസാനബി (അ) മറ്റു പ്രവാചകന്മാരെ പോലെ മരിച്ചുപോയെന്ന് ഖുർആനിക തെളിവുകളുടെ അടിസ്ഥാനത്തിൽ അദ്ദേഹം പ്രഖ്യാപിച്ചു.

ദജ്ജാൽ ആരാണെന്നും യഅ്ജൂജ് മഅ്ജൂജ് ആരാണെന്നും അദ്ദേഹം തെളിവുകളുടെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. കാരണം പ്രസ്തുത പ്രവചനങ്ങളെല്ലാം തന്നെ പതിനാലാം നൂറ്റാണ്ടിൽ ആഗതനാകുന്ന മസീഹുമായി ബന്ധപ്പെടുത്തിയാണ് റസൂൽ തിരുമേനി (സ:അ)പ്രവചിച്ചിട്ടുള്ളത്. ദജ്ജാലിനെക്കുറിച്ചും അപ്രകാരം തന്നെ. തിരുമേനിക്ക് അല്ലാഹു ഒന്നുകിൽ ദർശനത്തിൽ കാണിച്ചുകൊടുത്തതോ വെളിപാടായി അറിയിച്ചുകൊടുത്തതോ ആകാം. അപ്പോൾ പ്രസ്തുത പ്രവചനങ്ങൾ

ആലങ്കാരികമായി, സ്വപ്ന ശാസ്ത്ര ത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനി ക്കേണ്ടതുണ്ട്. അറബി ഭാഷയുടെ ഒരു മാഹാത്മ്യം ഏതെങ്കിലും ഒരു വസ്തു വിന്റെ നാമത്തിന്റെ ധാത്വർത്ഥത്തിൽ നിന്നും ആ സാധനത്തിന്റെ ഗുണ ങ്ങൾ ഗ്രഹിക്കാൻ സാധിക്കും എന്ന താണ്. ഈ മാർഗ്ഗത്തിൽ "ദജ്ജാൽ" എന്ന വാക്കിനെ നമുക്കൊന്നു പരി ശോധിക്കാം. 'ദജ്ല' എന്ന ക്രിയയുടെ കർതൃ വാചിയായ 'ദാജിൽ' എന്ന പദ ത്തിൽ നിന്നാണ് ദജ്ജാൽ എന്ന വാക്ക് രൂപപ്പെട്ടത്. ഇതിന്, ധാരാളം കള്ളം പറയുന്നവൻ, ധാരാളം ചായം തേക്കു ന്നവൻ, ധാരാളം സഞ്ചരിക്കുന്നവൻ, വൻ ധനവാൻ, വമ്പിച്ച വർത്തക സം ഘം എന്നൊക്കെ അർത്ഥം സിദ്ധിക്കു ന്നു. ഈ വീക്ഷണത്തിൽ നോക്കി യാൽ ദജ്ജാൽ ഒരു വ്യക്തിയല്ല ഒരു സമൂഹമാണെന്ന് മനസ്സിലാകുന്നു. കച്ചവടച്ചരക്കുകളും പേറി ഭൂമി മുഴു വനും ചുറ്റി സഞ്ചരിക്കുന്ന ഒരു ജന സമൂഹമാണ് ദജ്ജാൽ എന്നു മനസ്സി ലാകുന്നു. കളവുപറയലും പ്രച്ഛന്ന മാക്കി അവതരിപ്പിക്കലും ഇവരിൽ ദൃശ്യമായിരിക്കും. ലോകത്ത് എല്ലാ യിടത്തും അവർ സഞ്ചരിക്കും.

ഇനി റസൂൽ തിരുമേനി (സ:അ) ദജ്ജാലിന്റെ കുഴപ്പത്തിൽ നിന്ന് രക്ഷ പ്പെടാനുള്ള ഒരു മാർഗ്ഗം സൂറ: കഹ് ഫിലെ ആദ്യത്തെ പത്ത് ആയത്തു കൾ ഓതുകയാണെന്ന് മുസ്‌ലിം കളെ തെര്യപ്പെടുത്തിയിട്ടുണ്ട്. ഈ വാക്യ ങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിച്ചു നോക്കിയാൽ ഇവർ ആരാണെന്ന് മന സ്സിലാകും. അല്ലാഹുവിന് ഒരു പു ത്രനെ ആരോപിക്കുന്നവരാണ് ഇവർ. "അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്നു പറയുന്ന വർക്ക് മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയാണ് ഈ ഗ്രന്ഥം അവതരിപ്പി ച്ചത്. അവർക്കോ അവരുടെ പിതാക്കൾ ക്കോ അത് സംബന്ധിച്ച് യാതൊരു അറിവുമില്ല. അവരുടെ വായകളിൽ നിന്ന് പുറപ്പെടുന്ന വാക്ക് ഗുരുതരമാ യതാണ്. കളവല്ലാതെ അവർ പറയു ന്നില്ല. (അൽകഹ്ഫ് 18:5, 6) ഈ ആയ ത്തിൽ നിന്ന് തന്നെ ദജ്ജാലിന്റെ തനിനിറം നമുക്ക് മനസ്സിലാകുന്നുണ്ട്. ഇനി വലതു കണ്ണ് അന്ധമായിരിക്കു മെന്ന തിരുമേനിയുടെ (സ:അ) പ്രവ ചനം പരിശോധിച്ചാൽ പ്രസ്തുത ക ണ്ണ് ആത്മീയമായ കണ്ണാണെന്ന് മന സ്സിലാകുന്നു. വലതുഭാഗം ആത്മീയ തയേയും ഇടത് ഭാഗം ലൗകികതയേ യുമാണ് വിശുദ്ധഖുർആൻ സൂചിപ്പി ക്കാറുള്ളത്. അപ്പോൾ പിതാവ്, പുത്ര ൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നും ചേർന്നതാണ് ദൈവം എന്ന സങ്കൽപം ആത്മീയ ദൃഷ്ടിക്ക് അന്ധത ബാധി ച്ചവർക്കേ വിശ്വസിക്കാൻ ആവുകയു ള്ളൂ. ദജ്ജാലിന്റെ ഇടതു കണ്ണിന് കൂടു തൽ തിളക്കമുണ്ടാകുമെന്ന് പ്രവചന ത്തിൽ പറയപ്പെട്ടിരിക്കുന്നു. ഐഹിക ജീവിത വിഭവങ്ങൾ സമ്പാദിക്കുന്നതി ലും അതിന്റെ പുരോഗതിക്കായി ഭൂമ ണ്ഡലത്തേയും സൗരയൂഥത്തേ യും കടന്നുള്ള അവരുടെ അന്വേഷണ ദൃഷ് ടിയുടെ അതീവ തീഷ്ണതയെ ഈ ഒറ്റക്കണ്ണ് പ്രയോഗം സൂചിപ്പിക്കു ന്നു.

മദ്ധ്യകാലം തൊട്ടു ആധുനിക കാലം വരെയുള്ള ക്രിസ്ത്യൻ സമൂഹ ങ്ങളിൽ ഈ ഗുണങ്ങൾ നമുക്ക് കാണാം. ഭൗതിക ശാസ്ത്രീയ സാങ്കേ തിക രംഗങ്ങളിൽ അവർ കൈവരിച്ച പുരോഗതി മഹത്തായതാണ്. യൂറോ പ്പിന്റെ നവോത്ഥാനവും ഇസ്‌ലാമിക സംസ്കാരത്തിന് ഏറ്റ അധ:പതനവും മനസ്സിലാക്കിയവർക്ക് ദജ്ജാലിന്റെ ലോക വ്യാപനത്തെക്കുറിച്ചു ഗ്രഹി ക്കാൻ പ്രയാസമില്ല. ലോകത്തിന്റെ സകല കോണുകളിലും ക്രിസ്തീയമ തവും അവരുടെ സംസ്കാരവും ഇര ച്ചുകയറിക്കൊണ്ട് ഒരു കാല് മശ്രി ഖിലും ഒരു കാൽ മഗ്‌രിബിലും എന്ന പ്രവചനം സാർത്ഥകമാക്കി. അവർ ഈസ്റ്റിന്ത്യാ കമ്പനി എന്ന കച്ചവട സംഘമായി കുറച്ചു പാതിരിമാരേയും കയറ്റിയാണ് ഇന്ത്യയിലും എത്തിയത് എന്ന കാര്യവും ശ്രദ്ധേയമാണല്ലോ. ഒന്ന് മൂന്നാണെന്നും മൂന്ന് ഒന്നാണെ ന്നുമുള്ള അയുക്തികവും വിചിത്രവു മായ വിശ്വാസം ലോകത്തുള്ള ഭൂരി പക്ഷ ജനങ്ങളിലും എത്തിക്കാനും അവരെക്കൊണ്ട് അംഗീകരിപ്പിക്കാനും അവർക്ക് സാധിച്ചു എന്നുള്ളത് ഒരു ചില്ലറ കാര്യമല്ല. 16-ാം നൂറ്റാണ്ട് മുതൽ ആരംഭിച്ച ദജ്ജാലിന്റെ ഈ വ്യാപനം 19-ാം നൂറ്റാണ്ടായപ്പോഴേക്കും ഏതാണ്ടു പൂർണ്ണമായി. കാലുകൾ പശ്ചിമ പൂർവ്വ ദിക്കുകളിൽ ഉറപ്പി ച്ച്കൊണ്ട് അവർ അലറിയടുത്ത നിമി ഷങ്ങളിൽ മക്കാ, മദീനകളിലും അവ രുടെ കൊടി പാറിപ്പറക്കുമെന്ന് അവർ വ്യാമോഹിച്ചു. പക്ഷെ ദൈവിക വാഗ്ദാന പ്രകാരം മക്കാ മദീനകളെ അല്ലാഹു സംരക്ഷിക്കുകയായിരുന്നു. എഴുപതിനായിരം മുസ്‌ലിംകൾ ദജ്ജാ ലിനെ പിൻപറ്റുമെന്ന പ്രവചനവും മുസ്‌ലിംകളിൽ പൂർത്തിയായി. ഇന്ന് രാഷ്ട്രീയമായും മുസ്‌ലിം ഭരണകൂട ങ്ങൾ ഭൂരിഭാഗവും അവരുടെ ചട്ടുക ങ്ങളാണ്. ഇനി മതപരമായി ചിന്തി ച്ചാലും ഈസാ നബിയെ (അ) ദൈവ മാക്കുന്ന കാര്യത്തിൽ ഒരു പക്ഷെ ക്രിസ്ത്യാനികളേക്കാൾ മുസ്‌ലിംകൾ സംഭാവന നൽകിയോ എന്നു സംശ യിക്കണം. ആലങ്കാരികമായി ഈസാ നബിയെ (അ) പറ്റി പറഞ്ഞ പല അത്ഭുത ദൃഷ്ടാന്തങ്ങൾക്കും ജഡിക മായ അർത്ഥ കല്പന നൽകിയാണ് മുസ്‌ലിംകൾ ഈസാ നബി (അ) മിനെ പറ്റി വിശ്വസിക്കുന്നത്. അദ്ദേഹം രണ്ടായിരം വർഷങ്ങളായി ആകാശ ത്തിൽ ദൈവത്തിന്റെ സമീപം ജീവി ക്കുന്നു. അദ്ദേഹം മരിച്ചവരെ ജീവി പ്പിച്ചു. പക്ഷിയെ സൃഷ്ടിച്ചു. ജന്മനാ കുരുടുള്ളവർക്ക് കാഴ്ച നല്കി. ഈ അത്ഭുത സിദ്ധികൾ അല്ലാഹുവിന് മാത്രമുള്ളതാണെന്ന് വിശുദ്ധഖുർ ആൻ ഉൽഘോഷിക്കുന്നു. അതു ഈസാനബിക്ക് സാധിച്ചുവെങ്കിൽ ഈസാനബിയെ ദൈവപുത്രനെന്നോ ദൈവമെന്നോ ഖുർആനിക ദൃഷ്ട്യാ വിശ്വസിക്കാം. അതുകൊണ്ടാണ് എഴു പതിനായിരം മുസ്‌ലിംകൾ (ഈ സംഖ്യ ആധിക്യത്തെ കുറിക്കുന്നു) ദജ്ജാലിനെ പിൻപറ്റുമെന്ന് ഹദീസു കളിൽ പറയപ്പെട്ടത്.

പ്രവചനങ്ങളിൽ വിവരിച്ചു പറഞ്ഞ ഓരോ കാര്യവും വിശദീകരിച്ചു എഴു തിയാൽ ഒരു ഗ്രന്ഥം തന്നെ രചിക്കേ ണ്ടിവരും. സ്വപ്ന ദർശനങ്ങൾ ആല ങ്കാരികമായിരിക്കും. സൂറ യൂസ്ഫിൽ

ഈജിപ്തിലെ രാജാവ് കണ്ട ഒരു സ്വപ്നവും അതിന് യൂസഫ് നബി നൽകിയ വ്യാഖ്യാനവും നമ്മുടെ മുമ്പിലുണ്ട്. എഴു തടിച്ചു കൊഴുത്ത പശുക്കൾ ഏഴു മെലിഞ്ഞ പശുക്കളെ തിന്നുന്നതായും ഏഴ് പച്ചകതിരും ഏഴ് ഉണക്ക കതിരും. ഇതിൽ ഏഴ് തടിച്ച കൊഴുത്ത പശുക്കൾ സുഭിക്ഷമായ എഴുകൊല്ലത്തെ പ്രതിനിധാനം ചെയ്യുന്നു. ഏഴ് മെലിഞ്ഞ പശുക്കൾ അതിനുശേഷം വരുന്ന ഏഴ് കൊല്ലത്തെ വറുതിയെയും പ്രതിനിധാനം ചെയ്യുന്നു. സുഭിക്ഷ കാലങ്ങളിലെ വിഭവങ്ങൾ വറുതി കാലങ്ങളിൽ കരുതി വെക്കണമെന്ന സന്ദേശമാണ് സ്വപ്നം നൽകുന്നത് എന്ന് യൂസഫ് നബി പറഞ്ഞുകൊടുക്കുകയും സംഭവം പിന്നീട് അതേപ്രകാരം തന്നെ പുലരുകയും ചെയ്തു. അതേപോലെ ദജ്ജാലിനെക്കുറിച്ചുള്ള ദർശനങ്ങളും മസീഹിനെക്കുറിച്ചുള്ള ദർശനങ്ങളുമൊക്കെ പ്രതീകാത്മകമായി പുലരാനുള്ളതാണ്. അതൊന്നു സംക്ഷിപ്തമായി ഒന്നു പരിശോധിക്കാം.

ദജ്ജാലിന്റെ മതത്തെ അംഗീകരിക്കുന്നവർക്ക് എല്ലാവിധ സുഖസൗകര്യങ്ങളും സ്വർഗ്ഗ തുല്യമായ നിലയിൽ ലഭിക്കുന്നതാണ്. ഇതിനു പുറമെ ശാസ്ത്രീയമായ പല കണ്ടുപിടിത്തങ്ങൾ മുഖേന സ്വർഗ്ഗ തുല്യമായ ഭൗതിക സുഖഭോഗവസ്തുക്കൾ അവൻ ഭൂമിയിൽ സൃഷ്ടിച്ചു. കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഒരു നവീന കണ്ടുപിടിത്തമായ കൃത്രിമ യാഥാർത്ഥ്യം (Virtual Reality) എന്ന സങ്കേതം ഇതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ്. ഈ സംവിധാനം മുഖേന ഭാവനയിലുള്ള സ്വർഗ്ഗീയാനുഭൂതികൾ ജാഗ്രതാവസ്ഥയിൽ തന്നെ അനുഭവവേദ്യമാക്കുവാൻ സാധിക്കുമത്രെ. ഇന്നത്തെ ഇന്റർനെറ്റ് സംവിധാനങ്ങൾ പോലും മനുഷ്യന്റെ സുഖഭോഗാവേശത്തെ ഉദ്ദീപിക്കുന്ന രീതിയിലാണ് സംവിധാനം ചെയ്തിരിക്കുന്നത്. ഇതിന്റെയൊക്കെ അതിപ്രസരണം മനുഷ്യനെ നരകത്തിൽ എത്തിക്കും. അതുകൊണ്ടുതന്നെയാണ് ദജ്ജാലിന്റെ സ്വർഗ്ഗം വിശ്വാസിയുടെ നരകമാണെന്ന് റസൂൽ തിരുമേനി (സ:അ) അരുൾ ചെയ്തത്. ഈ സുഖലോലുപതയിൽ നിന്ന് വിട്ടുനിൽക്കുന്നവൻ ഈ ദുനിയാവിൽ നരകം പണിയുക യാണ്. ഒരു വിശ്വാസിയെപ്പറ്റി പറയുമ്പോൾ ഈ ലോകം തിരുമേനി (സ:അ) പ്രതിവചിച്ചതു പോലെ കാരാഗ്രഹമാണ്, നരകമാണ്.

ദജ്ജാലിന്റെ പ്രവർത്തനങ്ങളെ ഒന്നു വിലയിരുത്താം. മരിച്ചവരെ ജീവിപ്പിക്കുക. ഭൂമിയിലെ നിക്ഷേപങ്ങൾ പുറത്തെടുക്കുക, മുളപ്പിക്കാൻ ശാസിച്ചാൽ മുളക്കുക, മഴ പെയ്യാൻ ശാസിച്ചാൽ മഴ പെയ്യുക. ഈ കാര്യങ്ങളെല്ലാം തന്നെ പാശ്ചാത്യ ക്രൈസ്തവ ശക്തികൾ വൈദ്യശാസ്ത്രം, കൃഷി മുതലായ വിഷയങ്ങളിൽ കൈവരിച്ച നേട്ടങ്ങളാണ്. കാർഷിക മേഖലയിൽ വിസ്മയകരമായ ജനിതക സാങ്കേതിക വിദ്യ , ടിഷ്യു കൾച്ചർ പോലുള്ള നൂതന പ്രജനന സങ്കേതങ്ങളും കൃത്രിമമഴ പെയ്യിക്കലും എണ്ണ ഖനനവും തുടങ്ങി ഇന്നു ലോകത്തു കാണുന്ന ആധുനിക സാങ്കേതിക വിദ്യകളിൽ ഭൂരിഭാഗവും ദജ്ജാലിന്റെ വരുതിയിലാണെന്ന കാര്യം അജ്ഞാതമല്ല. ഇപ്പോൾ ജീവശാസ്ത്ര വിജ്ഞാനം മനുഷ്യന്റെ തനിപ്പകർപ്പുകൾ പോലും ക്ലോണിംഗ് ഉപയോഗിച്ചു നിർമ്മിക്കാൻ സന്നദ്ധമാണ്.

ഇനി ദജ്ജാലിന്റെ കഴുതയെ പറ്റി കൂടി കേൾക്കു. അവന്റെ കൂടെ ഒരു കഴുത ഉണ്ടായിരിക്കും. കാറ്റിനാൽ ചലിക്കുന്ന മേഘം പോലെ കഴുത ചലിക്കുന്നതായിരിക്കും. അതിന്റെ ചെവികൾക്കിടയിൽ 70 വാര അകലമുണ്ടായിരിക്കും. അതിന്റെ ഭക്ഷണം അഗ്നിയായിരിക്കും. ആളുകൾ അതിന്റെ വയറ്റിലാണ് ഇരിക്കുക.

1400 വർഷങ്ങൾക്കു മുമ്പു ഇന്നു അഗ്നിയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന എഞ്ചിൻ ഘടിപ്പിച്ച മോട്ടോർ വാഹനങ്ങളെക്കുറിച്ചു ഈ വിവരണമല്ലാതെ മറ്റെന്താണ് പറഞ്ഞു തരേണ്ടത്? കാർ മുതൽ ട്രെയിൻ എയ്റോപ്ലെയൻ, റോക്കറ്റ് വരെ ചലിക്കുന്നത് അഗ്നിയുടെ സഹായത്താലാണ്. അവയുടെ ഇന്ധനം തീയാണ്. ട്രെയിൻ പരിശോധിച്ചാൽ അതിന്റെ ഹോൺ മുഴക്കം കഴുതയുടേത് പോലെയാണ്.യാത്രക്കാർ സഞ്ചരിക്കുന്നത് തീവണ്ടിയുടെ വയറ്റിൽ തന്നെ. ചെവികൾക്കിടയിലുള്ള ദൂരവും 70 വാര തന്നെ. ഇനി ആകാശത്തു നോക്കിയാലും കാണുന്ന കഴുത (വിമാനം) മേഘം പോലെ ചലിക്കുന്നത് തന്നെ. ഇങ്ങനെ ദജ്ജാലിനെക്കുറിച്ചുള്ള എല്ലാ വിവരണങ്ങളും ആധുനിക പാശ്ചാത്യ ക്രിസ്തീയ ശക്തികളെ പരിശോധിച്ചാൽ അതൊക്കെ അവരിൽ പൂർത്തിയായി കാണാവുന്നതാണ്.

ഈ സത്യം നമുക്ക് മനസ്സിലാക്കിത്തരുന്നത് ഈ കാലത്ത് ദൈവിക ദൗത്യം മുഖേന ആഗതരായ മുഹമ്മദീ മസീഹ് ഹസ്റത്ത് അഹ്മദ് (അ) മുഖേനയാണ് മസീഹിന്റെ അവതാരം എന്നാണ്. ക്രിസ്ത്യാനികളുടെ പാപപരിഹാര സിദ്ധാന്തത്തിന്റെ യഥാർത്ഥ സ്ഥിതി ബൈബിളിന്റെ വെളിച്ചത്തിൽ അവർക്ക് മനസ്സിലാക്കിക്കൊടുത്തുകൊണ്ട് കുരിശിലുള്ള അവരുടെ വിശ്വാസത്തിൽ നിന്നും അവരെ മോചിപ്പിക്കുക എന്ന ദൗത്യം കൂടി അദ്ദേഹത്തിൽ അല്ലാഹു നിഷിപ്തമാക്കിയിട്ടുണ്ടായിരുന്നു. അതാണ് 1400 വർഷങ്ങൾക്ക് മുമ്പ് മസീഹ് ആഗതനായാൽ കുരിശിനെ ഉടക്കുമെന്നും പന്നിയെ കൊല്ലുമെന്നുമുള്ള പ്രവചനം. യേശു കുരിശിൽ മരിച്ചില്ലെന്നും അബോധാവസ്ഥയിലുള്ള യേശുവിനെ മരിച്ചെന്ന ധാരണയിൽ കാവൽക്കാർ കാലൊടിക്കാതെ അദ്ദേഹത്തിന്റെ ദേഹം അദ്ദേഹത്തിൽ സ്വകാര്യമായി വിശ്വസിച്ച അറിമത്ത്യക്കാരനായ ജോസഫിന് നൽകുകയും അദ്ദേഹവും യേശുവിൽ വിശ്വസിക്കുന്ന ഒരു വൈദ്യനായ നിക്കോഡമസും ചേർന്ന് വായു സഞ്ചാരമുള്ള കല്ലറയിൽ വെക്കുകയും അവിടെ നിന്ന് ശുശ്രൂഷിച്ചശേഷം യേശു അദ്ദേഹത്തിന്റെ അപ്പോസ്തലന്മാർക്ക് മുമ്പിൽ പ്രത്യക്ഷപ്പെടുകയും അവരുമായി ഭക്ഷണം പങ്കുവെക്കുകയും ചെയ്തതായി ബൈബിളിൽ നിന്ന് തന്നെ മനസ്സിലാവുന്നു. അവിടെ

നിന്ന് ഒരു തോട്ടക്കാരന്റെ വേഷത്തിൽ അദ്ദേഹം കിഴക്കോട്ട് യാത്ര ചെയ്യുകയുമാണുണ്ടായത്. ഒടുവിൽ "യേശുവിനും മാതാവിനും ഉയർന്ന പച്ചളിപ്പുള്ള ഒരു സ്ഥലത്ത് നാം അഭ യം നൽകി." എന്ന വിശുദ്ധഖുർആന്റെ പ്രഖ്യാപന പ്രകാരം ഇന്ത്യയിൽ കാശ്മീരിൽ അദ്ദേഹത്തിന് അഭയം നൽകി. അവിടെ കാണാതെ പോയ ആടുകൾക്ക് അഥവാ പ്രവാസികളായ യഹൂദികൾക്ക് തന്റെ സന്ദേശം എത്തിച്ചതിനുശേഷം 120-ാമത്തെ വയസ്സിൽ മരിച്ചുവെന്നും യേശുവിന്റെ കബർ ഇന്നും ഖാൻയാർ തെരുവിൽ (ശ്രീനഗറിൽ) കാണാവുന്നതാണെന്നും ഹസ്റത്ത് അഹ്മദ് (അ) പ്രഖ്യാപിച്ചു. പ്രസ്തുത കബർ പൊളിച്ചുനോക്കിയാൽ തന്റെ പ്രസ്താവനകൾ ശരിവെക്കുന്ന രേഖകൾ ലഭിക്കുമെന്നും ഹസ്റത്ത് അഹ്മദ് (അ) ചൂണ്ടിക്കാട്ടി. വിശുദ്ധഖുർആന്റെയും ബൈബിളിന്റെയും ചരിത്രരേഖകളുടേയും അനിഷേധ്യ സത്യത്തിനു മുമ്പിൽ ക്രൈസ്തവ വിശ്വാസത്തിന് നിലനില്പില്ലാതായി. പല ക്രൈസ്തവ സഞ്ചാരികളും ഈ സത്യത്തെ ന്യായീകരിച്ചുകൊണ്ട് ഒരുപാടു ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായിട്ടുണ്ട്. മൗലാനാ അബുൽ കലാം ആസാദ് 1908 ജൂൺ ലക്കം അദ്ദേഹത്തിന്റെ പത്രമായ 'വക്കീൽ' എന്ന പത്രത്തിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു. "മിർസാ സാഹിബിന്റെ ഭാഗത്തുനിന്ന് ക്രിസ്ത്യാനികൾക്കും ആര്യസമാജികൾക്കുമെതിരായി ആവിഷ്കരിക്കപ്പെട്ട സാഹിത്യങ്ങൾ പൊതുജന സമ്മതിയുടെ ബിരുദം നേടികഴിഞ്ഞവയാണ്. അദ്ദേഹത്തിന്റെ കടമ പൂർത്തിയാക്കിയ ഈ അവസരത്തിൽ ആ സാഹിത്യത്തിന്റെ മേന്മയും മഹിമയും ഹൃദയപൂർവ്വം നാം സ്മരിക്കേണ്ടിയിരിക്കുന്നു. ക്രിസ്തു മതത്തിന്റെ നേർക്കുള്ള ഈ പ്രത്യാക്രമണം ആ മതത്തിന് ഭരണത്തിന്റെ തണലിലായിരുന്നതുകൊണ്ടു സിദ്ധിച്ചിരുന്ന സ്വാധീനശക്തിയെ മാത്രമല്ല ക്രിസ്തു മതത്തിന്റെ ജീവനെത്തന്നെയും തകർത്തുകളഞ്ഞിരിക്കുന്നു"

മസീഹ് പന്നിയെ കൊല്ലും എന്ന പ്രവചനവും പ്രതീകാത്മകമാണ്. പന്നി തീരെ ലജ്ജയില്ലാത്ത എപ്പോഴും ഭൂമിയിലെ മാലിന്യത്തെ മാത്രം നോക്കുന്ന വൃത്തി ഹീനമായ ഒരു മൃഗമാണ്. ഇന്നത്തെ യൂറോപ്യൻ സംസ്കാരത്തെ നമുക്ക് അതിനോടു പമിക്കാം. എന്നാൽ ഈ സംസ്കാരത്തിനു അഹ്മദിയ്യാ ജമാഅത്തിന്റെ വളർച്ച ഭീഷണിയാണ്. ദൃശ്യ ശ്രാവ്യ മേഖലകളിൽ ഈ സംസ്കാരത്തിന്റെ അതിപ്രസരണം നമുക്ക് ദർശിക്കാം. എന്നാൽ മസീഹിനാൽ സ്ഥാപിതമായ അഹ്മദിയ്യാ ജമാഅത്ത് ദൃശ്യ ശ്രാവ്യ മാധ്യമ രംഗത്ത് ദജ്ജാലീ സംസ്കാരത്തിനെതിരെ പരിശുദ്ധമായ ഒരുദൃശ്യ സാംസ്കാരികത്തനിമക്ക് തുടക്കമിട്ടിരിക്കുന്നു. അതാണ് എം. ടി എ. (മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ) അതായത് ഈ സംസ്കാരത്തെ ഇസ്ലാമീകരിക്കാനുള്ള പുറപ്പാടിലാണ് അഹ്മദിയ്യാ ജമാഅത്ത്. അപ്പോൾ ഏതൊരു ദൗത്യത്തിന് വേണ്ടി വാഗ്ദത്ത മസീഹ് വരേണ്ടതുണ്ടായിരുന്നുവോ ആ ദൗത്യം ഇവിടെ പൂർണ്ണമാവുകയാണ്. ഇബ്നുമറിയം ദജ്ജാലിനെ ബാബുൽലുദ്ദിൽ വെച്ചു കൊല്ലുമെന്ന പ്രവചനവും ഇതോടു ചേർത്തു വായിക്കാവുന്നതാണ്. ഇബ്നുമറിയമിന്റെ ദർശനത്തിൽ തന്നെ ദജ്ജാൽ ഉപ്പ് വെള്ളത്തിൽ അലിയുന്നത് പോലെ അലിഞ്ഞുപോകുമെന്ന പ്രവചനവും സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കുമെന്ന പ്രവചനവും കൂട്ടി വായിക്കാവുന്നതാണ്. ബാബുലുദ്ദ് എന്ന വാക്കിന്റെ അർത്ഥം ധൈഷണിക സംവാദങ്ങളുടെ കവാടം എന്നാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ക്രിസ്തീയ മതം മക്കാ മദീനവരെ പ്രചരിക്കുമെന്ന ക്രിസ്തീയ സഭകളുടെ വീരവാദം ഹസ്റത്ത് അഹ്മദിന്റെ (അ) രംഗപ്രവേശത്തോടെ വെള്ളത്തിൽ ഉപ്പ് അലിയുന്നത്പോലെ അലിഞ്ഞുപോവുകയായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ മൊറൊക്കോ എന്ന സ്ഥലത്ത് മാത്രം എൺപത് ലക്ഷം മുസ്ലിംകൾ ക്രിസ്തുമതം അവലംബിച്ചിരുന്നു. ഇന്ന് ക്രിസ്തീയ പത്രം തന്നെ അഹ്മദിയ്യാ ജമാഅത്തിന്റെ മുന്നേറ്റം മുഖേന ക്രിസ്ത്യാനികൾ ഇസ്ലാം മതം ആശ്ലേഷിക്കുന്ന റിപ്പോർട്ടുകളുമായി രംഗത്തുവന്നുകൊണ്ടിരിക്കുകയാണ്. തെളിവുകളുടെ അടിസ്ഥാനത്തിൽ അവർക്ക് അഹ്മദി മുസ്ലിംകളെ നേരിടാൻ പറ്റുകയില്ല. സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കുമെന്ന പ്രവചനം ഒരു വിധത്തിൽ എം. ടി. എ. (മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ) മുഖേന ലോകത്തിന്റെ കോണായ കോണുകളിൽ ഇസ്ലാമിക സന്ദേശം എത്തിക്കൊണ്ടിരിക്കുന്നതു മുഖേന പൂർത്തിയായി. ഇനി യൂറോപ്യൻമാർ മുഖേന ഇസ്ലാം പ്രചാരണ രംഗത്ത് വലിയ നേട്ടങ്ങൾ കൈവരിക്കാൻ സാദ്ധ്യതയുണ്ട്. ഏതായാലും ഈ പറയപ്പെട്ട സൂര്യൻ കിഴക്കുദിക്കുകയും പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യുന്ന സൗരയൂഥത്തിന്റെ കേന്ദ്രമായ സൂര്യനല്ല.

ചുരുക്കത്തിൽ ദജ്ജാലും ഇബ്നു മർയവും അദ്ദേഹം ചെയ്യുന്ന പ്രവർത്തനങ്ങളുമെല്ലാം പ്രതീകാത്മകമാണ്. ബനൂ ഇസ്രായേൽ മസീഹിനേയും മുഹമ്മദ് നബി (സ:അ) യുടെ ഉമ്മത്തിൽ വരുന്ന മസീഹിനേയും രണ്ടു രൂപത്തിലാണ് റസൂൽ തിരുമേനി ദർശനങ്ങളിൽ കണ്ടത്. ബനൂഇസ്രായേൽ മസീഹായ ഈസാനബി (അ) യുടെ രൂപത്തെക്കുറിച്ചു റസൂൽ തിരുമേനി അരുളിയത് അദ്ദേഹത്തിന്റെ നിറം ചുവപ്പും മുടിചുരുണ്ടതുമാണെന്നാണ്. എന്നാൽ അവസാന കാലം ദജ്ജാലിനെ കൊല്ലാൻ വരുന്ന മസീഹിനെ തിരുമേനി (സ:അ) ദർശനത്തിൽ കണ്ടത് ഗോതമ്പു നിറവും നീണ്ട തലമുടിയുമുള്ളതായിട്ടാണെന്ന് പ്രത്യേകം പറഞ്ഞുകൊണ്ടു രണ്ടും രണ്ടു വ്യക്തികളാണെന്ന് പറഞ്ഞുതന്നിട്ടുണ്ട്.

"നിങ്ങളുടെ ഇമാമായി നിങ്ങളിൽ നിന്ന് തന്നെ ഇബ്നു മർയം ഇറങ്ങുമ്പോൾ നിങ്ങളുടെ അവസ്ഥ എന്തായിരിക്കുമെന്ന ഹദീസുംകൂടി വായിച്ചാൽ വരേണ്ടയാൾ ഈ ഉമ്മത്തിൽ നിന്നു തന്നെയാണ് വരേണ്ടത് എന്ന് മനസ്സിലാകും. ഇനിയൊരു മസീഹ് ഏതായാലും ദജ്ജാലിനെ കൊല്ലാൻ വരേണ്ടതില്ല. ●

# യേശുവിന്റെ ശരീരത്തിന് എന്ത് സംഭവിച്ചു?

ഖലീഫത്തുൽ മസീഹ് IV

## യേശുവിന്റെ സ്വർഗ്ഗാരോഹണ കഥ വാസ്തവത്തിൽ ബൈബിളിലെ സ്വർഗ്ഗാരോഹണം നടന്നെങ്കിൽ അദ്ദേഹത്തിന്റെ നശ്വര ശരീരത്തിന് എന്ത് സംഭവിച്ചു

യേശുവിന്റെ സ്വർഗ്ഗാരോഹണ വിഷയം മത്തായിയും, യോഹന്നാനും അവരുടെ സുവിശേഷങ്ങളിൽ സ്പർശിച്ചിട്ടില്ല. അത്തരമൊരു പരമ പ്രധാന വിഷയം എന്തുകൊണ്ട് പരാമർശിക്കാതെ പോയി എന്ന കാര്യം ഒരാളെ അത്ഭുതപ്പെടുത്തും. സമാന സുവിശേഷങ്ങളിൽ[1] (Synoptic Gospels) സ്വർഗ്ഗാരോഹണം വിവരിച്ചത്. മാർക്കോസും [2] ലൂക്കോസും[3] മാത്രമാണ്. എന്നിരുന്നാലും ശാസ്ത്രീയവും പണ്ഡിതോചിതവുമായ ഗവേഷണങ്ങൾ തെളിയിക്കുന്നത് ഈ രണ്ട് സുവിശേഷങ്ങളിലും ഉൾക്കൊണ്ട പരാമർശങ്ങൾ പിൽക്കാലത്ത് എഴുതിച്ചേർക്കപ്പെട്ട പ്രക്ഷിപ്തങ്ങളാണെന്നാണ് മൂലകൃതിയിൽ ഈ വചനങ്ങൾ കാണുന്നില്ല.

ബൈബിൾ പഴയതും പുതിയതുമായ സുവിശേഷങ്ങളിൽ ഏകദേശം പൂർണമായതും ഏറ്റവും പ്രാചീനവുമായ മൂലകൃതി എ. ഡി. നാലാം നൂറ്റാണ്ടിലെ കോഡക്സ് സീനിയാറ്റിക്സ്[4] ആണ്. മാർക്കോസും ലൂക്കോസും രേഖപ്പെടുത്തിയെന്ന് പറയപ്പെടുന്ന പ്രസ്തുത ബൈബിൾ വചനങ്ങൾ യഥാർത്ഥ മൂല കൃതിയിൽ ഉൾപ്പെട്ടു കാണുന്നില്ല എന്നതിന് മേൽ പറഞ്ഞ കൃതി സാക്ഷിയാണ്. പിൽക്കാലത്ത് ഏതോ കൃതിപ്പുകാരൻ തന്റെ താല്പര്യത്തിനനുസരിച്ച് എഴുതി ചേർത്തതാണത്. കോഡക്സ് സിനിയാറ്റിക്ക്സിൽ മാർക്കോസിന്റെ സുവിശേഷം അവസാനിക്കുന്നത് 16-ാം അദ്ധ്യായം 8-ാം വചനത്തോടെയാണ്. ഈ വസ്തുത ചില ബൈബിൾ പതിപ്പുകളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട് [5]. അതുപോലെ കോഡക്സ് സിനിയാറ്റിക്ക്സിൽ ലൂക്കോസിന്റെ സുവിശേഷത്തിൽ (24:51) യേശു സ്വർഗ്ഗാരോഹണം ചെയ്തതായി എന്നു കാണുന്നില്ല[6]

സി.എസ്. സി. വില്ല്യംസ്, എന്ന ബൈബിൾ വിമർശകന്റെ അഭിപ്രായ പ്രകാരം, കോഡക്സ് സിനിയാറ്റിക്ക്സിൽ വിട്ടുപോയത് ശരിയാണെങ്കിൽ സ്വർഗ്ഗാരോഹണത്തെപ്പറ്റി മൂലകൃതിയിൽ മറ്റു യാതൊരു പരാമർശവുമില്ല.[7] യേശുവിന്റെ പുത്രത്വവും പിതാവിലേക്കുള്ള സ്വർഗ്ഗാരോഹണവും ഏറ്റവും ശക്തിയായി വാദിക്കുന്ന യഹോവ സാക്ഷികൾ പോലും മൂലകൃതിയിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത വെറും കൃതിപ്പാണ് മാർക്കോസ്, ലൂക്കോസ് സുവിശേഷങ്ങളിലെ ഈ വചനങ്ങളെന്ന് സമ്മതിക്കുന്നു.

### യേശുവിന്റെ ശരീരത്തിന് എന്തു സംഭവിച്ചു?

ഇന്നത്തെ ക്രിസ്ത്യാനികൾ അവതരിപ്പിക്കുന്ന ക്രൂശീകരണം, ആകാശാരോഹണം എന്നീ ഉപാഖ്യാനങ്ങളെ യുക്തിയുടേയും സാമാന്യ ബുദ്ധിയുടേയും അടിസ്ഥാനത്തിൽ സൂക്ഷ്മമായി പരിശോധിച്ചാൽ കൂടുതൽ നിരർത്ഥകമായ കാര്യങ്ങൾ അടങ്ങിയിരിക്കുന്നതായി കാണാം. യേശുവിന്റെ മനുഷ്യശരീരത്തിലേക്കുള്ള തിരിച്ചുവരവ് മാത്രം പരിശോധിച്ചാൽ ഇപ്പറഞ്ഞത് ശരിയാണെന്ന് കാണാം. യേശു അന്തിമമായി സ്വർഗ്ഗാരോഹണം നടത്തിയിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ശരീരത്തിന് എന്തു സംഭവിച്ചു എന്ന കാര്യമെടുത്താൽ മാത്രം മതി. ഇത് വ്യക്തമാവാൻ യേശുവിന്റെ ശരീരത്തിന് എന്ത് സംഭവിച്ചു എന്ന ചോദ്യത്തെ അഭിമുഖീകരിക്കുമ്പോൾ ചില ക്രിസ്ത്യാനികൾ പറയാറുള്ളത് ക്രിസ്തു തന്റെ സ്ഥൂല ശരീരം വിഘടിച്ചുകൊണ്ട് ഒരു പ്രകാശത്തോടെ അപ്രത്യക്ഷനാവുകയും സ്വർഗ്ഗസ്ഥനായ തന്റെ പിതാവിലേക്ക് കരേറുകയും ചെയ്തു എന്നാണ്. ഇത് മൗലികമായ ഒരു പ്രശ്നം ഉയർത്തുന്നു. തന്റെ സ്ഥൂല ശരീരത്തിൽ നിന്നുമുള്ള

ഒഴിഞ്ഞ് പോക്കിന്റെ ഫലമായി ഇത്ര വലിയ സ്ഫോടനം സംഭവിച്ചുവെങ്കിൽ എന്തുകൊണ്ട് ഈ പ്രതിഭാസം അദ്ദേഹത്തിന്റെ ആദ്യത്തെ മരണസമയത്ത് ഉണ്ടായില്ല? കുരിശിൽ തൂങ്ങികിടക്കുന്ന യേശുവിന്റെ മരണത്തെ പറ്റിയുള്ള ഒരേയൊരു പരാമർശം മത്തായിയുടെ വാക്കുകളിൽ കാണുന്നത് ഇപ്രകാരമാണ്. 'ഉറക്കെ നിലവിളിച്ചു പ്രാണനെ വിട്ടു' എന്ന്. ശരീരത്തിൽ നിന്നും സാധാരണ പോലെയുള്ള ആത്മാവിന്റെ വേർപെടലല്ലാതെ മറ്റൊന്നും സംഭവിച്ചില്ല എന്ന് ഇവിടെ വ്യക്തമാണ്. യേശുവിന്റെ ശരീരം ഒരു പ്രകാശ വിസ്ഫോടനത്തോടെ അപ്രത്യക്ഷമാകാത്തത് കാരണം അദ്ദേഹം കുരിശിൽ വെച്ച് മരിച്ചിട്ടില്ല എന്ന് നമുക്ക് ഊഹിക്കാമോ? എന്തുകൊണ്ട് യേശു തന്റെ ശരീരത്തിൽ നിന്നും രണ്ടാം തവണ മോചിതനായപ്പോൾ മാത്രം ഇങ്ങനെ സംഭവിച്ചു? ഈ സാഹചര്യത്തിൽ രണ്ടേ രണ്ട് വഴികളിലൂടെ മാത്രമേ നമുക്ക് മുന്നോട്ടു പോകാൻ സാധ്യമാവൂ.

1 യേശുവിന്റെ ആത്മാവ് ശരീരത്തിലേക്ക് തിരിച്ചുവന്നതിനുശേഷം യേശുവിന്റെ ആളത്വം അദ്ദേഹത്തിന്റെ ശരീരത്തിൽ ശാശ്വതമായി നിലനിന്നിട്ടില്ല. സ്വർഗ്ഗാരോഹണ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ശരീരം ഉപേക്ഷിക്കുകയും ശുദ്ധമായ ആത്മാവായികൊണ്ട് ദൈവത്തിലേക്ക് കരേറുകയും ചെയ്തു.

ഇത് വസ്തുതകൾക്ക് നിരക്കുന്നതോ ഗ്രഹിക്കാൻ സാധ്യമോ അല്ല. കാരണം യേശു രണ്ട് തവണ മരിച്ചു എന്ന മൂഢവിശ്വാസത്തിലേക്കാണ് അത് നമ്മെ നയിക്കുക. ആദ്യ തവണ കുരിശിലും രണ്ടാം തവണ സ്വർഗ്ഗാരോഹണവേളയിലും.

2. മനുഷ്യശരീരത്തിനുള്ളിൽ യേശു ശാശ്വതമായി നിലനിന്നു.

ദൈവത്തിന്റെ മഹത്വത്തിനും പ്രതാപത്തിനും അനുയോജ്യമല്ലാത്തതും അവനെ സംബന്ധിച്ച് അറപ്പുണ്ടാക്കുന്നതുമായ ഈ സങ്കല്പം ഒരിക്കലും അംഗീകരിക്കാൻ സാധ്യമല്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ സാമാന്യ ബുദ്ധിയുടേതായ വീക്ഷണകോൺ നമുക്കിതിൽ ആവശ്യമാണ്. അതായത് പുരാതന കാലത്തെ ബഹിരാകാശ യാത്രാ സങ്കല്പം പോലെ മനസ്സിലാക്കുന്നതിൽ പറ്റിയ ഒരു പ്രമാദമായിരിക്കണം യേശുവിന്റെ സ്വർഗ്ഗാരോഹണ കഥ. ആകാശം എന്നത് സൂര്യനും ചന്ദ്രനും ഗാലക്സിക്കും അകലെയുള്ള ഒരു സ്ഥലമാണ് പെടലല്ലാതെ എന്ന വസ്തുതയാണത്.[8] പിൽക്കാലത്ത് ക്രിസ്തുമതത്തിന്റെ രൂപീകരണ വേളയിൽ അഭിമുഖീകരിച്ചതും ഉത്തരം നൽകാൻ സാധിക്കാത്തതുമായ പ്രഹേളികകൾക്ക് പ്രതിവിധിയെന്നോണമായിരിക്കണം അത്തരം കെട്ടുകഥകൾ ആവിർഭവിക്കാൻ കാരണം. യേശു ദൃഷ്ടിയിൽ നിന്നും അപ്രത്യക്ഷനായപ്പോൾ സ്വാഭാവികമായും പിന്നിട് അദ്ദേഹത്തിന് എന്ത് സംഭവിച്ചു എന്ന ചോദ്യം ഉയർന്നുവന്നിട്ടുണ്ടായിരിക്കും. അദ്ദേഹത്തിന്റെ ശരീരം അവിടെ ഇല്ലാത്തതു കാരണം യേശു ഒരിക്കലും മരിച്ചിരുന്നില്ല എന്ന് പ്രചരിപ്പിച്ച് ഈ പ്രശ്നത്തിൽ നിന്നും തലയൂരാൻ ആദിമ ക്രിസ്ത്യാനികൾ ശ്രമിച്ചിരുന്നില്ല. വാസ്തവത്തിൽ ആ ശരീരം അദ്ദേഹത്തിന്റെ വിദേശ പര്യടന വേളയിൽ അദ്ദേഹത്തോടൊപ്പം നടന്നു നീങ്ങുകയാണ് ചെയ്തത്. ഇങ്ങനെ പറഞ്ഞ് ശരീരം അവിടെ കാണാനില്ല എന്ന പ്രശ്നം എളുപ്പത്തിൽ പരിഹരിക്കാമായിരുന്നു. പക്ഷേ ഈ കുറ്റസമ്മതം നടത്താൻ സാധ്യമല്ലായിരുന്നു. നീതി പീഠത്തിന്റെ ശിക്ഷയിൽ നിന്നും രക്ഷപ്പെട്ട ഒരു അപരാധി എന്ന നിലക്ക് റോമൻ നിയമം വീണ്ടും ശിക്ഷിക്കുമോ എന്ന ഭീതിയിൽ യേശു ജൂദിയായിൽ നിന്നും ക്രമേണ അകലങ്ങളിലേക്ക് സഞ്ചരിച്ചിരുന്നതായി ആദിമ ക്രിസ്ത്യാനികൾ തന്നെ ധൈര്യമായി സമ്മതിക്കുകയും ചെയ്തിരിട്ടുണ്ട്.

ആശയം എത്രതന്നെ വിചിത്രമായിരുന്നാലും യേശുവിന്റെ സ്വർഗ്ഗാരോഹണ കഥ ചോദ്യങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള സുരക്ഷിതമായ ഒരു പോം വഴിയായിരുന്നു എങ്കിലും തീർച്ചയായും അത് വാസ്തവ വിരുദ്ധമാണ്. ഇത്ര ഘോരമായ സാഹചര്യത്തിലും അസത്യ പ്രസ്താവനങ്ങളിൽ അഭയം തേടാതിരുന്ന യേശുവിന്റെ ശിഷ്യന്മാരുടെ സത്യസന്ധതക്ക് മുമ്പിലാണ് നാം നമ്മുടെ ആദരങ്ങൾ അർപ്പിക്കേണ്ടതാണ്. വ്യാജ പ്രസ്താവനകൾ നടത്തി പുകമറക്കുള്ളിൽ അഭയം തേടുന്നതിന് പകരം എല്ലാ സുവിശേഷകന്മാരും ഈ വിഷയത്തിൽ മൗനം പാലിക്കുകയാണ് ചെയ്തത്. ശത്രുക്കളുടെ തീഷ്ണമായ പരിഹാസവചനങ്ങൾ അവർ തീർച്ചയായും സഹിച്ചിട്ടുണ്ടാവും. പക്ഷേ അവർ മൗനം പാലിക്കുകയാണുണ്ടായത്.

യേശുവിന്റെ അപ്രത്യക്ഷമാകലിലെ ആന്തര രഹസ്യങ്ങളറിയുന്നവരുടെ ഭാഗത്ത് നിന്നുള്ള നിഗൂഢാത്മകമായ ഈ മൗനമാണ് പിൽക്കാല ക്രിസ്തീയ തലമുറയിൽ സംശയത്തിന്റെ വിത്ത് വിതക്കാൻ കാരണം. അവർ അത്ഭുതപ്പെട്ടു കാണണം. യേശുവിന്റെ ആത്മാവ് ശരീരത്തിൽ നിന്നും പിരിഞ്ഞതിനുശേഷം അദ്ദേഹത്തിന്റെ ശരീരം അവിടെ അവശേഷിച്ചിരുന്നു എന്നത് സംബന്ധിച്ച് യാതൊരു പ്രതിപാദനവുമുണ്ടായിരുന്നില്ലേ? യേശുവിന്റെ ആത്മാവ് വീണ്ടും തിരിച്ചുവന്നപ്പോൾ എന്തുകൊണ്ട് അത് അതേ ശരീരത്തിൽ തന്നെ വന്നു ചേർന്നു? ഇത് സുപ്രധാനമായതും ഉത്തരമില്ലാത്തതും മറ്റു നിരവധി ചോദ്യങ്ങൾ ഉയർത്തുന്നതുമാണ്. അതേ പൂർവ്വ ശരീരത്തിലേക്ക് തന്നെയുള്ള മടക്കമാണ് പുനരുത്ഥാനമെങ്കിൽ രണ്ടാമതും മനുഷ്യന്റെ സ്ഥൂല ശരീരത്തിൽ ബന്ധനസ്ഥനായപ്പോൾ യേശു ക്രിസ്തുവിന് എന്താണ് സംഭവിച്ചത്? അദ്ദേഹം ശാശ്വതനായി പ്രസ്തുത ശരീരത്തിൽ അകപ്പെട്ടുവോ? ഒരിക്കലും അതിൽ നിന്നും മോചനമില്ലേ? മരിച്ച യേശുവിന്റെ ആത്മാവ് ആ ശരീരത്തിൽ നിന്നും വീണ്ടും വേർപിരിയുകയാണെങ്കിൽ പുനരുത്ഥാനം ശാശ്വതമോ അതല്ല തൽക്കാലത്തേക്കുള്ളതോ? അദ്ദേഹം ശരീരത്തിൽ ബന്ധനസ്ഥനായിരുന്നിട്ടില്ലെങ്കിൽ അദ്ദേഹത്തിന്റെ രണ്ടാം മരണത്തിന്

ശേഷം ശരീരത്തിന് എന്ത് സംഭവിച്ചു? എവിടെയാണ് അത് അടക്കം ചെയ്തത്? ഏതെങ്കിലും പുരാവൃത്തങ്ങളിലോ പുരാരേഖകളിലോ അത് സംബന്ധിച്ച രേഖകളുണ്ടോ? ആദ്യകാലങ്ങളിൽ ഇത്തരത്തിലുള്ള ചോദ്യങ്ങൾ ഉയർന്നുവന്നില്ലെങ്കിലും യേശുവിന്റെ പ്രഹേളികയെ സംബന്ധിച്ചും അദ്ദേഹത്തെപറ്റിയുള്ള എല്ലാറ്റിനെക്കുറിച്ചുമുള്ള ചോദ്യങ്ങൾക്കും ക്രി സ്ത്യൻ വൈദികന്മാർ താത്വികമായ വിശദീകരണങ്ങളുമായി മൽപ്പിടുത്തം നടത്തിയതിന് പിൽക്കാല നൂറ്റാണ്ടുകൾ സാക്ഷ്യം വഹിച്ചതായി കാണുന്നു. ഈ ചോദ്യങ്ങളിൽ നിന്നും തലയുരാൻ യേശു ആകാശത്തേക്ക് സശരീരം ഉയർന്നുപോകുന്നത് കണ്ടുവെന്ന മാർക്കോസിന്റെ സുവിശേഷത്തിൽ അവസാനത്തെ പന്ത്രണ്ട് വചനങ്ങളായി തത്ത്വദീക്ഷയില്ലാത്ത ചില സുവിശേഷകാരന്മാർ എഴുതിച്ചേർത്തതായി കാണുന്നു. കൂട്ടിച്ചേർപ്പുകൾ ലൂക്കോസിന്റെ സുവിശേഷത്തേയും വെറുതെ വിട്ടില്ല. അതിൽ അവർ 'അവൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു' (ലൂക്ക് : 24:51) എന്ന ഭാഗം വളരെ തന്ത്രപൂർവ്വം എഴുതിച്ചേർത്തു. ഇപ്രകാരം യേശുവിനെ എല്ലാ ചോദ്യങ്ങളിൽ നിന്നും അതീതനാക്കി. ചുരുക്കത്തിൽ ക്രിസ്തുമത സിദ്ധാന്തത്തിലെ ഒരു പ്രഹേളിക ഇപ്രകാരം നിർദ്ധാരണം ചെയ്യപ്പെട്ടു. എന്നാൽ അഹോ പരിതാപകരം! എന്ത് വിലയാണ് അതിന് അവർ നൽകിയത്? യേശുവിന്റെ യഥാർത്ഥ ജീവിതത്തെ സംബന്ധിച്ച ഏറ്റവും പവിത്രമായ വസ്തുതകളെ ബലി കഴിച്ചുകൊണ്ടാണ് അവർ ഈ കൃത്യം നിർവഹിച്ചത്. കെട്ടുകഥകളുടെ ബലിവേദിയിൽ യേശുവിന്റെ സത്യങ്ങൾ ഹോമിക്കപ്പെട്ടു. അന്നു മുതൽ ക്രിസ്തുമതത്തിന്റെ സത്യത്തിൽ നിന്ന് കെട്ടുകഥകളിലേക്കുള്ള അപ്രതിരോധ്യവും അതിനിശിതവുമായ പരിണാമ മുന്നേറ്റം തുടർന്നുകൊണ്ടിരിക്കുന്നു. നമുക്ക് തീർച്ചയായും അറിയാം യേശുവിന്റെ ശരീരം കാണാത്തതിൽ യഹൂദികൾ അസന്തുഷ്ടരും അസ്വസ്ഥരുമായിരുന്നു. യേശു മരിച്ചു എന്നതിന് പൂർണമായ തെളിവ് അവർക്ക് ആവശ്യമായിരുന്നു. ഇതിനായി സർവ്വാംഗീകൃതമായ ഒരു തെളിവ് അവർക്ക് വേണ്ടതുണ്ട്.[9] അത് അദ്ദേഹത്തിന്റെ മൃതശരീരത്തിന്റെ സാന്നിദ്ധ്യമായിരുന്നു. പീലാത്തോസിനു മുമ്പിൽ യഹൂദികൾ സമർപ്പിച്ച പരാതിയിൽ യേശു അപ്രത്യക്ഷനാകും എന്ന ഭീതി അവർ പ്രകടിപ്പിച്ചുന്നു.[10]

ഏറ്റവും സത്യസന്ധവും ലളിതവുമായ ഉത്തരമിതാണ്. എങ്ങിനെയായിരുന്നാലും ഇന്ന് വ്യാപകമായി വിശ്വസിക്കപ്പെടുന്നതുപോലെ യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന സത്യമാണ് വസ്തുതകളിൽ നിന്നും നമുക്ക് മനസ്സിലാവുന്നത്. അതുകൊണ്ട് ശരീരം എവിടെപ്പോയി എന്ന ചോദ്യം തികച്ചും അപ്രസക്തമാണ്.

ഇസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്ക് ഞാൻ പോകും എന്ന യേശുവിന്റെ വാഗ്ദാനം പാലിക്കാൻ വേണ്ടി അദ്ദേഹം ജൂദിയ വിടേണ്ടതുണ്ട്. തീർച്ചയായും അദ്ദേഹം പിന്നീട് അവിടെ കാണപ്പെടാൻ സാധ്യമല്ല.

---

*1. വി. മത്തായി , മാർക്കോസ്, ലൂക്കോസ് എന്നീ മൂന്ന് സുവിശേഷങ്ങളെയാണ് സിനോപ്റ്റിക്ക് ഗോസ്പൽ അഥവാ സമാന സുവിശേഷങ്ങൾ എന്ന് വിളിക്കുന്നത്. യേശുവിന്റെ ജീവിതത്തിലെ സംഭവങ്ങൾ രേഖപ്പെടുത്തുന്നതിൽ ഈ മൂന്നു സുവിശേഷങ്ങൾ തമ്മിൽ വളരെ സാമ്യമുള്ളതുകൊണ്ടാണ് ഇങ്ങനെ വിളിക്കാൻ കാരണം. സിനോപ്സിസ് എന്ന ഗ്രീക്ക് നാമത്തിൽ നിന്നാണ് സിനോപ്റ്റിക്ക് എന്ന പദം നിഷ്പന്നമായത് Syn ഒരുമിച്ച് Opsis കാണൽ എന്നീ രണ്ട് ധാതുക്കളിൽ നിന്നാണ് Synopsis എന്ന പദം രൂപം കൊണ്ടത്. (വിവ.)*

*2. ഇങ്ങനെ കർത്താവായ യേശു അവരോടു അരുളിചെയ്തശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. ദൈവത്തിന്റെ വലത് ഭാഗത്ത് ഇരുന്നു. (ലൂക്കോസ് 16:19)*

*3. അവരെ അനുഗ്രഹിക്കയാൽ അവൻ അവരെ വിട്ടു പിരിഞ്ഞു. സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. (ലൂക്കോ 24:51)*

*4. കോഡക്സ് സിനിയാറ്റിക്ക്സ് പുസ്തക രൂപത്തിലുള്ള പ്രാചീന കൈയെഴുത്ത് പ്രതിക്കാണ് കോഡക്സ് എന്ന് പറയുന്നത്. കടലാസിന്റെ ആവിർഭാവത്തിന് മുമ്പ് മരത്തോലിൽ മെഴുകു പുരട്ടിയാണ് എഴുതാറ് അപ്രകാരം എഴുതിയ പ്രാചീന ബൈബിൾ ഗ്രീക്ക് മൂലകൃതിയാണ് കോഡക്സ് സിനിയാറ്റിക്ക്സ്. 1933 ൽ ഈ കൃതി റഷ്യൻ ഗവൺമെന്റിൽ നിന്നും ഒരു ലക്ഷം പൗണ്ടിനു വിലക്ക് വാങ്ങി ബ്രിട്ടീഷ് മ്യൂസിയത്തിലെ പ്രദർശന ശേഖരത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. (വിവ)*

*5. പേ 1024. The Holy Bible new International Version (1984) by International Bible Society.*

*6.ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ ആന്റ് സിലോൺ ബാംഗ്ലൂർ പ്രസിദ്ധീകരിച്ച (1963) ബൈബിളിൽ 'സ്വർഗ്ഗാരോഹണം ചെയ്തു' എന്ന ഭാഗം മൂലകൃതിയിൽ ഇല്ലാത്തത് കൊണ്ടായിരിക്കും ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത്. (വിവ:)*

*7. New World Translation*

*8. The Lion Handbook of Christian Belief, London (1982) P. 120.*

*9. മത്തായി 28:11-15*

*10. മത്തായി 27:62-64.*

## ഭൗതികവാദികളായ നിഷേധികൾ

കള്ളം നിറഞ്ഞതും ചുവടില്ലാത്തതും നിയാമകനില്ലാത്തതുമാകുന്ന ഈ ജഗത്ത് കാമവികാരം കൊണ്ടും സ്ത്രീപുരുഷൻമാർ ചേർന്നുണ്ടായവയാണ്. അതിലുള്ള പ്രാണികളെല്ലാം അല്ലാതെ എന്താണിവിടെയുള്ളത് എന്നാണ് അവരുടെ വാദം. ***ഭഗവത്ഗീത 16:8***

അവർ ഒരു വസ്തുവിൽ നിന്നുമല്ലാതെ സ്വയം സൃഷ്ടിക്കപ്പെട്ടവരാണോ? അല്ലെങ്കിൽ സൃഷ്ടികർത്താക്കൾ അവർ തന്നെയാണോ? അല്ലെങ്കിൽ അവർ ആ കാര്യങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചുവോ? അല്ല, അവർ ദൃഢവിശ്വാസം കൈകൊള്ളുന്നില്ലേ?

***വി. ഖുർആൻ 52:37, 38***

# നദികളെ കൂട്ടിയോജിപ്പിക്കുമ്പോൾ

ഇന്ത്യയിലെ നദികളെ കൂട്ടിയിണക്കാനുള്ള ഒരു പദ്ധതിയുമായി കേന്ദ്ര ഗവൺമെന്റ് മുന്നോട്ടു വന്നിരിക്കുന്നു. 5,60,000 കോടി രൂപ മുതൽ മുടക്കി 2015 ൽ പദ്ധതി പൂർത്തിയാവുമെന്നായിരുന്നു പറഞ്ഞിരുന്നത്. ഈ തീരുമാനത്തിനെതിരെ പൊതു താല്പര്യ ഹരജി ഫയൽ ചെയ്യപ്പെട്ടതിനെ തുടർന്ന് സുപ്രിം കോടതിയുടെ നിർദ്ദേശപ്രകാരം 2006 നകം വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ മുൻ ഊർജ്ജ മന്ത്രി സുരേഷ് പ്രഭു ചെയർമാനായിക്കൊണ്ട് ഒരു ടാസ്ക് ഫോഴ്സിനു കേന്ദ്ര സർക്കാർ രൂപം നൽകിയരിക്കുന്നു. ഇതിന്റെ പ്രാഥമിക ചിലവിലേക്ക് 450 കോടി രൂപയും കേന്ദ്രസർക്കാർ അനുവദിച്ചിരിക്കുന്നു. ഭരണഘടന പ്രകാരം ജല വിഷയങ്ങൾ സംസ്ഥാനത്തിന്റെതാണ്. ഇന്ത്യയിലെ സംസ്ഥാനങ്ങൾക്കുള്ള ഫെഡറൽ അധികാരങ്ങൾ ഈ നദീ സംയോജന പദ്ധതികൾക്ക് തടസ്സം നിൽക്കുമെന്ന് ഉറപ്പാണ്. നമ്മുടെ സംസ്ഥാനങ്ങൾ പലതും ജലം പങ്കിടുന്നതിൽ ഇപ്പോൾ തന്നെ കടുത്ത യുദ്ധത്തിലാണ്. ചിലപ്പോൾ ശത്രുരാജ്യങ്ങളെ പോലെ പെരുമാറുന്ന സംസ്ഥാനങ്ങൾ മറ്റൊരു സംസ്ഥാനത്തിന് ഗുണം വരുന്നത് അനുവദിക്കുമോ? ഇത് കേന്ദ്രസർക്കാറിന്റെ രാഷ്ട്രീയ താല്പര്യം ലക്ഷ്യം വെച്ചുകൊണ്ടുള്ള പരിപാടിയാണെന്ന് വ്യാപകമായ ആക്ഷേപമുണ്ട്.

ബംഗാൾ ഉൾക്കടലിലേക്കും അറബിക്കടലിലേക്കും ഒഴുകിപ്പോകുന്ന ജലം ഇന്ത്യയിലെ വരൾച്ച ബാധിത പ്രദേശങ്ങളിലേക്ക് തിരിച്ചുവിടുകയാണ് ഉദ്ദേശം. ഇതിന്നായി അധിക ജലമുള്ള നദികൾ കണ്ടെത്തി ജലം കുറഞ്ഞ നദികളിലേക്ക് ലിങ്ക് ചെയ്യാനാണ് പരിപാടി. ഹിമാലയത്തിൽ നിന്നും ഉത്ഭവിക്കുന്ന ഗംഗയും ബ്രഹ്മപുത്രയും പല സ്ഥലങ്ങളിൽ നിന്നും യോജിപ്പിക്കും. അതായത് യമുന രാജസ്ഥാനം വഴി ശാരദാ നദിയെ സബർമതിയോട് യോജിപ്പിക്കുക. മറ്റൊന്ന് ഗംഗയെ സുവർണ നദിയുമായി യോജിപ്പിച്ച് മഹാനദിയിലെത്തിക്കുക. അങ്ങിനെ ഉത്തർപ്രദേശ്, ഹരിയാന, പഞ്ചാബ്, രാജസ്ഥാൻ എന്നിവിടങ്ങളിലേക്കും തുടർന്ന് തെക്കോട്ടുള്ള നദികളിലേക്കും വെള്ളം കൈമാറും. തെക്കേ ഇന്ത്യയിൽ മഹാനദി ഗോദാവരി, കൃഷ്ണ, പൊന്നാർ, കാവേരി എന്നിവയെയാണ് കൂട്ടിച്ചേർക്കുന്നത്.

ഊഹാതീതമായ വൻതുക മുടക്കി നിർവ്വഹിക്കാൻ പോകുന്ന ഈ നദീ ജലം യോജന പദ്ധതി വരുത്തിവെക്കുന്ന ഗുരുതരമായ പാരിസ്ഥിതിക ആഘാതങ്ങളെ ചൂണ്ടിക്കാട്ടി ഈ രംഗത്തെ പണ്ഡിതന്മാർ ഇതിനെ നിശിതമായി വിമർശിക്കുന്നു.

2003 മാർച്ച് 31 ന് ടാസ്ക് ഫോഴ്സ് ചെയർമാൻ തന്നെ നെഹ്റു യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ ഇത് സംബന്ധിച്ച് ഒരു ദേശീയ ശില്പശാല വിളിച്ചു ചേർത്തു. അതിൽ പങ്കെടുത്തവരെല്ലാം പദ്ധതിയെ എതിർക്കുകയാണുണ്ടായത്. സുപ്രസിദ്ധ സാമൂഹ്യ സാമ്പത്തിക ശാസ്ത്രജ്ഞൻ എൻ. സി ജെയ്ൻ ഈ പദ്ധതിയെ സഹസ്രാബ്ദ വിഡ്ഢിത്തം എന്നാണ് ഈ യോഗത്തിൽ വെച്ച് വിശേഷിപ്പിച്ചത്.

നദികൾ പ്രകൃതിയുടെ സൃഷ്ടികളാണ് ഉയർന്ന പ്രദേശത്ത് നിന്നും ഭൂഗുരുത്വാകർഷണത്തിന്റെ ഫലമായി ഉണ്ടാവുന്ന സ്വാഭാവിക ഗതിയാണ് നദികളുടെ പാത നിശ്ചയിക്കുന്നത്. മനുഷ്യവർഗ്ഗം ജനിക്കുന്നതിന് മുമ്പേ ഇവിടെ നദികൾക്ക് നിശ്ചിത പാതകളുണ്ട്. ആവാസ വ്യവസ്ഥയുടെ അവിഭാജ്യ ഘടകമാണ് നദികളും അതിന്റെ ഗതിയും പാതയും. ഇത് ദൈവ നിശ്ചയങ്ങളാണ് അഥവാ അനുഗ്രഹപൂർണമായ പ്രകൃതി നിയമമാണ്. അല്ലാഹു ഖുർആനിൽ പറയുന്നു. "ഭൂമിയെ വാസ സ്ഥലമാക്കുകയും അതിന്റെ വിടവുകളിൽ നദികളാക്കുകയും അതിന്നായി ഉറച്ച മലകളെ സ്ഥാപിക്കുകയും രണ്ടു സമുദ്രങ്ങൾക്കിടയിൽ ഒരു തടസ്സമുണ്ടാക്കുകയും ചെയ്തതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റുവല്ല ദൈവവുമുണ്ടോ?" (27:62). മനുഷ്യന്റെ പങ്കില്ലാതെ സൃഷ്ടിച്ചു സംവിധാനം ചെയ്ത പ്രകൃതിയുടെ പ്രജനന ക്ഷമതയിൽ നിന്നാണ് മനുഷ്യൻ പോലും ഉണ്ടാകുന്നതെന്ന് നാം ഓർക്കണം. ഇന്ത്യയുടെ മുൻ ഇറിഗേഷൻ സെക്രട്ടറിയായിരുന്ന ആർ. രാമസ്വാമി പറയുന്നത് കേൾക്കുക : 'നദികൾ മനുഷ്യന്റെ കൈവിരുത് കൊണ്ടുള്ള സൃഷ്ടിയല്ല. അവ മുറിക്കാനും വളക്കാനും വെൽഡ് ചെയ്ത് പുന: സംയോജനം ചെയ്യാനും പറ്റിയ പൈപ്പ് ലൈനല്ല."

നദികളുടെ ജലം സമുദ്രത്തിലൊഴുകി പാഴായി പോകുന്നു എന്ന് സാധാരണ പറയാറുണ്ട്. ഈ സങ്കല്പം ശരിയല്ല. പ്രകൃതിയിൽ സജീവമായ ജല ചക്രത്തിന്റെ ഭാഗമാണ് നദികളുടെ സമുദ്രസംഗമം. പർവ്വതങ്ങളിലൂടെയും താഴ്വരകളിലൂടെയും ഒഴുകി, അലിയിക്കാനുള്ളതെല്ലാം തന്നിലലിയിച്ച് ജൈവ സമ്പന്നമായി കടലിൽ

പതിക്കുന്ന നദികൾ എണ്ണമറ്റ കടൽ ജീവികളുടെ ഭക്ഷണ സ്രോതസ്സാണ്.

ഹിമാലയത്തിൽ നിന്ന് ഉത്ഭവിക്കുന്ന നദികളൊഴികെ മറ്റു നദികളെല്ലാം തെക്ക് പടിഞ്ഞാറൻ മൺസൂണിനെ ആശ്രയിച്ചാണുള്ളത്. മെയ്, ജൂൺ, നവംബർ മാസങ്ങളിൽ വരെയാണ് ഈ നദികളിൽ നീരൊഴുക്ക് ശക്തിപ്പെടുക . മൺസൂൺ മഴയെ ആശ്രയിച്ചു കൊണ്ടുള്ള കൃഷിയും കൃഷി രീതികളുമാണ് നാം വികസിപ്പിക്കേണ്ടത്. വരൾച്ച പ്രദേശം എന്ന് പറയുന്നത് കാലവർഷത്തിന്റെ ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെടുന്നതും ജലം പിടിച്ചു നിർത്തുന്നതിൽ ശേഷിക്കുറവുള്ളതുമായ വരണ്ട ഭൂമിയെയാണ്. ഭൂപ്രകൃതിപരമായി തന്നെ ഇത്തരം പ്രദേശം വരണ്ടതാണ്. മഴ ലഭിക്കുമ്പോൾ ചെയ്യാൻ പറ്റുന്ന കൃഷിയെയാണ് ഈ പ്രദേശങ്ങളിൽ യോജിച്ചതെന്ന് വിദഗ്ധർ പറയുന്നു. കൃത്രിമമായി നദികൾ തിരിച്ചുവിട്ടാൽ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാവുമെന്ന് മാത്രമല്ല ഉദ്ദേശിച്ച ഫലവും ലഭിക്കില്ല.

ഡെക്കാൻ പീഠഭൂമി, രാജസ്ഥാൻ, ഗുജറാത്ത്, ഹരിയാന എന്നീ പ്രദേശങ്ങളിലെ ഭൂമി അതിൽപ്പെടുന്ന രാജസ്ഥാൻ മരുഭൂമിയിലേക്ക് ഇന്ദിരാകനാൽ വഴി ശുദ്ധജലം കൊണ്ടുവന്നതിന്റെ പ്രത്യാഘാതം വളരെ പ്രകടമാണ്. പാരിസ്ഥിതിക ബോധത്തോടെയുള്ള ആധുനിക വികസന സങ്കല്പത്തിൽ സുസ്ഥിര വികസനം (Sustainable development) എന്നത് ആവാസ വ്യവസ്ഥയിൽ ഘടനാ പരമായ മാറ്റങ്ങൾ വരുത്താത്തതും സ്ഥിരമായി നേട്ടം ലഭിക്കുന്നതുമായ വികസനമാണ്. കുറ്റമറ്റ രീതിയിൽ സൃഷ്ടിക്കപ്പെട്ട പ്രകൃതിയുടെ ഘടനക്കുള്ളിൽ നിന്ന്കൊണ്ട് നാം കൃഷിയും വികസനവും നിർവ്വഹിക്കണം - ഖുർആൻ പറയുന്നു :

"തന്റെ അനുഗ്രഹത്തിന് മുമ്പായി കാറ്റുകളെ സുവിശേഷമറിയിച്ചു കൊണ്ട് അയക്കുന്നവൻ അവൻ (അല്ലാഹു) തന്നെയാണ്. മേഘത്തിൽ നിന്ന് നാം ശുദ്ധജലം ഇറക്കുകയും ചെയ്തിരിക്കുന്നു. നിർജീവമായി കിടക്കുന്ന നാടിനെ അതുകൊണ്ട് നാം ജീവിപ്പിക്കുവാനും നാം സൃഷ്ടിച്ച കന്നുകാലികൾക്കും നിരവധി മനുഷ്യർക്കും അത് കുടിപ്പിക്കുവാനും വേണ്ടി" (25:49, 50) നദികൾ പ്രകൃതിയുടെ അമൂല്യ സമ്പത്താണ്. ലക്ഷക്കണക്കിന് വർഷങ്ങളായി നദികൾ അനുസ്യൂതം ഒഴുകുന്നു. ഇനിയും ആയിരക്കണക്കിന് തലമുറകൾക്ക് ജലം പകർന്ന് സേവിക്കാനുള്ള തയ്യാറെടുപ്പോടെ നദികൾ ശാന്തമായൊഴുകുകയാണ്. നദികൾ ഒരു ഭരണകൂടത്തിന്റേയോ ഒരു തലമുറയുടേയോ സ്വന്തമല്ല. അത് മനുഷ്യവംശത്തിന്റെ പൊതു സ്വത്താണ്. ഈജിപ്തിലെ ക്രൂരനായ ഏകാധിപതി ഫിർഔൻ ഒഴുകുന്ന നദികൾ തന്റേതാണെന്ന് പറഞ്ഞത് ഖുർആൻ ഉദ്ധരിക്കുന്നു. "എന്റെ ജനമേ ഈജിപ്തിന്റെ ആധിപത്യം എന്റേതല്ലേ? ഈ നദികളൊഴുക്കുന്നത് എന്റെ അധീനത്തിലായിട്ടല്ലേ? (43:52)

എന്തുകൊണ്ടാണ് നദികൾ വറ്റിവരളുന്നതെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. മഴവെള്ളം പർവ്വതങ്ങളുടെ ഗർഭഗൃഹങ്ങളിലും വനമേഖലയിലുമാണ് ശേഖരിക്കപ്പെടുന്നത്. അവിടെ നിന്നുമാണ് നദികൾ ഉത്ഭവിക്കുന്നത്. കാടുകൾ വെട്ടിതെളിയിക്കുന്നതാണ് നദികൾ വറ്റിവരണ്ടുപോകാനുള്ള മുഖ്യ കാരണം. കാടുകളിലെ ജൈവമണ്ണ് സ്പോഞ്ച് പോലെ പ്രവർത്തിച്ചും ഇല ചാർത്ത് സൂര്യപ്രകാശത്തെ തടഞ്ഞ് ബാഷ്പീകരണം കുറച്ചും ജലശേഖരങ്ങളിൽ വെള്ളം പിടിച്ചു നിർത്തുന്നു. ജനങ്ങൾ നിർബാധം വനങ്ങൾ നശിപ്പിച്ച് നദികൾ വറ്റി വരണ്ടതിൽ പരിഭവിച്ചിട്ട് കാര്യമില്ല. പ്രകൃതിയിൽ ഒരു സന്തുലിതത്വം ഉണ്ട് എന്നും ആ സന്തുലനം തെറ്റിക്കരുതെന്നും അല്ലാഹു ഖുർആനിൽ പറയുന്നു.: 'ആകാശത്തെ അവൻ ഉയർത്തുകയും ഒരു സന്തുലനം സ്ഥാപിക്കുകയും ചെയ്തു. നിങ്ങൾ ആ തുലമാനത്തിൽ അതിക്രമം പ്രവർത്തിക്കരുത്. (55: 8,9) പണ്ട് സോവിയറ്റ് യൂനിയനിൽ അരാൾ സമുദ്രം വറ്റി വരണ്ടത് ഒരു നദികടലിൽ ചേരുന്നത് തടഞ്ഞതിന്റെ ഫലമായാണ്. അമേരിക്കയിൽ കോളറഡോ നദി കടലിൽ എത്തുന്നില്ല. നൈൽ നദിയുടെ പത്ത് ശതമാനം വെള്ളം മാത്രമാണ് കടലിൽ പതിക്കുന്നത്. ഇതിന്റെയെല്ലാം പരിസ്ഥിതി പ്രത്യാഘാതം പ്രകൃതിയിൽ അനുഭവപ്പെട്ടു വരികയാണെന്ന് ശാസ്ത്രജ്ഞന്മാർ തന്നെ സമ്മതിക്കുന്നു. ഖുർആൻ പറയുന്നു. ''മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. അവർ മടങ്ങുന്നതിനുവേണ്ടി" (8:42)

●

**അനുസ്മരണം**

## സുബൈദാബീവി സാഹിബ

കരുനാഗപ്പള്ളി ജമാഅത്തിലെ ആദ്യകാല അംഗവും ജമാഅത്തിലെ സിയാഫത്ത് സെക്രട്ടറിയുമായ ഇബ്രാഹിം കുട്ടി സാഹിബിന്റെ ഭാര്യസുബൈദാബീവി സാഹിബ (62) 30-04-2003 വെളുപ്പിനു നിര്യാതയായി (ഇന്നാലില്ലാഹി വഇന്നാ.....) കരുനാഗപ്പള്ളി ജമാഅത്തിലെ ഇടക്കുളങ്ങര കുറ്റിഅയ്യത്ത് പരേതനായ മുഹമ്മദ് കുഞ്ഞ് സാഹിബിന്റെ മകളാണ് പരേത. മക്കൾ: നാസർ അഹ്മദ് (ദുബൈ) റസിയ സലീം , നദീർ അഹ്മദ്, നദീറ നിസാർ, നിസാർ അഹ്മദ്, നിയാസ് അഹ്മദ്, സിയാദ് അഹ്മദ്, അനസ് അഹ്മദ് , നിസ സെയ്ദ് മരുമക്കൾ: പി. എം. സലീം, നിസാർ അഹ്മദ് (അബുദാബി), സെയ്ദ് അലി (കളീക്കാവിള), സബീന നാസർ, സൈറ നദീർ, ലെദീദാ നിസാർ (അദ്ധ്യാപിക) അല്ലാഹു പരേതക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. (ആമീൻ) ***എ. ഇബ്രാഹിം കുട്ടി***